# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 8 | ആഗസ്റ്റ് 1–31 | പേജ് 8

## സഭാ ഭരണഘടന അടിമുടി പരിഷ്ക്കരിക്കണം

**തോമസ്സ് ചാണ്ടി** (ജനറൽ സെക്രട്ടറി,
അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി)

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന കാൽവെയ്പ്പ് ആയിരുന്നു 1934 ലെ ഭരണഘടന. എഴുപതിലേറെ വർഷംമുമ്പ് പാസാക്കിയ ഭരണഘടനയിൽ ഒന്നോ രണ്ടോ പ്രാവശ്യം റൂൾസ്കമ്മറ്റി അസോസിയേഷൻ മുഖേനയും, ഒരു തവണ സുപ്രീംകോടതി വഴിയും ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ സമഗ്രമായ ഒരു ഭരണഘടനാ പരിഷ്ക്കരണത്തിന് അടിയന്തിര പ്രാധാന്യമുണ്ട്. ഭരണഘടനയുടെ 127–ാം വകുപ്പ് പ്രകാരം റൂൾസ് കമ്മറ്റിയ്ക്ക് ഭേദഗതികൾ കൊണ്ടുവന്നു നടപ്പാക്കുകയും അസ്സോസിയേഷന്റെ മറിച്ചുള്ള ഒരു തീരുമാനം ഉണ്ടാകുംവരെ അത് നിലനിർത്തുകയും ചെയ്യുന്നതിനുള്ള അധികാരമുണ്ട്. ഈ അധികാരം വിനിയോഗിച്ചുകൊണ്ട് നടപ്പാക്കേണ്ടുന്ന ചില ഭേദഗതികളെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

### അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധം

ഈ ബന്ധം ഭരണഘടനയുടെ 1, 114 എന്നീ വകുപ്പുകൾ പ്രകാരമാണ്. ചരിത്രപരമായ ചില കാരണങ്ങളാലും ചില വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിലും ഈ വകുപ്പുകൾ വേദസത്യമായി പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ഭരണഘടനയിലെ മറ്റേതൊരു വകുപ്പും പോലെ ഇതും ഭരണഘടന നിഷ്കർഷിക്കുന്ന വിധത്തിൽ ഭേദഗതി ചെയ്യാവുന്നതേയുള്ളൂ. താഴെപ്പറയുന്ന രണ്ട് വഴികൾ സഭയുടെ മുന്നിലുണ്ട്.

a) ഈ വകുപ്പുകൾ പൂർണ്ണമായി നീക്കം ചെയ്യുക.

b) 114–ാം വകുപ്പ് പ്രകാരം "മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ" എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇതിൽ നിന്ന് പാത്രിയർക്കീസിന് അധികാരം സിദ്ധിക്കുന്നത് മലങ്കരസഭയാൽ സ്വീകരിക്കപ്പെടുന്നതിനാലാണെന്ന് വരുന്നു. അപ്രകാരം സ്വീകരിക്കപ്പെടുന്നതിന് ചില വ്യവസ്ഥകൾ കൊണ്ടുവരേണ്ടതാണ്. ഈ ഭരണഘടന സ്വീകരിക്കുന്നതായും അതുപ്രകാരം പ്രവർത്തിച്ചുകൊള്ളാമെന്നും പാത്രിയർക്കീസ് മലങ്കരസഭാ അസ്സോസിയേഷൻ, മാനേജിംഗ് കമ്മറ്റി, എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നിവയ്ക്ക് രേഖാമൂലം ഉറപ്പ് നൽകേണ്ടതാണ്. വിശ്വാസപരമായ കാര്യങ്ങളിൽ (ഉദാഹരണം മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തലത്വം) യോജിപ്പുണ്ടോ എന്ന് സുന്നഹദോസ് പരിശോധിച്ചു ബോധ്യപ്പെടേണ്ടതും അതു സംബന്ധമായ കാര്യങ്ങൾ രേഖാമൂലമായിരിക്കേണ്ടതുമാണ്. ഇതിനുശേഷം മാത്രം പാത്രിയർക്കീസിനെ അംഗീകരിക്കണമോ എന്ന് അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി, സുന്നഹദോസ് എന്നിവ തീരുമാനമെടുക്കേണ്ടതുമാണ്.

### കാതോലിക്കാ സ്ഥാനത്തിന്റെ പിന്തുടർച്ച, അടിയന്തിര സാഹചര്യങ്ങളിലെ നടപടികൾ മുതലായവ

'നിയുക്ത കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയും' എന്ന സ്ഥാനത്തിന് ഭരണഘടനാപരമായ നിർവചനം നൽകണം. പ്രസ്തുത സ്ഥാനികളുടെ ചുമതലകളും അധികാരങ്ങളും പരിധിയും വ്യക്തമാക്കണം. അതോടൊപ്പം കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനിക്ക് പ്രവർത്തനപരമായി തടസ്സം ഏർപ്പെട്ടാൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു താല്ക്കാലിക സംവിധാനം ഏർപ്പെടുത്തണം (ഉദാഹരണം: കോടതിനിരോധനം, പെട്ടെന്നുണ്ടായേക്കാവുന്ന ഗൗരവതരമായ രോഗം). അത്തരം ഘട്ടങ്ങളിൽ സുന്നഹദോസ് സെക്രട്ടറിക്ക് അടിയന്തരമായി സുന്നഹദോസ് വിളിച്ചുകൂട്ടുവാനും സുന്നഹദോസിൽ മൂന്നിൽരണ്ട് അംഗങ്ങളുടെ അംഗീകാരത്തോടെ മൂന്നംഗങ്ങളുള്ള ഒരു മെട്രോപ്പോലീറ്റൻ കൗൺസിൽ മലങ്കര മെത്രാപ്പോലീത്തായുടെ ദൈനംദിന ഭരണച്ചുമതലകൾ നടത്തുവാനുള്ള വകുപ്പുകൾ ഭരണഘടനയിലുണ്ടാകണം. സുന്നഹദോസ് സെക്രട്ടറിക്ക് അപ്രകാരം പ്രവർത്തിക്കുവാൻ സാധ്യമല്ലാതെ വന്നാൽ, വർക്കിംഗ് കമ്മറ്റിക്ക് ഈ മെത്രാപ്പോലീത്തൻ കൗൺസിൽ രൂപീകരിക്കുവാനുള്ള അധികാരമുണ്ടാകണം. ഇപ്രകാരമുള്ള മൂന്ന് നാല് ബദൽ ക്രമീകരണങ്ങൾ ഭരണഘടനയിൽ ഉണ്ടാകണം. ഇന്ത്യൻ പ്രസിഡണ്ടിന്റെ അഭാവത്തിൽ ഭരണം സുഗമമായി പോകുവാൻ ഏഴ് ബദൽ സംവിധാനങ്ങളുണ്ടെന്ന് ഓർക്കുക.

### എല്ലാ സ്ഥാനികൾക്കും ഉയർന്ന പ്രായപരിധി ഭരണഘടനയിൽ നിഷ്കർഷിക്കണം

മെത്രാപ്പോലീത്താമാരുടെ റിട്ടയർമെന്റ് മാനേജിംഗ് കമ്മറ്റിയും സുന്നഹദോസും തത്വത്തിൽ അംഗീകരിച്ചത് ഭരണഘടനാപരമാക്കണം. അതോടൊപ്പം നിയുക്ത കാതോലിക്കാ, അൽമായ വൈദിക ട്രസ്റ്റിമാർ, അസ്സോസിയേഷൻ സെക്രട്ടറി, വിവിധ സ്ഥാപനങ്ങളുടെ തലവന്മാർ, വൈദികസെമിനാരി പ്രിൻസിപ്പൽ, മൽപ്പാന്മാർ എന്നിവർക്കെല്ലാം ഉയർന്ന പ്രായപരിധി ഭരണഘടനാപരമാക്കണം.

### സഭാ കോടതികൾ സ്ഥാപിക്കുവാൻ ഭരണഘടനാപരമായ വ്യവസ്ഥകളുണ്ടാകണം

ഇടവകതലം മുതൽ സഭാകേന്ദ്രം വരെയുള്ള തലങ്ങളിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾ പരിഹരിക്കുവാൻ വ്യക്തമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഭരണഘടനാപരമായ സാധുതയുള്ള സഭാകോടതികളുണ്ടാവണം. ഇടവകതലത്തിലെ തർക്കങ്ങൾ ഭദ്രാസന കോടതികളും അതിനു മുകളിലുള്ള തലങ്ങളിലേത് സഭാകേന്ദ്രത്തിലെ കോടതികളും തീരുമാനിക്കുന്ന സംവിധാനമുണ്ടായിരിക്കണം. മെത്രാപ്പോലീത്താമാരും കാതോലിക്കാബാവായും തനിച്ചു തീരുമാനം എടുക്കുമ്പോഴുണ്ടാകുന്ന വ്യക്തിപരമായ ചായ്‌വുകളും ഇഷ്ടാനിഷ്ടങ്ങളുമെല്ലാം ചേർന്നു സൃഷ്ടിക്കുന്ന തർക്കങ്ങൾ കോടതി വ്യവഹാരങ്ങളിലെത്തുന്നത് ഒരു വലിയ പരിധി വരെ ഒഴിവാക്കുവാൻ ഇപ്രകാരമുള്ള കോടതികൾ മൂലം സാധിക്കും. എറണാകുളം സെന്റ് മേരീസ് പള്ളിയുടെ ഒരു ചാപ്പൽ സ്വതന്ത്ര ഇടവകയായി ഇടവക മെത്രാപ്പോലീത്താ പ്രഖ്യാപിച്ചതിനെ തുടർന്ന് 18 കേസുകൾ വിവിധ കോടതികളിലായി നടക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ സഭയുടേതായ അഭ്യന്തര നീതിനിർവ്വഹണ സംവിധാനത്തിലൂടെ പരിഹരിക്കുവാൻ സാധിക്കും. നിഷ്പക്ഷനും സഭാനിയമങ്ങളിലും ചരിത്രത്തിലുമെല്ലാം നിപുണതയുള്ള ഒരു നിയമജ്ഞനും കാനോൻനിയമങ്ങളിൽ പാണ്ഡിത്യമുള്ള, പൊതു സ്വീകാര്യതയുള്ള വൈദികനും ജഡ്ജിമാരും മൂന്നംഗ ജൂറിയുമൊക്കെയുള്ള പൊതു സ്വീകാര്യതയുള്ള ഒരു കോടതി സംവിധാനം വ്യക്തമായ നിയമങ്ങളുടേയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാനുള്ള ഭരണഘടനാപരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം.

### സാമ്പത്തിക സുതാര്യതയ്ക്കുള്ള വ്യവസ്ഥകൾ ഭരണഘടനയിലുണ്ടാവണം

ഇടവക - ഭദ്രാസന - കേന്ദ്ര തലങ്ങളിലും വിവിധ പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക കാര്യങ്ങൾ സുതാര്യമായും ക്രമപ്രകാരവും കൈകാര്യം ചെയ്യുവാനുള്ള വ്യവസ്ഥകൾ ഇന്ന് ഭരണഘടനയിൽ ഇല്ല. കേന്ദ്രീകൃതവും സ്വതന്ത്രവുമായ ഓഡിറ്റിംഗ് സമ്പ്രദായത്തിനും ഭദ്രാസനത്തിന്റേയും സഭയുടെയും ഫണ്ടുകൾ

*(ശേഷം 2–ാം പേജിൽ)*

## ദിദിമോസ് ബാവായ്ക്കു സ്വീകരണം

കോട്ടയം: മെത്രാപ്പോലീത്താ പദവിയിൽ 40 വർഷം പൂർത്തിയാക്കിയ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് കാതോലിക്കാ ബാവായ്ക്ക് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആശംസകളർപ്പിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ലളിതമായ ചടങ്ങിൽ അൽമായവേദി പ്രസിഡന്റ് കെ. വി. ഏബ്രഹാം കൊടുവത്ത് ബാവായ്ക്ക് ബൊക്കെ സമ്മാനിച്ചു.

ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, വൈസ് പ്രസിഡന്റ് ക്യാപ്റ്റൻ കോശി മത്തായി, സെക്രട്ടറി പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, കെ. പി. കുര്യാക്കോസ് പുതുപ്പള്ളി, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ പ്രസംഗിച്ചു. പ. ബാവാ തിരുമേനി കേക്ക് മുറിക്കുകയും ആഘോഷങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

അൽമായ ട്രസ്റ്റി പി. സി. ഏബ്രഹാം, ഫാ. കെ. വി. ഗീവർഗീസ്, ഫാ. കെ. കെ. സഖറിയ എന്നിവരും ചടങ്ങുകളിൽ സംബന്ധിച്ചു.

## സഭാട്രസ്റ്റി പി. സി. ഏബ്രഹാമിന്റെ സഭയോടുള്ള കൂറിലും വിശ്വസ്തതയിലും ആൽമായവേദി സംശയം പ്രകടിപ്പിച്ചു

കോട്ടയം: മെത്രാപ്പോലീത്താ സ്ഥാനമേറ്റിട്ട് 40 വർഷം തികഞ്ഞ പ. ദിദിമോസ് കാതോലിക്കാബാവായെ അനുമോദിക്കുവാൻ അൽമായവേദി സംഘടിപ്പിച്ച ചടങ്ങിൽ അവിചാരിതമായി സഭാട്രസ്റ്റി പി. സി. ഏബ്രഹാമും സംബന്ധിച്ചിരുന്നു. അനുമോദന സമ്മേളനത്തെ തുടർന്ന് സഭയുടെ ഇപ്പോഴത്തെ പ്രതിസന്ധിയെക്കുറിച്ച് ബാവാതിരുമേനിയുമായി അൽമായവേദി പ്രവർത്തകർ വിശദമായി ചർച്ച ചെയ്യുകയും ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

സഭാ നേതൃത്വത്തിലിരിക്കുന്ന ചില വ്യക്തികളുടെ സഭയോടുള്ള കൂറിലും വിശ്വസ്തതയിലും അൽമായവേദിയ്ക്ക് സംശയമുണ്ടെന്ന് പി. സി. ഏബ്രഹാമിന്റെ പേരുകൂടി പരാമർശിച്ച് അൽമായവേദി പ്രവർത്തകർ ചൂണ്ടിക്കാട്ടി. സഭയ്ക്ക് വേണ്ടി കേസ് നടത്തിക്കൊണ്ടിരുന്ന മുൻ അഭിഭാഷകർ പല രേഖകളും വിഘടിത വിഭാഗത്തിന് കൈമാറിയിട്ടുള്ളതായും ഇപ്പോഴത്തെ കേസിനു പുറകിൽ തന്നെ സഭാംഗങ്ങളായ പലരുമുണ്ടെന്ന വസ്തുതയും അൽമായവേദി പ്രവർത്തകർ തുറന്നുപറഞ്ഞു. ചർച്ചയിൽ പി. സി. ഏബ്രഹാമിന്റെ പേര് പരാമർശിച്ചെങ്കിലും അദ്ദേഹത്തെ സംരക്ഷിച്ച് എന്തെങ്കിലും പറയാൻ പ. ബാവാ തയ്യാറായില്ല.

ഇപ്പോഴത്തെ കേസിനു പുറകിൽ സമീപകാലത്ത് നടപടികൾക്ക് വിധേയനായ ഒരു വൈദികൻ ഉണ്ടെന്ന് സഭാനേതൃത്വം സംശയിക്കുന്നു. പുരോഹിതനായ ശേഷം വിവാഹം കഴിക്കുകയും, ഭാര്യയെ ക്രൂരമായി മർദ്ദിക്കുന്നതിന്റെ പേരിൽ അവർ കോടതി വഴി വിവാഹമോചനം നേടുകയും, നൂറു കണക്കിന് ആൾക്കാരെ റിയൽ എസ്റ്റേറ്റ് ബിസിനസ്സിന്റെ പേരിൽ വഞ്ചിക്കുകയും ചെയ്ത ആളാണീ വൈദികനെന്ന് അവർ അറിയിച്ചു. അൽമായവേദി ഈ വിവരം നേരത്തെ മനസ്സിലാക്കിയിരുന്നതും, ഈ വൈദികനെതിരെ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതായും പ്രവർത്തകർ ചൂണ്ടിക്കാട്ടി.

## പുനഃസംഘടിപ്പിച്ചു

കോട്ടയം: സഭയുടെ ലീഗൽ സെൽ പുനഃസംഘടിപ്പിച്ചു. നിലവിലുള്ള അംഗങ്ങളായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തോസ്, അഡ്വ. പി. ജി. ജേക്കബ് എന്നിവർക്കു പുറമേ പൗലോസ് മാർ മിലിത്തിയോസ്, ഫാ ഡോ. ഒ. തോമസ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ജോൺ സഖറിയ എന്നിവരെക്കൂടി ഉൾപ്പെടുത്തിയാണ് പുനഃസംഘടിപ്പിച്ചത്.

## ദേവലോകം വീണ്ടും ഉപജാപക സംഘത്തിന്റെ പിടിയിൽ?

**- നിരീക്ഷകൻ -**

ആലുവാ തൃക്കുന്നത്തു സെമിനാരിയിലെ മാനേജരെ മാറ്റിനിയമിച്ച നടപടിയിൽ പഴയ ഉപജാപകസംഘത്തിന്റെ - ജൂബാച്ചായന്മാരുടെ (ജൂബ + അച്ചായൻ = ജൂബാച്ചായൻ) - കരങ്ങൾ വ്യക്തമായിരിക്കുന്നു. പ. ദിദിമോസ് ബാവായുടെ സ്ഥാനാരോഹണത്തോടെ പുറത്തായിരുന്ന ഉപജാപകസംഘം നാനാപ്രകാരത്തിലും പ. പിതാവിനെ സമ്മർദ്ദത്തിലാക്കുവാൻ നടത്തിയ ശ്രമങ്ങളെക്കുറിച്ച് അൽമായവേദി നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നുവല്ലോ. കേസുകളുടെ പിമ്പിൽ ഈ സംഘവും അച്ചടക്കനടപടിക്കു വിധേയനായ ഒരു വൈദികനും ബാവായെ അട്ടിമറിയിലൂടെ പുറത്താക്കി സിംഹാസനാരൂഢനാകുവാൻ ഏറ്റം വൃത്തിഹീനമായ കളികളിക്കുന്ന ഒരു സീനിയർ മെത്രാപ്പോലീത്തായും ഒക്കെയാണെന്ന് പകൽ പോലെ വ്യക്തമായിട്ടും സഭാനേതൃത്വം വേണ്ടത്ര കരുതൽ എടുക്കുന്നില്ല എന്നത് സഭാസ്നേഹികളെ ദുഃഖിപ്പിക്കുന്നു.

ഈ വൃന്ദം തീർത്ത പഞ്ചാഗ്നിക്കു നടുവിലും ധീരമായി നിന്ന് സഭയുടെ ഉത്തമ താല്പര്യങ്ങൾക്കു വേണ്ടി ഒരു പുതിയ നേതൃനിരയെ വാർത്തെടുത്ത് സഭയെ ശുദ്ധീകരിക്കാൻ ധീരമായി പടവെട്ടിക്കൊണ്ടിരുന്ന പ. പിതാവിനെ കെണിയിലാക്കുന്നതിൽ ഉപജാപകർ വിജയിച്ചുവെന്നു വേണം തൃക്കുന്നത്തു സെമിനാരി പ്രശ്നങ്ങളെ അപഗ്രഥിക്കുന്നവർക്ക് മനസിലാക്കുവാൻ സാധിക്കുക. ഈ സന്നിഗ്ദ്ധാവസ്ഥയിൽ ബാവായെക്കൊണ്ട് ഒരു തെറ്റായ തീരുമാനം എടുപ്പിക്കുക വഴി അനേക പക്ഷികളെ ഒരു വെടിക്ക് ഉപജാപകർ വീഴ്ത്തിയിരിക്കുന്നു.

1. പ. പിതാവിനോട് കൂറും ഭക്തിയുമുണ്ടായിരുന്ന അങ്കമാലി ഭദ്രാസനത്തിലെ യുവജനങ്ങളെ അദ്ദേഹത്തിൽ നിന്നുമകറ്റി.
2. പല മെത്രാപ്പോലീത്താമാരും സ്ഥാനികളും പ. പിതാവിനെ വിഷമവൃത്തത്തിലാക്കുവാൻ ശ്രമിച്ചപ്പോഴെല്ലാം പ. പിതാവിനു പിന്നിൽ ഉറച്ചുനിന്ന യൂഹാനോൻ മാർ മിലിത്തോസ് (തൃശൂർ) മെത്രാപ്പോലീത്തായെ ഭഗ്നാശനാക്കി.
3. "വിഭജിച്ചു പിരിയണം" എന്ന ആശയം പ്രചരിപ്പിക്കുന്നവരെ ശക്തിപ്പെടുത്തി.
4. പുത്തൻകുരിശു വിഭാഗത്തിന് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ അവസരം നൽകി.
5. പ. പിതാവിനെ എപ്പോഴും പിന്തുണച്ചിരുന്നവരെ അദ്ദേഹത്തിൽ നിന്നുമകറ്റി.

ഉപജാപകസംഘം മറ്റൊരു നിർണ്ണായക വിജയം നേടിയിരിക്കുന്നു.

മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായി.

# മുന്നറിയിപ്പ്

പ. ദിദിമോസ് ബാവായുടെ സഭാ ശുദ്ധീകരണ പ്രക്രിയയെ തടയാൻ ഉ. ചാ. മ. റ. സഖ്യവും നിർജീവമായിരുന്ന ഉപജാപക സംഘങ്ങളും ഉണർന്നിരിക്കുന്നു. ഇവരിൽ ചിലർ കോട്ടയത്തെ സ്ഥിരം സഭാസ്ഥാനിയായ സമുദായപ്രമാണിയുടെ വീട്ടിലും മറ്റു പല ഭാഗത്തും രഹസ്യയോഗങ്ങൾ സംഘടിപ്പിച്ചിരുന്നു എന്ന് അത്മായവേദി റിപ്പോർട്ട് ചെയ്തിരുന്നു.

മറ്റു പല ഉ. ചാ. മ. റ. ക്കാരും വൈദികരും, ചില മെത്രാന്മാരും തോമസ് പ്രഥമന്റെയും കൂട്ടു മെത്രാന്മാരുടെയും ആവാസകേന്ദ്രങ്ങളിൽ നിത്യ സന്ദർശകരായിട്ടുണ്ട്. മുൻസിഫിന്റെ നിരോധനം നിലനിർത്താനും ഇടതുപക്ഷ ഭരണത്തോടെ കെട്ടടങ്ങിയിരിക്കുന്ന സഭാപ്രശ്നം ചലനാത്മകമാക്കാനും അതിലൂടെ നഷ്ടപ്പെട്ട രാഷ്ട്രീയ ഇമേജ് വീണ്ടെടുക്കുവാനും മാധ്യമ മേൽക്കൈ നിലനിർത്താനും ശ്രമം ഉണ്ട്. രാഷ്ട്രീയ നിലനില്പിനും, സഭയുടെ പേരിലുള്ള സ്ഥാപനങ്ങൾ ട്രസ്റ്റാക്കി കൈപ്പിടിയിൽ നിലനിർത്താനും, സഭാ സ്ഥാപനങ്ങളിൽ നിന്നുള്ള ഭീമമായ ആദായങ്ങൾ യഥേഷ്ടം കൈകാര്യം ചെയ്യാനും, സഭ വക സ്ഥാപനങ്ങളിലെ ഉദ്യോഗകയറ്റത്തിനും, മാധ്യമപ്രസ്ഥാനത്തിന്റെ അധീശത്വം സഭയിൽ നിലനിർത്താനും, മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയെ ഇനിയും ഛിന്നഭിന്നമാക്കല്ലേ എന്ന് അപേക്ഷിക്കുന്നു. മണർകാട് മാർച്ച് എന്ന കപട കടംകഥാ സംവിധായകർ സഭയെയും സഭാപിതാവിനെയും വീണ്ടും നാണം കെടുത്താനും വിഘടിതർ വടക്കൻ പരുമലയെന്നു വിശേഷിപ്പിക്കുന്ന തൃക്കുന്നത്തുസെമിനാരിയെ മറ്റൊരു മണർകാടാക്കി തീർക്കാനുമുള്ള അണിയറനീക്കം സഭാനേതൃത്വം മനസിലാക്കണം.

# അൽമായവേദി ഉയർത്തിയ വിമർശനം ശരിയെന്ന് കാലം തെളിയിച്ചു

**കുരുവിള കുര്യൻ പത്തനാപുരം**

മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്ത് നിലവിലുണ്ടായിരുന്ന വർക്കിംഗ് കമ്മറ്റിയും അന്നത്തെ കേസ് നടത്തിപ്പിന് ചുമതല വഹിച്ചവരും, അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി എന്ന സംഘടനയുടെയും അതിന്റെ മുഖപത്രം പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ ആ പ്രസിദ്ധീകരണത്തിന്റെയും നിശിതമായ വിമർശനങ്ങൾക്ക് പാത്രമായവരാണ്. "ഈ ദുരുപദേശികളെ പിരിച്ചയക്കണം" എന്ന തലക്കെട്ടോടെ അൽമായവേദിയുടെ ഫെബ്രുവരി ലക്കത്തിൽ ഒരു ലേഖനം വായിച്ചതോർക്കുന്നു. അതിനുമുൻപും മറ്റു പല ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഈ സംഘത്തിനെതിരെ അതിനിശിതമായ വിമർശനങ്ങൾ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ഉയർത്തിയിരുന്നു.

ഈ വിമർശനങ്ങൾ അതിരുകവിഞ്ഞതല്ലേ എന്ന് മറ്റു പലരേയും പോലെ ഞാനും തെറ്റുധരിച്ചിരുന്നു. വ്യക്തിവിരോധമോ മറ്റെന്തെങ്കിലും കാരണം മൂലമോ ആയിരിക്കാം ഇത്തരം നിശിതമായ വിമർശനങ്ങൾ എന്ന് തെറ്റായി ചിന്തിച്ച പലരും ഉണ്ടായിരുന്നു. എന്നാൽ സമീപകാല സംഭവങ്ങൾ ഞങ്ങളുടെ കണ്ണുതുറപ്പിച്ചു. കേസു നടത്തിപ്പിലെ കെടുകാര്യസ്ഥതയും, നിയമപരമായ സംരക്ഷണത്തിന് വേണ്ട നടപടിയും മുൻകരുതലും എടുക്കാഞ്ഞതു മൂലവും ഇപ്പോൾ എറണാകുളം രണ്ടാംക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നും നിരോധനം വന്നിരിക്കുന്നു. മറ്റുപല പ്രതിസന്ധികളെയും തരണം ചെയ്ത മലങ്കരസഭ ഇതും തരണം ചെയ്യുമെന്നത് നിശ്ചയം തന്നെ.

എന്നാൽ യാതൊരു പ്രയാസവുമില്ലാതെ ഒഴിവാക്കാമായിരുന്ന ഒരു നിയമയുദ്ധവും സഭയ്ക്കുണ്ടായ നാണക്കേടും കേസ് നടത്തിപ്പിനുള്ള പണച്ചിലവുമെല്ലാം മുൻ ആലോചനാസമിതിയുടെയും, കേസ് നടത്തിപ്പിന് നേതൃത്വം കൊടുത്തവരുടെയും പിടിപ്പുകേടോ, അട്ടിമറിശ്രമം മൂലമോ ആണെന്ന് ഇപ്പോൾ വ്യക്തമാകുന്നു.

അൽമായവേദി ഉയർത്തുന്ന പ്രശ്നങ്ങളെ സഭാംഗങ്ങൾ ശരിയായി പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടുന്നതിന്റെ ആവശ്യകതയാണ് ഇവിടെ വ്യക്തമാകുന്നത്. സഭാസ്നേഹികളുടെ നിർലോപമായ പിന്തുണ അൽമായവേദിക്കുണ്ടാകണം എന്നാണ് എന്റെ വിനീതമായ അഭിപ്രായം.

സഭയുടെ ഇന്നത്തെ നേതൃത്വത്തോട് ഒരു അഭ്യർത്ഥന. സഭാസ്നേഹികളാരെന്നും നിഗൂഢ താല്പര്യങ്ങളോടെ പ്രവർത്തിക്കുന്നവരാരെന്നും തിരിച്ചറിയുവാനുള്ള വിവേചനശക്തി നിങ്ങൾക്കുണ്ടാകണം. ശരിയായ വിമർശനങ്ങൾക്ക് ചെവി കൊടുക്കണം. വിമർശകർ സഭയുടെ ശത്രുക്കളല്ല, നന്മയാഗ്രഹിക്കുന്നവരാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കണം. ❑

# 'നസ്രാണി സിംഹം' പ്രകാശനം ചെയ്തു

കോട്ടയം: പ. വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈ ആയി നിന്ന് മലങ്കരസഭാ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ അൽമായ പ്രമുഖനായ എം. എ. ചാക്കോയുടെ ജീവചരിത്രം പ്രകാശനം ചെയ്തു. 'എം. എ. ചാക്കോ; നസ്രാണി സിംഹം' എന്ന പേരിലുള്ള കൃതി ഡോ. കെ. സി. മാമ്മൻ, എം. എ. ചാക്കോയുടെ മകൾ സലോമി കുര്യപ്പനു നൽകിയാണ് പ്രകാശിപ്പിച്ചത്.

എം. എ. ചാക്കോ സമുദായക്കേസിൽ മൊഴി നൽകുവാൻ വന്ന് പഴയസെമിനാരി നാലുകെട്ടിൽ താമസിച്ച് രാവിലെ വി. കുർബാനയിൽ സംബന്ധിച്ച് വി. കുർബ്ബാന അനുഭവിച്ചശേഷം കോടതിയിലേക്ക് പോകാനിറങ്ങവെയാണ് നാലുകെട്ടിന്റെ രണ്ടാം നിലയിൽ നിന്നു താഴേക്കിറങ്ങുന്ന പടിയിൽ വച്ച് അദ്ദേഹത്തിന് ഹൃദയാഘാതം ഉണ്ടായി മരിച്ചതെന്ന വിവരം 50 വർഷമായി സെമിനാരിയിൽ സേവനമനുഷ്ഠിക്കുന്ന താൻ ഇതുവരെ കേട്ടിട്ടും വായിച്ചിട്ടുമില്ലായിരുന്നുവെന്നും ഈ ഗ്രന്ഥത്തിൽ നിന്നാണത് മനസ്സിലാക്കിയതെന്നും അദ്ധ്യക്ഷത വഹിച്ച ഫാ. റ്റി. ജെ. ജോഷ്വാ പറഞ്ഞു. ഫാ. ഡോ. കെ. എം. ജോർജ്ജ്, എം. കുര്യൻ എന്നിവർ പ്രസംഗിച്ചു. പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ എം. കുര്യൻ രചിച്ച ഈ ഗ്രന്ഥം തിരുവല്ല സി. എസ്. എസ്. ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

അൽമായവേദിയുടെ പ്രമുഖ പ്രവർത്തകരും സഭാചരിത്ര ഗവേഷകരുമായ എം. കുര്യൻ തോമസും ജോയ്സ് തോട്ടയ്ക്കാടും വിലപ്പെട്ട രേഖകളും വിവരങ്ങളും നൽകി ഗ്രന്ഥരചനയിൽ സഹകരിച്ചിരുന്നു.

# സഭാ ഭരണഘടന അടിമുടി പരിഷ്ക്കരിക്കണം

*(ഒന്നാം പേജിൽ നിന്നും)*

ചുരുങ്ങിയത് രണ്ട് സ്ഥാനികളിലൂടെ കൈകാര്യം ചെയ്യുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനും ഓഡിറ്റ് ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ സാമ്പത്തികകാര്യ വിദഗ്ധന്മാരുടെ ആലോചനയോടെ വരുത്തേണ്ടത് വളരെ ആവശ്യമാണ്. സാമ്പത്തിക അഴിമതി നടത്തുന്നത് തടയുവാനും ഉണ്ടായാൽ സമയാസമയങ്ങളിൽ കണ്ടുപിടിച്ച് ശിക്ഷണ നടപടികളെടുക്കുവാനുമുള്ള വ്യവസ്ഥകൾ ഭരണഘടനയിലുണ്ടാകണം.

നിലവിലുള്ള ഭരണഘടന 1934 ൽ രൂപീകരിക്കുകയും 1951 ലും 1967 ലും ചില ചില്ലറ പരിഷ്ക്കാരങ്ങൾ വരുത്തുകയും 1995 ലെ സുപ്രീംകോടതി വിധിയിലൂടെ ഒരു വകുപ്പിന് മാറ്റമുണ്ടാകുകയും ചെയ്തു. കാലോചിതമായി സഭയ്ക്കുണ്ടായ വളർച്ച, സ്ഥാപനങ്ങളുടെ ഉയർച്ച, മാറിവരുന്ന ജീവിതശൈലി ഇവയെല്ലാം പ്രതിഫലിക്കുന്ന മാറ്റങ്ങൾ ഭരണഘടനയിലുണ്ടാകണം. അതിലേയ്ക്ക് അടിസ്ഥാനപരമായ മാറ്റങ്ങൾ അനിവാര്യമാണ്. ❑

## ഓഫ് സൈഡ്-ഓഫ് സൈഡ്

### ഗൃഹപാഠം

ഒന്നര മണിക്കൂർ ഉള്ള വി. കുർബാനയുടെ ഇടയിൽ ഒരു പ്രാവശ്യം വീതം ബോധക്കേടു പതിവായി വീഴുന്ന മെത്രാപ്പോലീത്താ, കാതോലിക്കായായാൽ, എട്ടു മണിക്കൂർ നീളുന്ന വി. മൂറോൻ കൂദാശയ്ക്കിടയിലും നാലു മണിക്കൂർ നീളുന്ന മേൽപ്പട്ട സ്ഥാനാഭിഷേകത്തിനിടയിലും എത്ര പ്രാവശ്യം ബോധം കെട്ടു വീഴും? (മൂന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സു വരെ സൺഡേസ്കൂൾ പഠിക്കുന്ന കുട്ടികൾ മാത്രം ഉത്തരമെഴുതുക).

# ചീറ്റിപ്പോയ ഒരു അട്ടിമറി ശ്രമം

**അൽമായവേദി ന്യൂസ് സർവ്വീസ്**

എറണാകുളം രണ്ടാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നും ഉണ്ടായ നിരോധന ഉത്തരവു മൂലം പ. കാതോലിക്കാബാവായ്ക്ക് മലങ്കര അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി, എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നിവ വിളിച്ചുകൂട്ടുവാൻ സാധിക്കാത്ത സാഹചര്യം ഉളവായത് സഭാവിശ്വാസികൾക്ക് വലിയ ഞെട്ടലും വേദനയും ഉളവാക്കി. എന്നാൽ ചിലർക്ക് ഇത് വീണുകിട്ടിയ അവസരമായി. ദിദിമോസ് ബാവായെ അട്ടിമറിക്കുവാൻ തക്കം പാർത്തിരുന്നവർ മാളങ്ങളിൽ നിന്നും പുറത്തുവന്നു. നിയുക്ത കാതോലിക്കായാകുവാൻ അടവുകൾ പതിനെട്ടും പയറ്റി പരാജയപ്പെട്ട മെത്രാൻ പെട്ടെന്ന് അവസരം മണത്തറിഞ്ഞു. എന്തിനു നിയുക്ത കാതോലിക്കായാവണം? നേരെയങ്ങ് കാതോലിക്കായായാൽ പോരേ?

ക്യാമ്പയിൻ ടീമിലെ പ്രമുഖ കളിക്കാരായ ചില മാനേജിംഗ് കമ്മറ്റിയംഗങ്ങളെ സംഘടിപ്പിച്ചു. ലക്ഷ്യം: എ) മാനേജിംഗ് കമ്മറ്റിയിലെ പകുതിയിലധികം പേർ ചേർന്ന് മാനേജിംഗ് കമ്മറ്റി വിളിച്ചുകൂട്ടുക. ബി) മക്കാറിയോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ മാനേജിംഗ് കമ്മറ്റി ഔദ്യോഗികമായി കൂടുക. സി) അവിടെ വച്ചു തന്നെ തീരുമാനപ്രകാരം അസ്സോസിയേഷൻ കൂടി ദിദിമോസ് ബാവായെ അട്ടിമറിച്ച് മാർ മക്കാറിയോസിനെ സിംഹാസനത്തിലേക്ക് ഉയർത്തുക. സുന്ദരൻ തിരക്കഥ. ചില ആഫ്രിക്കൻ ബനാനാ റിപ്പബ്ലിക്കുകളിൽ അറുപതുകളിലും എഴുപതുകളിലും നടന്ന "കൂ" (cue-de-et) എന്ന കൊട്ടാരവിപ്ലവങ്ങളുടെ ഒരു ലൈൻ.

മലങ്കരസഭയെ എന്നും സംരക്ഷിച്ചിരുന്ന സഭാനാഥൻ തുടക്കത്തിൽ തന്നെ തിരക്കഥയ്ക്ക് തടയിട്ടു. വന്നുകൂടിയ മാനേജിംഗ് കമ്മറ്റിയംഗങ്ങളിൽ ഭൂരിപക്ഷവും ദിദിമോസ് ബാവായെ ബലിയാടാക്കിക്കൊണ്ടുള്ള ഒരു കളിക്കു തയാറല്ല എന്നു തെളിഞ്ഞു. അടുത്ത ദിവസം ചേരാനിരിക്കുന്ന മാനേജിംഗ് കമ്മറ്റിയുടെ അനൗപചാരിക യോഗത്തിലേക്ക് വിപ്ലവം നീട്ടിവച്ചു. "നമ്മടെ മെത്രാൻ തന്നല്ലേ അദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ വാഗ്ധോരണിയിൽ വീഴാത്തവരുണ്ടാകുമോ?" അനുയായികൾ ആത്മവിശ്വാസം പൂണ്ടു.

പക്ഷേ, സഭാനാഥൻ അവിടെയും പണിപറ്റിച്ചു. സീനിയർ മെത്രാപ്പോലീത്താ വിദേശത്തായിരുന്നതിനാൽ എത്തിച്ചേരില്ലെന്ന് കരുതിയവർ, ഇപ്പോൾ ഭരണമുള്ള മെത്രാന്മാരിൽ സീനിയറായ കൽക്കത്താ ഭദ്രാസനാധിപനെ കണ്ട് ഞെട്ടി. അല്ല, വിളറി. വൈദികട്രസ്റ്റി സുന്ദരമായി കാര്യങ്ങൾ വിശദീകരിച്ചപ്പോൾ സന്നിഹിതരായിരുന്ന മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, വേണ്ട നടപടികളെടുക്കുവാൻ സഭാനേതൃത്വത്തെ ചുമതലപ്പെടുത്തി. വിപ്ലവത്തിനൊരുങ്ങി വന്നവർ ഒറ്റപ്പെട്ടു. നിരോധനത്തെ അവഗണിച്ച് അസോസിയേഷൻ കൂടണമെന്ന ദുഷ്ടലാക്കോടെയുള്ള നിർദ്ദേശങ്ങൾ തള്ളപ്പെട്ടു.

ഇത്രയുമായപ്പോൾ വിപ്ലവനായകൻ പൊട്ടിത്തെറിച്ചു. തന്നെയും ബാവായുടെ അസിസ്റ്റന്റിനെയുമാണ് യോഗം നടത്തുവാൻ ചുമതലപ്പെടുത്തിയതെന്നും കഴിഞ്ഞ രാത്രിയിൽ ഇവിടെ ചില ഗൂഢാലോചനകൾ നടന്നെന്നുമെല്ലാം വിളിച്ചുപറയാൻ തുടങ്ങി. ഈ പറഞ്ഞത് പച്ചക്കള്ളമെന്നും ബാവാ ആരെയും ഒന്നിനും ചുമതലപ്പെടുത്തിയിട്ടില്ലെന്നും കുന്നംകുളം മെത്രാൻ സ്വതസിദ്ധമായ രീതിയിൽ തുറന്നടിച്ചപ്പോൾ മൂന്നു പേരൊഴികെ അംഗങ്ങൾ മുഴുവൻ വിപ്ലവനായകനെതിരെ തിരിഞ്ഞു. "അതുകൊണ്ടരിശം തീരാഞ്ഞിട്ടവർ" നേരെ വച്ചുപിടിച്ചു മാധ്യമറാണിയുടെ സവിധത്തിലേക്ക്. ദോഷം പറയരുതല്ലോ വിപ്ലവനായകൻ അവിടെ പോയില്ല.

അതിവേഗം മാതൃഭൂമി ലേഖകനെ വിളിച്ചു. മാനേജിംഗ് കമ്മറ്റി യോഗത്തിൽ ചേരിതിരിവുണ്ടായെന്നും രൂക്ഷമായ അഭിപ്രായഭിന്നതകൾ മൂലം യോഗം അലസിപ്പിരിഞ്ഞെന്നുമെല്ലാം വാർത്ത ചോർത്തിക്കൊടുക്കുന്ന മട്ടിൽ ഒരു കഥ പ്ലാൻ ചെയ്തു. മാധ്യമറാണി അതിനും വലിയ ഒരു കളി കളിച്ചു. സഭയുടെ ഔദ്യോഗിക പത്രക്കുറിപ്പും വിപ്ലവനായകന്മാരുടെ കള്ളന്യൂസും ഒരുപോലെ തമസ്കരിച്ചു. പരസ്യക്കൂലി വാങ്ങി ഔദ്യോഗിക പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചു (ഒരു വർക്കിംഗ് കമ്മറ്റി മെമ്പറായ കണ്ടത്തിൽ കുടുംബക്കാരൻ സ്വന്തം പോക്കറ്റിൽ നിന്നു പണം നൽകി). മാതൃഭൂമി ലേഖകൻ വ്യാജ വാർത്ത ഒരു "സ്കൂപ്പെന്ന്" തെറ്റിദ്ധരിച്ച് നാലു കോളം ബാനർ ഹെഡ്ലൈനിൽ കീറി. മാധ്യമറാണിക്ക് ഒരു വെടിക്ക് രണ്ടു പക്ഷി. കള്ളവാർത്ത പ്രസിദ്ധീകരിച്ച ദുഃഷ്പേര് എതിരാളിക്ക്. പരസ്യക്കൂലി പോക്കറ്റിൽ.

മാതൃഭൂമിക്കു കൊടുത്ത കള്ളവാർത്തയിൽ അൽമായവേദിയേയും പ്രതിക്കൂട്ടിലാക്കി. സത്യം മനസ്സിലാക്കിയ മാതൃഭൂമി ലേഖകൻ പറഞ്ഞു, "വാർത്തയെല്ലാം നിങ്ങളുടെ സഭയിലെ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ തന്നതാണ്. ഞങ്ങൾ ഒന്നും സ്വന്തമായിട്ടിട്ടില്ല. ക്ഷമിക്കണം, തിരുത്തുകൊടുക്കാം." ഉറവിടമെവിടെനിന്നെന്ന് അൽമായവേദിക്ക് നേരത്തെതന്നെ അറിയാമായിരുന്നതിനാൽ ഉറവിടം ചോദിച്ച് ലേഖകനെ ബുദ്ധിമുട്ടിക്കേണ്ടി വന്നില്ല. എങ്കിലും കുതിരവായിൽനിന്നു തന്നെ ചിലതെല്ലാം കിട്ടാതെയുമിരുന്നില്ല.

പാറേട്ടിന്റെ സുവർണ്ണവാക്കുകൾ ഒരിക്കൽകൂടി സ്മരിച്ചുപോയി. നൂറ്റാണ്ടുകളായി ഈ സഭയെ കാത്ത സഭാനാഥൻ അത്ഭുതകരമായി സഭയെ ആപൽഘട്ടങ്ങളിൽ നിന്നും രക്ഷിക്കുന്നു. പ്രതികാരപ്രേമിയായ യഹോവ എല്ലാം നിരീക്ഷിക്കുന്നു, തക്കസമയത്ത് ഇടപെടുന്നു.

# സഭാ നേതൃത്വം കലാപാഹ്വാനത്തിൽ നിന്ന് പിന്മാറണം: മാർ മിലിത്തോസ്

തൃശൂർ: ന്യൂനപക്ഷ അവകാശങ്ങളുടെ പേരിൽ സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിനെതിരെ കലാപത്തിന് ആഹ്വാനം ചെയ്യുന്ന ക്രൈസ്തവ സഭാനേതൃത്വം അതിൽനിന്ന് പിന്മാറണമെന്ന് ഓർത്തഡോക്സ് സഭയുടെ തൃശൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ മിലിത്തോസ് പറഞ്ഞു. ക്രൈസ്തവ പാരമ്പര്യമുള്ളവർക്ക് യോജിച്ച ഭാഷയല്ല ഇതെന്നും മെത്രാപ്പോലീത്താ പറഞ്ഞു.

''ന്യൂനപക്ഷാവകാശങ്ങൾ ആരുടേത്'' എന്ന വിഷയത്തെപ്പറ്റി 'ജനനീതി' സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

'അവസാനത്തെ ക്രൈസ്തവനും മരിച്ചു വീഴുന്നതുവരെ നിയമം നടപ്പാക്കാൻ അനുവദിക്കില്ല' എന്ന ഭാഷ സഭാനേതൃത്വത്തിന് ഭൂഷണമല്ല. ഏതായാലും തന്നെപ്പോലെയുള്ള ക്രൈസ്തവരൊന്നും ചാകാനൊരുക്കമല്ലെന്ന് മെത്രാപ്പോലീത്താ പറഞ്ഞു. ആട്, മാഞ്ചിയം, തേക്ക്, ചിട്ടി തട്ടിപ്പ് നടത്തിയ പലരുമാണ് ന്യൂനപക്ഷങ്ങളുടെ പേരിൽ കൊള്ളലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങൾ നടത്തുന്നത്. ഇതിനെ ന്യൂനപക്ഷമെന്നു വിളിക്കാനാവില്ല. ന്യൂനപക്ഷ അവകാശങ്ങളെപ്പറ്റി പറയുന്ന ഭരണഘടനയുടെ 29, 30 അനുഛേദങ്ങളിലൊന്നും കോഴ വാങ്ങണമെന്ന് പറയുന്നില്ല. ചില സഭാനേതാക്കന്മാർ പറയുന്നതനുസരിച്ചാണെങ്കിൽ കാശു കൊടുക്കാൻ കഴിയുന്നവർക്ക് മാത്രമേ ഇത്തരം ന്യൂനപക്ഷ കോളജുകളിൽ പ്രവേശനം ലഭിക്കൂ.

അധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും അടുത്തുവന്ന് ആശ്വാസം കണ്ടെത്തണമെന്നാണ് ക്രിസ്തു പറയുന്നത്. സഭാനേതാക്കന്മാർ പറയുന്ന ന്യൂനപക്ഷ സ്ഥാപനങ്ങളിൽ ഇന്ന് ഈ സ്ഥിതിയില്ല. കച്ചവടക്കാർക്കും കൊള്ളലാഭമുണ്ടാക്കുന്നവർക്കും മാർഗനിർദേശം കൊടുക്കേണ്ട ക്രൈസ്തവ സമൂഹം അവർക്ക് സഹായകരമായ നിലപാടെടുക്കുന്നത് ശരിയല്ല. ആട്, തേക്ക്, മാഞ്ചിയം കച്ചവടക്കാരുടെ ശൈലിയിൽ ക്രിസ്തുവിന്റെ പേരു പറഞ്ഞ് പ്രവർത്തിക്കുന്നത് നീതിക്ക് ചേരുന്നതല്ലെന്നും മെത്രാപ്പോലീത്താ പറഞ്ഞു.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എം.കോമിന് ഒന്നാം റാങ്ക് നേടിയ ഡയാന ആൻ ഐസക്ക്. ബി.കോമിന് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും റാങ്ക് കരസ്ഥമാക്കിയിട്ടുള്ള ഡയാന, പാമ്പാടി കെ.ജി. കോളേജ് പ്രൊഫസർ ഐസക് പി. ഏബ്രഹാമിന്റെ മകളാണ്.

# അച്ചാച്ചനിപ്പം കഷ്ടകാലമാ!

**സവ്യസാചി**

അച്ചാച്ചനിപ്പം കഷ്ടകാലമാ. അല്ലേപ്പിന്നെ ഇതുപോലത്തെ അബദ്ധങ്ങൾ പറ്റുമോ. ഒന്നല്ല. ഒരബദ്ധമൊക്കെ ഏതു പോലീസുകാരനും പറ്റും. പക്ഷേ ഇത് പുറകേ പുറകേ എന്നു വച്ചാൽ?

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം കണ്ട് അച്ചാച്ചൻ പനിക്കാൻ തൊടങ്ങിയത് ഇന്നോ ഇന്നലെയൊ അല്ല. ഇന്നാളൊന്നു ശ്രമിച്ചിട്ടു കിട്ടിയില്ല. പോട്ടെ. ഈ വേള എല്ലാംകൊണ്ടും കളം ഒത്തുവന്നതാ. എന്നിട്ടും വടി കുത്തിപ്പോയി.

ദിദിമോസ് ബാവായെ വാഴിക്കാൻ തീരുമാനിച്ചപ്പം അച്ചാച്ചൻ നാട്ടിലുണ്ടായിരുന്നു. അതുതന്നെ ഒരു ഭാഗ്യമാണേ. തലേദിവസം പത്രസമ്മേളനം നടത്തി. "വല്യമ്മാവനു വയസ്സായി. വല്ല രാമനാമവും ജപിച്ചോണ്ട് മൂലേലിരുന്നാട്ടെ. കൊച്ചുരാമൻ ഭരിച്ചോളാമെന്നു" പറഞ്ഞപോലെ, സീനിയർ മെത്രാൻ ഒസ്താത്തിയോസിനു ക്ഷീണമാ. അതുകൊണ്ടു താനാ വാഴിക്കുന്നതെന്നു പ്രസ്താവിച്ചതാ. അതിന്റെ പടോം ഗ്ലാമറും സ്വപ്നം കണ്ടാ ഉറങ്ങാൻ കിടന്നത്.

എന്നിട്ടോ? പണ്ടില്ലാത്തപോലെ വെളുപ്പിനെ വിൻസർ കാസിലീന്നെഴുന്നേറ്റ് മഞ്ഞും കൊണ്ട് കുറുബാന ചൊല്ലാൻ പരുമലയ്ക്ക് പോയത് മിച്ചം. കുറുബാന തുടങ്ങിയപ്പം മൂലയ്ക്കിരിക്കാൻ പറഞ്ഞ വല്യമ്മാവൻ ആണ്ട് കാപ്പേം ഇട്ട് മദുബഹായിൽ. എന്നു മാത്രമോ? സമയമായപ്പം സിഹാസനത്തേക്കേറി അമർന്നിരുന്ന് സത്യപ്രതിജ്ഞേം ചെയ്യിച്ച് കൈയ്യും മുത്തിച്ചു. അങ്ങേർക്ക് വല്ല കാര്യമൊണ്ടോ?

അതു ക്ഷമിക്കാമെന്നു വെയ്ക്കാം. പിന്നേം ഉണ്ടല്ലോ വടി പിടിപ്പിക്കാൻ. പത്രക്കാരും ചാനൽകാരുമൊക്കെ പടം പിടിക്കുന്നത് അതാണല്ലോ. അവിടെ ഗോള്ളടിക്കാമെന്നു കണ്ടു. അപ്പം ദേ കേറി വരുന്നു, വടീം പിടിച്ചോണ്ട് സാക്ഷാൽ വല്യ ബാവാ. അങ്ങേരു വന്ന് വടീം പിടിപ്പിച്ച് മാലേം ഇട്ട് കെട്ടീം പിടിച്ചു. ചാനലുകാരൊക്കെ ആഘോഷിച്ചു. അച്ചാച്ചൻ മൂലെ നിന്നത് ആരും മൈന്റു ചെയ്തതുപോലുമില്ല. മേലാത്ത അങ്ങേര് പെൻഷനായപ്പം ദേവലോകത്തെങ്ങാനും ഇരുന്നാപ്പോരായിരുന്നോ. വെറുതേ മനുഷ്യനെ മെനക്കെടുത്താൻ.....

എന്നാ പിന്നെ ദിദിമോസെന്നു പേരിട്ടതിന്റെ ക്രഡിറ്റടിക്കാമെന്നു വച്ചപ്പം പുതിയ ബാവായും സമ്മതിക്കുകയില്ല. അങ്ങേരു പട്ടിക്കാട്ടു ചെന്നടിച്ചുകളഞ്ഞു പേരിട്ടത് തൃശൂരെ മെത്രാച്ചനാണെന്ന്. വല്ല കാര്യവുമുണ്ടോ വരത്തരെ പൊക്കിയിട്ട്. അല്ലേലും ഈ വരത്തരെ കൂട്ടരുതെന്ന് സുന്നഹദോസിൽ വരെ അച്ചാച്ചൻ പണ്ടേ പറഞ്ഞതാ. വല്ലോരും കേട്ടോ.

അതു കഴിഞ്ഞപ്പം ഉടനെ പിൻഗാമിയെ തിരഞ്ഞെടുക്കണമെന്ന് അച്ചാച്ചൻ സുന്നഹദോസിൽ പറഞ്ഞു. ഒറ്റ മെത്രാനെങ്കിലും കേൾക്കേണ്ടേ. ഇങ്ങേരൊന്നിരുന്നോട്ടെ. അതുകഴിഞ്ഞിട്ടാവാം അടുത്തത് എന്നും പറഞ്ഞ് നിർദാക്ഷിണ്യം അച്ചാച്ചനെ ഒതുക്കിയില്ലേ.

അതുകഴിഞ്ഞ് എല്ലാം ഒന്ന് നേരെയായി വന്നതാ. ദിദിമോസ് ബാവാ തോട്ടക്കാരനായി ഇച്ചിരെ കളോം പറിച്ച് മരുന്നുമടിച്ചപ്പം ഇരിപ്പാടം പോയ കൊമ്പൻചെല്ലീം, തണ്ടുതുരപ്പന്മാരും, മണ്ഡരികളും എല്ലാം അച്ചാച്ചന്റെ കൂടെക്കൂടി. അവർക്കൊക്കെ പഴേപോലെ സഭയ്ക്കിട്ട് കുത്തണേ അച്ചാച്ചൻ വേണോന്ന് അവർക്കറിയാം. അതുകൊണ്ടല്ലേ പ്രമാണികളൊക്കെ മാനേജിംഗ് കമ്മറ്റിയിൽ കണ്ടതും കേട്ടതും കളിച്ച് അച്ചാച്ചന് നിക്കുന്നകാര്യം പറയാൻ ചാൻസൊപ്പിച്ചുകൊടുത്തതും വേണ്ടപ്പെട്ട പാഴുകളെ ട്രിബ്യൂണലാക്കിയതും.

എല്ലാം ഒത്തു വന്നതാ, അന്നേരമാ അൽമായവേദിക്കാർ പാരേം ആയിട്ടിറങ്ങിയത്. കാതോലിക്കായ്ക്ക് അറുപത്തിയഞ്ച് വയസ്സേ പാടുള്ളുന്ന്. അവന്മാരാണോ അത് തീരുമാനിക്കുന്നത്. അതുംപോട്ടെ വല്യ മെത്രാച്ചന്മാർ അത് ഏറ്റുപിടിക്കണമായിരുന്നോ. അച്ചാച്ചനിട്ടു പണിയാനല്ലേ അറുപത്തിയഞ്ചുകാരു മതീന്നും പറഞ്ഞ് നിരണത്തോം തുമ്പമണ്ണിലേം ഒക്കെ മെത്രാന്മാരു നടക്കുന്നത്. അത് ഏറ്റുപിടിക്കാൻ കൊറേ കൊച്ചു മെത്രാന്മാരും. അറുപത്തിയഞ്ച് കഴിഞ്ഞല്ലേ എഴുപതും എൺപതും ഒക്കെ ആകുന്നത്. അച്ചാച്ചന് വയസ്സ് എൺപത്തൊന്നായാലെന്താ ചെറുപ്പമാണെന്ന് എത്രപേർക്കറിയാം.

എങ്ങനെയെങ്കിലും സംഗതിയൊന്ന് മാനേജിംഗ് കമ്മറ്റി വന്നുകിട്ടീയിരുന്നേ രക്ഷപെടാരുന്നു. അവിടെയൊള്ള നമ്മുടെ തുരപ്പന്മാരും മണ്ഡരികളും അച്ചാച്ചനെ പൊക്കിയേനെ. പിന്നെ നാക്കിന് അച്ചാച്ചനും വല്ല പഞ്ഞവുമുണ്ടോ.

ഇപ്രാവശ്യം അച്ചാച്ചൻ വന്നത് രാജാധികാരം പ്രാപിക്കാൻ സർവ്വ സന്നാഹങ്ങളോടെയാണ്. അതിനൊന്നു ഗ്ലാമറു കൂട്ടാനാ പതിവില്ലാതെ വന്നേന്റെ പിറ്റേ ഞായറാഴ്ച വാകത്താനത്ത് ഒരു പള്ളീൽ കുർബാന ചൊല്ലാമെന്ന് സമ്മതിച്ചത്. അവിടെചെന്ന് കുർബാനയ്ക്കിടയ്ക്ക് തലകറങ്ങി വീണു. അതും പോട്ടെ. ഒരു ഞായറാഴ്ച വിൻസർ കാസിലില് ചുമ്മാ ഇരുന്നേച്ച് അടുത്ത ഞായറാഴ്ച പഴയസെമിനാരിച്ചെന്ന് കുർബാന ചൊല്ലാൻ നോക്കി. പിന്നേം ദേ തലകറങ്ങി. സങ്ങതി നാട്ടിൽ പാട്ടുമായി. അമേരിക്കയിൽ വച്ചു തലകറങ്ങിയതൊന്നും ഇവിടെയാരുമറിഞ്ഞില്ല. ഇതിപ്പം നാട്ടിൽ പാട്ടായി. വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ.

വീണു കിട്ടിയപോലെയല്ലേ ദിദിമോസ് ബാവായ്ക്കെതിരെ വിധി വന്നത്. അന്നേരോം അച്ചാച്ചൻ നാട്ടിലുണ്ടായിരുന്നത് ഭാഗ്യം. അച്ചാച്ചൻ നാട്ടിലൊണ്ടായിരുന്നതുകൊണ്ടാ എതിരു വിധി വന്നെന്നൊക്കെ പലരും പറയുന്നുണ്ട്. അവരുപറയട്ടെ. ആരു വക വെയ്ക്കാൻ. മാനേജിംഗ് കമ്മറ്റിയല്ലേലും കമ്മറ്റിക്കാരുടെ മീറ്റിങ്ങാ. വിളിക്കുമ്പം അച്ചാച്ചനല്ലാതെ പിന്നാരാ അദ്ധ്യക്ഷനാകുന്നേ. വല്യമ്മാവന് കാപ്പയിട്ടു നിൽക്കുമെന്നല്ലാതെ ഇത്രേം വലിയ യോഗത്തിലൊന്നും ഇപ്പം അദ്ധ്യക്ഷം വഹിക്കാമ്മേല. അപ്പം അച്ചാച്ചന്റെ കസേര ഉറച്ചതാ. ആ മൈക്കൊന്നു കൈയ്യിക്കിട്ടിയിരുന്നേ അച്ചാച്ചൻ പണി പറ്റിച്ചേനേ.

ഇതൊക്കെയോർത്താ രാവിലെ വിൻസർ കാസിലീന്ന് പഴയസെമിനാരിയിലെത്തിയത്. അവിടെ കൽക്കട്ടാ മെത്രാൻ ചീറ്റിച്ചു. അങ്ങേർക്ക് മലേഷ്യയിലെങ്ങാനും കിടന്നാൽ പോരായിരുന്നോ. കൊമ്പൻചെല്ലിയും തണ്ടുതുരപ്പന്മാരും മിണ്ടിയോ അതുമില്ല. ഇതിലും വല്യ അബദ്ധം ഇനി പറ്റാനുണ്ടോ. അതുമില്ല. അതാ പറഞ്ഞത് അച്ചാച്ചനിപ്പം കഷ്ടകാലമാണെന്ന്.

മണ്ടൻ മാപ്പിളയെപ്പറ്റിക്കാൻ എന്നാഎല്ലാം വേലയാ അച്ചാച്ചൻ ഒപ്പിച്ചത്. ജീവചരിത്രം രണ്ടെണ്ണമാ അങ്ങോട്ടെറക്കി അസോസിയേഷൻ മെമ്പർമാർക്ക് അയച്ചുകൊടുത്തത്. അതും ഫ്രീയായി. അവിടെ ഒക്കെ വോട്ട് ഉറപ്പിച്ചതാ. പിന്നെ സുന്നഹദോസീന്നാരും ചെയ്തില്ലേലെന്നാ. ഒന്നു തിരഞ്ഞെടുത്തു കിട്ടിയിരുന്നേ, മൂന്നു മാസത്തിനുള്ളിൽ അച്ചാച്ചൻ ദിദിമോസ് ദ്വിതീയനായേനെ. അതിനുള്ള വേലയൊക്കെ അച്ചാച്ചനറിയാം.

എന്നാ പറഞ്ഞാലും അൽമായവേദിക്കാർ തറുതല പറയും. സീനിയറിനെ കാതോലിക്കാ ആക്കണമെന്നു പറഞ്ഞപ്പം അവന്മാരു പറയുകയാ, കൽക്കട്ടായിലെ മെത്രാച്ചനാ സീനിയറെന്ന്. അങ്ങേരു സെമിനാരി പഠിച്ചിട്ടില്ലെന്നു പറഞ്ഞാ, അങ്ങേരൊരു സെമിനാരിയുടെ പ്രിൻസിപ്പളാണെന്നു പറയും. കേസു നടത്താനറിയാവുന്ന കാതോലിക്കായെ വേണമെന്നു പറഞ്ഞാ, കാതോലിക്കാ മെത്രാന്മാരെ വാഴിക്കുകയും മൂറോൻ കൂദാശ ചെയ്യുകയും ചെയ്താ മതീന്നു പറയും. ആ കൂട്ടത്തിൽ കാതോലിക്കാ ദേവലോകത്ത് താമസിക്കണ്ടോന്നും പറയും. കാതോലിക്കായെ മാനേജിംഗ് കമ്മറ്റി തീരുമാനിക്കട്ടെന്നു പറഞ്ഞപ്പാറയും, അതു സുന്നഹദോസും അസോസിയേഷനുമാ തീരുമാനിക്കേണ്ടിയതെന്ന്. അസോസിയേഷൻ ഇപ്പം കൂടരുതെന്നു പറഞ്ഞാ, അവന്മാരു കൂടാൻ പറയും. ഇവന്മാരെക്കൊണ്ടു മടുത്തു. ❑


**അൽമായവേദി**

**അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ മുഖപത്രം**

**വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

ബാങ്കുവഴി അടക്കുവാൻ താല്പര്യപ്പെടുന്നവർ ALMAYA VEDI LORD KRISHNA BANK A/C No. 309.51.6593 ൽ അടയ്ക്കുക.


# നിയുക്ത കാതോലിക്കാ ആരായിരിക്കണം

**ഫാ. സി. ജെ. ജോർജ്ജ്**

സഭയിൽ 25 ലക്ഷത്തിലധികം വിശ്വാസികളും രണ്ടായിരത്തിലധികം പട്ടക്കാരും 25 മേല്പട്ടക്കാരുമുണ്ട്. ഇവരിൽ സകലത്തിനുമുപരി സഭയെ സ്നേഹിക്കുന്നവരും, സഭയിൽ കൂടിനടക്കുന്നവരും, കൂദാശാകാര്യങ്ങൾക്കു മാത്രം സഭയെ പ്രയോജനപ്പെടുത്തുന്നവരുമുണ്ട്. സകലത്തിനുമുപരിയായി സഭയെ സ്നേഹിക്കുന്നവരാണ് വീഴ്ചകൾ കാണുമ്പോൾ പരാതികളും വിമർശനങ്ങളും പറയുന്നത്. ആരോടും വിരോധമുണ്ടായിട്ടല്ല. ആദരവ് നഷ്ടപ്പെടാതെ മാത്രമേ വിമർശിക്കാറുള്ളു. അവരോട് വിരോധിച്ചിട്ട് കാര്യമില്ല. 12 ൽ ഒന്നു തെറ്റിയതുപോലെ പിതാക്കന്മാരെ ആദരിക്കാത്തവരായി അല്പം ചിലർ കണ്ടേയ്ക്കാം. ബാക്കി എല്ലാവരും പ. ബാവാതിരുമനസ്സിലെ കൂടെയുണ്ട്. കൂടിവന്നാൽ 2002 ലെ പോലെ ഒരു അസോസിയേഷൻ കൂടുമ്പോൾ എല്ലാം ശുഭമാകും. പ. ദിദിമോസ് ബാവാ മലങ്കരസഭാമക്കൾക്ക് പ. മാത്യൂസ് ദ്വിതീയന്റെ പിൻഗാമി തന്നെ.

പ. പിതാവിന്റെ പിൻഗാമി ആരെന്നറിവാൻ സഭാമക്കൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു. നല്ല ജനപിന്തുണയുള്ള ആളായിരിക്കണം നിയുക്തൻ. ഞാനാണ് നിങ്ങളുടെ നിയുക്ത കാതോലിക്കാ എന്നോ, ഇതാണു നിയുക്ത കാതോലിക്കാ എന്നോ അല്ല, ഇന്നാരെ നിയുക്ത കാതോലിക്കായായി തെരഞ്ഞെടുക്കണമെന്നു പറവാനും, തെരഞ്ഞെടുക്കുവാനുമുള്ള ചുമതല (Right) സഭാമക്കൾക്കാണ്. തെരഞ്ഞെടുപ്പിനെപ്പറ്റി പറഞ്ഞുകേൾക്കുന്നവ താഴെ ചേർക്കുന്നു.

1. നമ്മുടെ വൈദികസെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കിയ ആളായിരിക്കണം. അല്ലാത്തവരെ മേല്പട്ടക്കാരനാക്കാനോ, വൈദിക സെമിനാരിയിൽ പഠിപ്പിക്കാൻ അനുവദിക്കാനോ പാടില്ല. അപ്രകാരമൊരു സ്ഥാനാർത്ഥി ഉണ്ടായാൽ സമ്മതിദായകർ അദ്ദേഹത്തെ സഭയുടെ നന്മയ്ക്കായി ഒഴിവാക്കണം.

2. യാത്രയിലാണെങ്കിൽ പോലും വാഹനത്തിലിരുന്നു മൂന്നു നേരവും നമസ്കരിക്കുന്ന ആളായിരിക്കണം. ശനിയാഴ്ച രാത്രി വിമാനം കയറി ഞായറാഴ്ച രാവിലെ 8-12 മണിക്കു പറന്നിറങ്ങുന്ന മെത്രാപ്പോലീത്താമാരെപ്പറ്റി മനുഷ്യർ പറയുന്നതു കേൾക്കുമ്പോൾ തല കുനിഞ്ഞു പോകും.

3. തന്റെ ചുമതലയിലുള്ളവരെ സ്വാർത്ഥതയാൽ പിണക്കുന്നവരും ഏകോപിപ്പിച്ചു നടത്തുവാൻ കഴിയാത്തവരും സമാധാനപ്രിയരല്ലാത്തവരും ഈ സ്ഥാനത്തിന് യോഗ്യരല്ല.

4. പറഞ്ഞ വാക്കു പാലിക്കുന്നവരും വിടുവാ പറയാത്ത സമചിത്തരുമായിരിക്കണം.

5. 'വടി വയ്ക്കുന്നിടത്തു കുട വയ്ക്കാത്ത'വരെപ്പറ്റി കേൾക്കാത്തവരില്ല. ആ രീതിക്കാരാവരുത്. നേരേ വാ, നേരേ പോ എന്ന രീതിയുള്ളവരും കാപട്യമില്ലാത്തവരുമായിരിക്കണം.

6. വേദം, ദൈവശാസ്ത്രം, സഭാചരിത്രം, തുടങ്ങിയവയിൽ പണ്ഡിതരും വാക്സാമർത്ഥ്യം, നല്ല ഭക്തി എന്നിവ ഉള്ളവരുമായിരിക്കണം.

7. മുഖം നോക്കാത്തവരും, പക്ഷം പിടിക്കാത്തവരും, തന്നെക്കാളുപരി സഭയെ സ്നേഹിക്കുന്നവരുമായിരിക്കണം.

8. എഴുപതു വയസ്സിൽ താണ പ്രായമുള്ളവരായിരിക്കണം, 75 വയസ്സിനു മുമ്പ് കാതോലിക്കാ മലങ്കര മെത്രാപ്പോലീത്താ ആകണം. 85-ാം വയസ്സിൽ വിശ്രമ ജീവിതമാരംഭിക്കണം.

9. സകലതിനും എ. സി. മുറിയെ ശരണം പ്രാപിക്കുകയും സ്റ്റാർ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിക്കുകയും ചെയ്യുന്ന ഒരു കാതോലിക്കായെ പോറ്റാനുള്ള സാമ്പത്തികം പാവപ്പെട്ട മലങ്കരസഭയ്ക്കില്ല.

10. ഏറ്റവും സീനിയർ മെത്രാപ്പോലീത്തായെ നിയുക്തനാക്കുന്ന രീതി അവസാനിപ്പിക്കണം. അങ്ങനെ തുടർന്നാൽ ചിലപ്പോൾ വാഴിക്കപ്പെടാതെ കടന്നുപോയെന്നു വരാം. പ. ദിദിമോസ് ബാവാ വാഴിക്കപ്പെട്ടിട്ട് ഒരു വർഷം പോലും ആയിട്ടില്ല. പ. പിതാവിന് 85 വയസ്സ് ആകുന്നു. 8 വർഷം കൂടി ദൈവം ആയുസ്സ് നൽകിയാൽ 93 വയസ്സാകും. അഭി. തേവോദോസ്യോസ് തിരുമേനിയ്ക്ക് 91-ഉം മക്കാറിയോസ് തിരുമേനിക്ക് 90-ഉം വയസ്സാകും. അതുവരെ ദൈവം ആയുസ് നീട്ടിക്കൊടുത്താൽ പോലും വാഴിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിന് തുല്യമാണ്. ആശ മൂക്കുമ്പോൾ പ. ദിദിമോസ് ബാവായെ രാജിക്ക് നിർബന്ധിച്ചെന്നും വരും. വാർദ്ധക്യത്തിന്റെ ദൈവദാനങ്ങളായ, നര, തൊലിചുളുക്കം, ഓർമ്മ - കാഴ്ചക്കുറവ്, അത്യാവശ്യകാര്യങ്ങൾ പോലും തനിയെ ചെയ്യാനാവാത്ത അവസ്ഥ, ഇവ തന്ന് ദൈവം അനുഗ്രഹിക്കുന്നത് പ്രാർത്ഥിപ്പാനും, പശ്ചാത്തപിക്കാനും, വിശ്രമിക്കാനുമാണ്.

വാർദ്ധക്യത്തിന്റെ ദാനങ്ങൾ തലയിലുള്ളതു ഗുണദോഷം വഴിയും, സമ്പാദിച്ചതിന്റെ അവകാശം അവകാശികൾക്ക് കൈമാറിയും വിശ്രമജീവിതം നയിക്കണം. ഷഷ്ടിപൂർത്തി (60) ആണതിന്റെ പരിധി എങ്കിലും ഇവിടെ 80 വരെ സഹിക്കാം.

12. അടുത്ത കാതോലിക്കാ / മലങ്കരമെത്രാപ്പോലീത്താ വടക്കുനിന്നായിരിക്കണം. തെക്കു നിന്നിപ്പോൾ 3 പേർ തുടരെ ആയല്ലോ. അല്പം ആളുകൾ കൂടുതൽ തെക്കായതുകൊണ്ട് വടക്കർക്ക് അവഗണനയുണ്ടാകാനിടയാകരുത്. കഴിഞ്ഞ മെത്രാൻ തെരഞ്ഞെടുപ്പിൽ വടക്കർ അവഗണിക്കപ്പെട്ടു. തെക്കു നിന്ന് ഒന്നും വടക്കു നിന്ന് രണ്ടും ചേർത്ത് എഴുതിക്കാമായിരുന്നു.

13. അടുത്ത നിയുക്തന്റെ തെരഞ്ഞെടുപ്പു മുതൽ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കാതെ രഹസ്യബാലറ്റു വഴി തിരഞ്ഞെടുപ്പ് നടത്തണം.

14. ചെയ്യേണ്ട കാര്യങ്ങൾ, ചെയ്യേണ്ട സമയത്ത്,ചെയ്യേണ്ടതുപോലെ ചെയ്യാതിരുന്നതിന്റെ പരാജയമാണ് ആഗസ്റ്റ് 14-ലെ വിധി. അതിന്റെ തിക്തഫലമനുഭവിക്കുന്നത് വിശ്വാസികളും, പട്ടക്കാരുമത്രേ, റോബോട്ടു കാതോലിക്കാ, ബാറ്ററി മെത്രാന്മാരുമായി ഓടിനടക്കുന്നു, വിജയഭേരി മുഴക്കുന്നു.

15. മുപ്പതിലധികം വർഷം അമേരിക്കൻ ഭദ്രാസനം ഭരിച്ച മക്കാറിയോസ് തിരുമേനി സഭയ്ക്കുവേണ്ടി അമേരിക്കയിൽ ചെയ്തതെന്തെല്ലാമെന്നു ദയവായി ഒന്നു പ്രസിദ്ധീകരിക്കാമോ? ആഗസ്റ്റിലെ അൽമായവേദിയിൽ അമേരിക്കയിലെ ഡാളസിൽ നിന്നുള്ള വി. ജേക്കബ്, മനയിലിന്റെ ലേഖനം വായിക്കുക. പ. ദിദിമോസ് കാതോലിക്കാ ബാവായുടെ കരങ്ങൾ ശക്തമാക്കുക. കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ. ❑

## ഓഫ് സൈഡ് - ഓഫ് സൈഡ്

### അവാർഡു ദാതാക്കളും മെത്രാന്മാരും

മാവേലിക്കര ആസ്ഥാനമാക്കി ഒരു അവാർഡ് നിർമ്മാണ വിതരണ സ്ഥാപനമുണ്ട്. ആർക്കു വേണമെങ്കിലും അവാർഡു കൊടുക്കും. ചുമ്മാ തട്ടിക്കൂട്ടവാർഡല്ല. ദിവസം രണ്ടു പ്രസംഗിച്ചില്ലെങ്കിൽ ഉറക്കംവരാത്ത പ്രശസ്തനായ ഒരു മുൻ വൈസ്ചാൻസലറാണ് അവാർഡ് കൊടുക്കുന്നത്.

അവാർഡുദാനം സ്ഥിരമായി കോട്ടയത്ത് സോഫിയാ സെന്ററിലായിരുന്നു. ഇപ്പോൾ വിൻസർ കാസിലിലോട്ടു മാറ്റി. സമ്മേളനത്തിന് രണ്ടു മെത്രാന്മാരെങ്കിലും ഉറപ്പ്. ഏതു രംഗത്തു പ്രവർത്തിച്ചവരെയും പ്രവർത്തിക്കാത്തവരെയും അവാർഡ് നല്കി ആദരിച്ചുകളയും. അതിനു വേണ്ട നിശ്ചിത ഫീസ് കൊടുത്താൽ മതി. കാശിറക്കുന്നതിനനുസരിച്ച് ചടങ്ങു കൊഴുക്കും. എൻ. ആർ. ഐ. കൾക്ക് മാത്രമാണ് ഇതുവരെ അവാർഡ് കൊടുത്തിട്ടുള്ളതെന്ന് അസൂയക്കാരു പറയുന്നു. ജഡ്ജിംഗ് കമ്മറ്റീം സംഘാടകരും സ്ഥിരം ആൾക്കാർ തന്നെയാണ്.

സമീപകാലത്തു ചടങ്ങിന് മെത്രാന്മാരെ കിട്ടാതായി. സംഘാടകരുടെ മഹത്വം ലോകമറിഞ്ഞതുകൊണ്ടാണെന്നു പിന്നാമ്പുറ സംസാരം. അവരു വിടുമോ. പുതിയ തന്ത്രം മെനഞ്ഞു. അവാർഡു ദാനത്തോടൊപ്പം മെത്രാന്മാരുടെ ഷഷ്ടിപൂർത്തിയോ പുസ്തക പ്രകാശനമോ കൂടി വയ്ക്കും. അതും ഫ്രീയായി. പിന്നെ അവർക്ക് വരാതിരിക്കാനാവുമോ. സമീപകാലത്ത് ശുദ്ധനായ ഒരു മെത്രാനും ഈ കെണിയിൽ പെട്ടുപോയതായി പത്രവാർത്തകൾ.

**മുഖലേഖനം**

# മഞ്ഞപത്രമല്ല, ഇത് മഞ്ഞക്കാർഡാണ്

'മലങ്കരസഭാദീപം' ആഗസ്റ്റ് 16-31 ലക്കത്തിൽ മാറ്റ് മാത്യൂസ് എന്ന യു. കെ. - കാനഡാ ഭദ്രാസനത്തിൽ നിന്നുമുള്ള മാനേജിംഗ് കമ്മറ്റി മെമ്പറുടെ ലേഖനമാണ് ഈ തലക്കെട്ടിന്റെ അടിസ്ഥാനം. അൽമായവേദി ഒരു മഞ്ഞപ്പത്രമല്ല, സഭയിൽ ഫൗൾ പ്ലേ നടത്തുന്നവർക്കെതിരെയുയരുന്ന മഞ്ഞക്കാർഡാണ്. മാർ മക്കാറിയോസ് കാതോലിക്കാസ്ഥാനം പിടിച്ചടക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ ഞങ്ങൾ മഞ്ഞക്കാർഡ് ഉയർത്തിയിട്ടുണ്ട്. ഈ ശ്രമത്തിന്റെ ചില പിന്നാമ്പുറ നാടകങ്ങൾ പുറത്തുകൊണ്ടുവരുന്നതിന് അൽമായവേദിയെ മക്കാറിയോസ് മെത്രാച്ചന്റെ അനുയായികൾ പലയിടത്തും പുലഭ്യം പറയുന്നുണ്ട് (ഇന്റർനെറ്റ് ഫോറം തുടങ്ങിയവയിൽ). അതേ വേദികളിൽ മുൻവിധിയില്ലാതെ കാര്യങ്ങളെ സമീപിച്ചവർക്ക് ഞങ്ങളുടെ നിലപാടുകൾ ബോധ്യപ്പെട്ടിട്ടുമുണ്ട്.

മാർ മക്കാറിയോസ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച വിവരം ഞങ്ങളേക്കാൾ മുമ്പേ റിപ്പോർട്ട് ചെയ്ത പ്രസിദ്ധീകരണങ്ങളിൽ *മലങ്കരസഭാദീപ*വും ഉൾപ്പെടുന്നു. സഭയിലെ ഒരു വൈദികന്റെ ഉടമസ്ഥതയിൽ നടത്തപ്പെടുന്ന 'തദ്ദേവൂസ്' എന്ന പ്രസിദ്ധീകരണവും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നു തന്നെ, ഇത് അൽമായവേദിക്കാരുടെ ഭാവനയിൽ മുളച്ച ആശയമാണ് എന്ന ആരോപണത്തിന്റെ പൊള്ളത്തരം വ്യക്തമാണല്ലോ. മാർ മക്കാറിയോസ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച മാനേജിംഗ് കമ്മറ്റിയോഗത്തിൽ പങ്കെടുക്കാഞ്ഞ കാനഡായിൽ താമസിക്കുന്ന വ്യക്തി ആ യോഗത്തിൽ നടന്ന കാര്യങ്ങൾ വിശദമായി പറയുന്നത് കാണുമ്പോൾ "കണ്ട നീ മിണ്ടാതിരി. കേട്ട ഞാൻ പറയാം" എന്ന പഴഞ്ചൊല്ല് ഓർത്തുപോയി. അൽമായവേദിയുടെ ലേഖകന്മാർ ഹാളിനു വെളിയിൽ നിന്ന് നടപടികൾ കേട്ടശേഷമാണ് റിപ്പോർട്ട് ചെയ്തത്. മൂന്നോ നാലോ കൈമറിഞ്ഞ വിവരങ്ങൾ വച്ചല്ല എഴുതിയിരിക്കുന്നത്. നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പിനെക്കുറിച്ച് ചർച്ച ചെയ്ത മാനേജിംഗ് കമ്മറ്റിയോഗത്തിൽ ആരും മക്കാറിയോസ് മെത്രാച്ചനോട് സ്ഥാനം പ്രാപിച്ചാൽ ഇവിടെ വന്നു താമസിക്കുമോ എന്നു ചോദിച്ചില്ല. അങ്ങിനെയൊരു ചോദ്യത്തിന് അവിടെ പ്രസക്തിയുമില്ല. തിരഞ്ഞെടുപ്പിന്റെ തീയതി ചർച്ച ചെയ്യുന്നതിന്റെ ഇടയിൽ, ഒരു മെത്രാനോട് തിരഞ്ഞെടുക്കപ്പെട്ടാൽ എന്തു ചെയ്യും എന്ന ചോദ്യത്തിന് എന്ത് പ്രസക്തി.

പുതിയ നിയുക്ത കാതോലിക്കാ തന്റെ സ്വകാര്യസമ്പാദ്യങ്ങൾ സഭയ്ക്ക് എഴുതി നല്കണമെന്നും അതിനുശേഷമേ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുവാൻ പാടുള്ളൂ എന്നും ഒരു മാനേജിംഗ് കമ്മറ്റി മെമ്പർ യോഗത്തിൽ പറഞ്ഞു. ഉടൻതന്നെ മക്കാറിയോസ് മെത്രാച്ചൻ എഴുന്നേറ്റ് "എന്റെ അമേരിക്കയിലുള്ള സ്വത്തുക്കൾ സംബന്ധിച്ച് എന്റെ അഭിഭാഷകൻ ഒരു വിൽപ്പത്രം തയ്യാറാക്കുന്നുണ്ട്" എന്നും "ഇതിന്റെയർത്ഥം നിങ്ങളെന്നെ കാതോലിക്കായായി തിരഞ്ഞെടുക്കണമെന്നല്ല, പിന്നെ തിരഞ്ഞെടുത്താലും കുഴപ്പമില്ല" എന്ന് പ്രഖ്യാപിച്ചു. ചോദ്യവും ഉത്തരവുമെല്ലാം മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയ്ക്കനുസൃതമാണെന്ന് മനസ്സിലാക്കുവാൻ അന്നവിടെയുണ്ടായിരുന്ന എല്ലാവർക്കും കഴിഞ്ഞു. അതിനു മുമ്പും പിമ്പും പല ചാക്കിടീൽ ശ്രമങ്ങളും നടന്നത് കൂട്ടി വായിക്കുമ്പോൾ ഈ പൊറാട്ടു നാടകത്തിന്റെയർത്ഥം ആർക്കും വ്യക്തമാവുന്നതേയുള്ളൂ.

മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കുവേണ്ടി ഇന്റർനെറ്റ് ഗ്രൂപ്പുകളിൽ പട നയിക്കുന്ന ഒരു ശിങ്കിടി എഴുതിയത് ഇപ്രകാരം ആണ്: "Makarios Thirumeni has declared his candidacy in a vield manner. Right ??? So many people are working day and night to stop this from happening . ... Look how clever HG was in declaring HG's candidacy in the Managing committee. Why no other Bishops dared to question it. Instead congratulated HG and went to see HG in the hotel with boquets. .... Those who are working undergound are cowards. Do you think they can lead this church. We need a person on top who is as cunning as Shreshtan who can checkmate Shreshtan. There is no one other than Makarios Thirumeni to do that. I think it is God's will and we need to support it."

ഈ സ്ഥാനാർത്ഥി പ്രഖ്യാപനം മക്കാറിയോസ് മെത്രാന്റെ വക്രബുദ്ധിക്ക് ഉദാഹരണമാണെന്നും, വക്രബുദ്ധിയായ ശ്രേഷ്ഠനെ നേരിടാൻ മറ്റൊരു വക്രബുദ്ധിയായ മാർ മക്കാറിയോസ് തന്നെ വേണമെന്നുമാണ് അമേരിക്കയിലുള്ള അദ്ദേഹത്തിന്റെ ഈ ക്യാമ്പയിൻ മാനേജരുടെ ഭാഷ്യം.

മാർ മക്കാറിയോസ് സഭയുടെ തലവനാകുന്നതിനെ ഭയപ്പെടുന്നവരുണ്ട് എന്ന് 'മലങ്കര സഭാദീപ'ത്തിലെ ലേഖകൻ പറയുന്നത് ശരിയാണ്. സഭയ്ക്ക് സംഭവിക്കാവുന്ന ഒരു വലിയ ദുരന്തമായിരിക്കും അത് എന്ന് വിശ്വസിക്കുന്നവർ നിരവധിയാണ്. പ്രമാണികളോ സമ്പന്നരോ അല്ല അവർ. സഭയിലെ ഒരു സ്ഥാനത്തിനും മോഹിക്കാത്തവരും സഭയുടെ പാരമ്പര്യത്തിലും വിശ്വാസത്തിലും ഉറച്ചുനിൽക്കുന്നവരും, വിധവയുടെ ചില്ലിക്കാശു പോലെ തങ്ങളുടെ ദാരിദ്ര്യത്തിന്റെ പങ്ക് കാണിക്കപ്പെട്ടിയിലിടുകയും ചെയ്യുന്ന പാവപ്പെട്ട വിശ്വാസികളാണവർ. പ്രമാണിമാർക്കും ധനാഢ്യർക്കും പഞ്ചനക്ഷത്ര ഹോട്ടൽ വികാരിയായ മെത്രാനെയാണിഷ്ടം.

വ. വട്ടശ്ശേരിൽ തിരുമേനിയെപ്പോലെയുള്ള ഒരു സഭാ നേതാവാണത്രേ മാർ മക്കാറിയോസ്! പ്രാർത്ഥന, നോമ്പുപവാസങ്ങളിലും സഭയുടെ പാരമ്പര്യത്തിനും സർവ്വോപരി പ. സുന്നഹദോസിന്റെ തീരുമാനങ്ങൾക്കും എന്നും കീഴ്‌വഴങ്ങിയിട്ടുള്ള വട്ടശ്ശേരിൽ തിരുമേനിയെവിടെ, ഇതൊന്നുമില്ലാത്ത മാർ മക്കാറിയോസെവിടെ? പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങളെ കാറ്റിൽപറത്തി അമേരിക്കൻ ഭദ്രാസനത്തിൽ ഇപ്പോഴും അവസാനിച്ചിട്ടില്ലാത്ത ചേരിതിരിവിനും പടല പിണക്കത്തിനും ഇടയാക്കിയതാണോ മാർ മക്കാറിയോസിന്റെ ഭരണനേട്ടം? ടൊറന്റോ പള്ളിയിലെ സത്യവിശ്വാസികളെ അന്ത്യോഖ്യൻ സഭയിലേയ്ക്ക് തള്ളിവിട്ടയാൾ വട്ടശ്ശേരിൽ തിരുമേനിയുടെ പിൻഗാമിയാണത്രേ! അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരമോഹത്തെ ചെറുക്കുക വഴി ജീവിതം ശരശയ്യയായി മാറിയ വട്ടശ്ശേരിൽ തിരുമേനിയെവിടെ, സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ പാത്രിയർക്കീസിനോട് ഉപജാപങ്ങൾ നടത്തിയ മാർ മക്കാറിയോസെവിടെ?

ഇങ്ങനെ പറയാൻ തുടങ്ങിയാൽ അതിനവസാനമില്ല. ഒരു യഥാർത്ഥ മഞ്ഞപ്പത്രത്തിന് ആഘോഷിക്കുവാനുള്ള പലതും രേഖകൾ സഹിതം ഞങ്ങളുടെ പക്കലുണ്ട്. സഭയുടെ താല്പര്യങ്ങൾ മുന്നിൽകാണുന്ന ഞങ്ങൾ എന്തു പ്രകോപനം ഉണ്ടായാലും അത് പ്രസിദ്ധീകരിക്കുകയില്ല. ഞങ്ങൾ ഫൗൾ പ്ലേയ്ക്കെതിരെ മഞ്ഞക്കാർഡ് ഉയർത്തുകയാണ്. തെറ്റുകൾക്കെതിരെ പ്രതികരിക്കുവാനുള്ള ഞങ്ങളുടെ നിശ്ചയദാർഢ്യത്തെ ഇത്തരം അടിസ്ഥാനശൂന്യമായ ആരോപണങ്ങൾക്ക് പിന്തിരിപ്പിക്കാനാവില്ല.

## പൗലോസ് മാർ മിലിത്തിയോസിനു വേണ്ടി നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

പുതുപ്പള്ളി: കോട്ടയം ഭദ്രാസനത്തിലെ പുതുപ്പള്ളി, പാമ്പാടി, വാകത്താനം, കൊല്ലാട് തുടങ്ങിയ പ്രദേശങ്ങളിലെ അസോസിയേഷൻ മെമ്പർമാരായ വൈദികരും അൽമായക്കാരും സംയുക്തമായി നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസിനെ നാമനിർദ്ദേശം ചെയ്ത് പത്രിക നൽകി.

**"... അന്ത്യോഖ്യാ പാത്രിയർക്കീസിനു 19-ാം ശതാബ്ദം മുതൽ ഇവിടെ ഉണ്ടായിരുന്ന അധികാരം പൂർണ്ണമായി നിഷേധിച്ചാലും ആരും സഭക്കിതരരാവുകയില്ലെന്നുള്ള വിധിയാണ്. ഈ വിധിയുടെ ബലത്തിൽ ഭരണഘടനയെ അംഗീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഭരണഘടനയിൽ നാം അംഗീകരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസുണ്ടെങ്കിൽ അദ്ദേഹത്തിനുണ്ടാകാവുന്ന അവകാശങ്ങളെപ്പോലും ഇല്ലാതാക്കിക്കൊണ്ടു ഭരണഘടനയുടെ ഒന്നു മുതൽ മൂന്നു വരെ വകുപ്പുകളും, 104, 114, 118 മുതലായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ പരാമർശിക്കുന്ന എല്ലാ പ്രസക്ത വിഭാഗങ്ങളും പരിഷ്ക്കരിക്കുവാനുള്ള സാഹചര്യം സംജാതമായിരിക്കുന്നു. ഇത് ഒരു ചെറിയ കാര്യമല്ല. പുരാതനകാലം മുതൽ ഭാരതസഭയ്ക്കുണ്ടായിരുന്ന പൂർണ്ണസ്വാതന്ത്ര്യം പൂർണമായിത്തന്നെ പുനഃസ്ഥാപിക്കുവാൻ അവസരം നൽകിക്കൊണ്ടുള്ള ഒരു തീരുമാനം, ഒരു വിദേശ മേലധികാരിയുടെ കീഴിലിരുന്നാൽ മാത്രമേ തങ്ങൾക്ക് അദ്ധ്യാത്മികമായി ശ്രേയസ് ഉണ്ടാകയുള്ളുവെന്നു വിശ്വസിക്കുന്നവർക്കൊഴികെ മറ്റെല്ലാ മലങ്കര സഭാംഗങ്ങൾക്കും വളരെയധികം സ്വാഗതാർഹമാണ്."**

**- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

**(കേരളാ ഹൈക്കോടതിയുടെ വിധിയെ (ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ) തുടർന്ന് എഴുതിയത്)**

**പ്രസിഡണ്ട് എഴുതുന്നു**

# മലങ്കരയുദ്ധങ്ങൾ തുടരുന്നു അഞ്ചാം പത്തിക്കാർ രംഗത്ത്

മലങ്കരസഭയിലെ നൂറ്റാണ്ടുകളായി തുടരുന്ന കലാപങ്ങളെ ചരിത്രകാരനായ പാറേട്ട് മലങ്കരയുദ്ധങ്ങളായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ എട്ടു മലങ്കര യുദ്ധങ്ങൾ നടന്നതായിട്ടാണ് പാറേട്ട് അപഗ്രഥിച്ചിരിക്കുന്നത്. അന്തോഖ്യൻ മെത്രാൻ നിയമവിരുദ്ധമായി വാഴിച്ച തൊഴിയൂർസഭ നിലവിൽവരുവാൻ കാരണമായ, കാട്ടുമങ്ങാട് കൂറിലോസ് മെത്രാനും അന്നത്തെ നിയമാനുസൃത മലങ്കര മെത്രാപ്പോലീത്തായായിരുന്ന വലിയ മാർ ദീവന്നാസ്യോസ് ഒന്നാമനും തമ്മിലുള്ള ഏറ്റുമുട്ടൽ ഒന്നാം മലങ്കരയുദ്ധമാണെങ്കിൽ, 1958 ലെ പരസ്പര സ്വീകരണത്തിലൂടെ മലങ്കരസഭാംഗങ്ങൾ ഒന്നായതിൽ പര്യവസാനിച്ച ഏറ്റുമുട്ടൽ എട്ടാം മലങ്കരയുദ്ധം എന്നാണ് പാറേട്ടിന്റെ ചരിത്രവിശകലനം. 1971 ൽ ആരംഭിച്ച സംഘർഷം ഒമ്പതാം മലങ്കരയുദ്ധമായി ഇതിന്റെ തുടർച്ചയായി വായിക്കാവുന്നതാണ്.

മുമ്പുണ്ടായിരുന്ന എല്ലാ യുദ്ധങ്ങളിൽ നിന്നും വിഭിന്നമായി ഒമ്പതാം മലങ്കരയുദ്ധത്തിൽ ചില പ്രത്യേകതകൾ ഇപ്പോൾ കാണപ്പെട്ടു വരുന്നു. മുമ്പുള്ള മലങ്കര യുദ്ധങ്ങളിലെല്ലാം മലങ്കര മെത്രാപ്പോലീത്താ എന്ന സർവ്വസൈന്യാധിപനു പിന്നിൽ മേൽപ്പട്ടക്കാരും പട്ടക്കാരും അൽമായനേതാക്കളും സഭാവിശ്വാസികളും അച്ചടക്കമുള്ള ഒരു സേനാവ്യൂഹം പോലെ അണിനിരന്നായിരുന്നു യുദ്ധങ്ങൾ നടന്നിരുന്നത്. സ്വന്തപക്ഷത്തോട് തികഞ്ഞ കൂറും സഭയുടെ താല്പര്യങ്ങൾ വ്യക്തിതാല്പര്യങ്ങളേക്കാളുപരിയായി കാണുകയും, സഭയ്ക്ക് വേണ്ടി ത്യാഗം സഹിക്കുന്നത് വിശ്വാസപ്രമാണമാക്കിയവരുമായ ഒരു നേതൃനിരയായിരുന്നു അന്നുണ്ടായിരുന്നത്. കൂട്ടായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന നേതൃത്വത്തിന് പിന്നിൽ ഒറ്റക്കെട്ടായി അണിനിരക്കുന്ന വിശ്വാസികൾ ജീവൻ പോലും ബലിദാനം നല്കിയാണ് സഭയുടെ വിശ്വാസവും സ്വാതന്ത്ര്യവും സംരക്ഷിച്ചിരുന്നത്.

എന്നാലിന്ന് ചിത്രം വളരെ വിഭിന്നമാണ്. സഭയിലെ വിവിധ സ്ഥാനങ്ങൾ കയ്യടക്കി വച്ചിരിക്കുന്ന സ്ഥാനികളിൽ പലരും സഭയിൽ നിന്ന് എന്ത് നേടിയെടുക്കാമെന്നല്ലാതെ സഭയുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാനുള്ള തങ്ങളുടെ കടമ നിർവ്വഹിക്കുവാൻ സന്നദ്ധരല്ല. ചിലരെല്ലാം തങ്ങളുടെ രാഷ്ട്രീയ - വ്യാവസായിക താല്പര്യങ്ങൾ സംരക്ഷിക്കുവാൻ മറുപക്ഷത്തിനുവേണ്ടി വിടുപണിചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. മറ്റു ചിലർ തരംപോലെ പക്ഷംചേർന്ന് നിന്നുകൊണ്ട് തങ്ങളുടെ സ്വകാര്യ അജണ്ടകൾ നടപ്പാക്കുന്നു.

യുദ്ധകാലത്ത് പാലിക്കേണ്ട ചില നിയമങ്ങളും മര്യാദകളും പല നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞു വന്നവയെ അന്തർദേശീയ സ്വീകാര്യതയുള്ള ഒരു ധാരണയുടെ രൂപത്തിലാക്കിയിട്ടുള്ളത് ജനീവാ കൺവൻഷൻ എന്നറിയപ്പെടുന്ന രേഖയിലൂടെയാണ്. യുദ്ധം നടക്കുമ്പോൾ ശത്രുരാജ്യത്തെ സ്ത്രീകൾ, കുഞ്ഞുങ്ങൾ, ദുർബലർ എന്നിവരുടെമേൽ അക്രമങ്ങൾ ഉണ്ടാകരുതെന്നും യുദ്ധത്തടവുകാരായി പിടിക്കപ്പെടുന്ന സൈനികരേയും സാധാരണജനങ്ങളേയും എപ്രകാരം കൈകാര്യം ചെയ്യണമെന്നും മറ്റുമുള്ള വിശദമായ നടപടിക്രമങ്ങൾ ജനീവാ കൺവെൻഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. കഠിന ശത്രുതയിലുള്ള രാജ്യങ്ങൾ പോലും ഇത് പാലിക്കാറുമുണ്ട്.

എന്നാൽ സ്വപക്ഷത്തുനിന്നു കൊണ്ട് ശത്രുരാജ്യത്തിനുവേണ്ടി ചാരവൃത്തി ചെയ്യുന്നവർക്ക് ജനീവാ കൺവൻഷന്റെ യാതൊരു സംരക്ഷണത്തിനും അർഹതയില്ല. സാധാരണഭടന്മാർക്ക് ലഭിച്ചേക്കാവുന്ന സൗജന്യങ്ങൾ പോലും ഉയർന്ന റാങ്കിലുള്ള സേനാനികൾക്ക് ലഭിക്കയില്ല. സാധാരണഗതിയിൽ അപ്രകാരമുള്ളവരെ ഒരു കോർട്ട് മാർഷലിംഗ് എന്ന പട്ടാളക്കോടതി വിചാരണപോലും കൂടാതെ കണ്ടുപിടിക്കപ്പെടുന്നയുടനെ വെടിവച്ചുകൊല്ലുക എന്ന രീതിയാണ് നടപ്പാക്കാറുള്ളത്. യാതൊരു ദാക്ഷണ്യവും ലഭിക്കാതെ അവർ ഏറ്റവും കടുത്ത ശിക്ഷയ്ക്ക് വിധേയരാവുക തന്നെ ചെയ്യും.

സഭയുടെ സുപ്രധാന സ്ഥാനങ്ങളലങ്കരിക്കുന്ന നിരവധി സ്ഥാനികൾ ഇന്ന് സഭയുടെ ശത്രുക്കളോട് ചേർന്ന് പ്രവർത്തിക്കുന്നു എന്നത് അത്ര രഹസ്യമായ കാര്യമൊന്നുമല്ല. ഏതെല്ലാം മെത്രാന്മാരും വൈദികരും അൽമായ നേതൃസ്ഥാനികളും; ഇരിക്കുന്ന കൊമ്പു മുറിച്ച ബുദ്ധിശൂന്യനായ മരംവെട്ടുകാരനെപ്പോലെ പെരുമാറുന്നുണ്ടെന്നുള്ളത് അൽമായവേദിയുടെ മുൻലക്കങ്ങൾ വായിച്ചിട്ടുള്ളവർക്ക് മനസ്സിലായിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. സർവ്വസൈന്യാധിപന്റെ ഇടത്തും വലത്തും നിന്ന് യുദ്ധം ചെയ്യേണ്ട ചില സ്ഥാനികൾ ഇന്ന് ശത്രുപക്ഷത്തോട് ചേർന്ന് സ്വന്തം സേനയ്ക്കെതിരായി ഒളിപ്പോരു നടത്തുന്ന കാഴ്ചയാണ് കാണുന്നത്. അത്തരക്കാരെ വിചാരണ പോലും കൂടാതെ ശിക്ഷിക്കുവാൻ സർവ്വസൈന്യാധിപന് അർഹതയുണ്ടെങ്കിലും പാളയത്തിൽ പട ഒഴിവാക്കുവാനാകണം അത്തരം നടപടികളിൽ നിന്നും അദ്ദേഹം ഒഴിഞ്ഞുനിൽക്കുന്നത്. അതുകൊണ്ട് ഈ സഭാദ്രോഹികളെ (യുദ്ധത്തിന്റെ ഭാഷയിൽ പറഞ്ഞാൽ രാജ്യദ്രോഹികളെ) യോഗ്യമായ രീതിയിൽ കൈകാര്യം ചെയ്യേണ്ട ചുമതല കാലാൾപ്പടയായ സാധാരണ വിശ്വാസികളിൽ വന്നുചേർന്നിരിക്കുകയാണ്.

ഒളിപ്പോരു നടത്തുന്ന ഭീരുക്കളായ വഞ്ചകരെ നേരിടുവാൻ പുസ്തകങ്ങളിലെ നിയമങ്ങൾക്കാവില്ല. ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളാണാവശ്യം. സ്ഥാനമോഹികൾ, അഴിമതിക്കാർ, സ്വന്തം രാഷ്ട്രീയ - വ്യവസായ താല്പര്യങ്ങൾക്കായി സഭയെ വെട്ടിമുറിച്ച് വിൽക്കാൻ ഒത്താശ ചെയ്യുന്നവർ എന്നിങ്ങനെയുള്ള ഒരു കൂട്ടുകെട്ട് ഇന്ന് സഭയ്ക്കുള്ളിൽ നിന്ന് അഞ്ചാം പത്തി പ്രവർത്തനം നടത്തുന്നത് സഭയുടെ സുപ്രധാന സ്ഥാനങ്ങളിലിരുന്നുകൊണ്ടാണ്. ഇത്തരക്കാരെ ശക്തിയായി നേരിടേണ്ട ചരിത്രപരമായ കർത്തവ്യം ഏറ്റെടുക്കുവാൻ സഭാസ്നേഹികളുടെ സംഘടിതശക്തി ഉണർന്നെഴുന്നേൽക്കണം. ആ ജനമുന്നേറ്റത്തിൽ പങ്കാളികളാകേണ്ടത് എല്ലാ സഭാസ്നേഹികളുടേയും കർത്തവ്യമാണ്. ❑

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## മെഡലുകൾ പലവിധമുലകിൽ

ഒരേ മെഡൽ ഒരേയാൾക്ക് എത്ര പ്രാവശ്യം സമ്മാനിക്കാം? അങ്ങനെ പ്രത്യേകിച്ച് കണക്കൊന്നുമില്ലന്നേ! ആളും തരവുമനുസരിച്ച് എത്ര വേണേലുമാകാം. മെഡലു കൊടുത്ത ആൾ റഷ്യൻ പാത്രിക്കീസും, വാങ്ങുന്ന ആൾ മലങ്കരസഭയുടെ അൽമായട്രസ്റ്റിയുമാകുമ്പോൾ പ്രത്യേകിച്ചും. മലങ്കരയിൽ നിന്നു റഷ്യയിൽ പോയ ഔദ്യോഗിക സംഘത്തിന്റെ കയ്യിൽ റഷ്യൻ പാത്രിക്കീസ് മലങ്കരസഭയുടെ അൽമായട്രസ്റ്റിക്ക് കൊടുക്കാനായി ഒരു മെഡൽ കൊടുത്തയച്ചു എന്ന് ഔദ്യോഗിക ഭാഷ്യം. പുലിക്കോട്ടിൽ തിരുമേനിയുടെ പെരുനാൾ പഴയസെമിനാരിയിലാഘോഷിച്ചപ്പോൾ അതു "ടെൻ പീപ്പിൾസ്" കാൺകെ സമ്മാനിച്ചു. സഭാമക്കൾ രോമാഞ്ചകഞ്ചുകമണിഞ്ഞു. അന്നത്തെ പരിപാടി "എറിച്ചില്ല" എന്നു തോന്നിയിട്ടാവണം ദിദിമോസ് ബാവായെക്കൊണ്ടു തന്നെ പുനർകൊടുപ്പിച്ചത്. മാധ്യമ റാണിയുടെ സ്വന്തമാളാണെങ്കിലും പരസ്യമായിട്ടാണ് ഈ "പുനരിന്റെ" ചിത്രം പ്രസിദ്ധീകരിച്ചത്. സ്വന്തക്കാരന്റെ കൈയിൽ നിന്നും ചിത്രം പ്രസിദ്ധീകരിച്ചതിന് കാശു വാങ്ങാനും മാത്രം അല്പത്വം മാധ്യമ റാണിക്കുണ്ടാകുവാൻ വഴിയില്ല. ഉത്തരവാദിത്വത്തിൽ നിന്നും കൈകഴുകുവാനായിരിക്കണം പരസ്യത്തിന്റെ വേലിക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയത്.

ഈ മെഡലും റഷ്യൻ പാത്രിക്കീസുമായി കടലും കടലാടിയും തമ്മിലുള്ള ബന്ധം പോലുമില്ലെന്നും, റഷ്യക്കു പോയ ഡലിഗേഷനിലെ ആരോ കടയിൽ നിന്നും കാശു കൊടുത്തു വാങ്ങിയ മെഡലാണെന്നും, അവറാച്ചായൻ തന്നെ ആവശ്യപ്പെട്ടിട്ടാണ് വാങ്ങിക്കൊണ്ടു വന്നതും ചടങ്ങു സംഘടിപ്പിച്ചതും എന്നും അസൂയാലുക്കൾ പറഞ്ഞു പരത്തുന്നുണ്ട്. എന്തായാലും മനോരമ കൊടുക്കാത്ത വാർത്ത വിശദമായി ആസ്വദിക്കുവാൻ പുതിയ മലങ്കരസഭാദീപം (സെപ്റ്റംബർ 1-16) വായിച്ചാൽ മതി.

# നിയമസഭാ തെരഞ്ഞെടുപ്പ്... ഒരു വടക്കൻ വീരഗാഥ!!!

"കേരളത്തിലെ ഓർത്തഡോക്സ് സഭയ്ക്ക് നീതി നഷ്ടപ്പെടുന്നത് രാഷ്ട്രീയ ഉന്നതരുടെ പിടിവലി മൂലമാണ്. നിയമസഭയിലേയ്ക്ക് മത്സരിക്കുവാൻ വേണ്ടി യോഗ്യരായ നേതാക്കന്മാർ എന്നെ വന്നു കണ്ടു. സഭ അനുഭവിക്കുന്ന വേദനയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് അവർ പറഞ്ഞില്ല. സഭയുടെ ഇന്നത്തെ പ്രതിസന്ധി അവരോട് ഞാനും പറഞ്ഞില്ല. ഹസ്തദാനം നല്കി അനുഗ്രഹിച്ചു. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഓർത്തഡോക്സ് സഭയുടെ യഥാർത്ഥ ശക്തി മറ്റുള്ളവർ മനസ്സിലാക്കും."

– പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ

"മലങ്കരസഭയെ രാഷ്ട്രീയവൽക്കരിക്കാതെ പ്രാർത്ഥനയോടെ നയിക്കണം. മുൻകാലങ്ങളിൽ പ്രതിസന്ധികളും വൈഷമ്യങ്ങളും എന്നെല്ലാം ഉണ്ടായോ അന്നെല്ലാം സഭ അവരെ നേരിട്ടത് പ്രാർത്ഥനയിലൂന്നിക്കൊണ്ടാണ്. ഇപ്പോഴത്തെ പ്രതിസന്ധികളും അപ്രകാരം തന്നെ നേരിടണം. സ്വാർത്ഥതാല്പര്യങ്ങളേക്കാളുപരി സഭയുടെ താല്പര്യങ്ങൾക്ക് നാം മുൻതൂക്കം നൽകണം"

– പൗലോസ് മാർ മിലിത്തിയോസ് (കുന്നംകുളം ഭദ്രാസനാധിപൻ)

**അലക്സ് കുര്യൻ** (അസോസിയേഷൻ അംഗം, നിരണം വലിയപള്ളി)

മേൽവിവരിച്ച പ്രവാചകതുല്യമായ രണ്ട് പ്രസ്താവനകൾ, തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കഴിഞ്ഞ മാർച്ചു മാസത്തിൽ തൃശൂർ പട്ടിക്കാട് എം.ജി.എം. നഗറിൽ പ.കാതോലിക്കാബാവായ്ക്ക് തൃശൂർ മേഖലയിലെ പള്ളികളുടെ സംയുക്താഭിമുഖ്യത്തിൽ ആയിരങ്ങളുടെ സാന്നിധ്യത്തിൽ നടത്തിയ സ്വീകരണയോഗത്തിൽ മുഴങ്ങിക്കേട്ടതാണ്. ഇക്കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പ് വിലയിരുത്തുമ്പോൾ ഈ പ്രസ്താവനകൾക്ക് എന്ത് പ്രസക്തിയെന്ന് ഒരു പക്ഷേ പ്രഥമദൃഷ്ട്യാ നമുക്ക് തോന്നിയേക്കാം. എന്നാൽ വളരെ കുറഞ്ഞ കാലയളവിനുള്ളിൽ പൂർത്തീകരിക്കപ്പെട്ട രണ്ട് പ്രവാചക ശബ്ദങ്ങളായിരുന്നു അത് എന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും.

എഴുപതുകളിൽ മലങ്കരസഭയിൽ ഉണ്ടായ ഭിന്നതകൾക്കു ശേഷം ഇത്രയും സഭാംഗങ്ങൾ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത് ഇത് ആദ്യമായിട്ടാണ്. 7 സഭാംഗങ്ങൾ ഇന്ന് എം.എൽ.എ. മാരാണ് എന്ന വസ്തുത സഭാംഗങ്ങൾക്കെല്ലാം അഭിമാനകരമായ നേട്ടമാണ്.

ഈ പ്രസ്താവനകൾ മുഴങ്ങിക്കേട്ട പട്ടിക്കാട് പ്രദേശം ഉൾപ്പെടുന്ന ഒല്ലൂർ നിയമസഭാ മണ്ഡലത്തിൽ തന്നെ ഇതിന് തുടക്കം കുറിച്ചു എന്നത് ഒരു പക്ഷേ ദൈവനിശ്ചയം ആയിരിക്കും. പട്ടിക്കാട് സമ്മേളനത്തിൽ സ്ഥലം എം.എൽ.എ. പി. പി. ജോർജിനെ ഒരുപറ്റം സഭാംഗങ്ങൾ അടുത്ത തെരഞ്ഞെടുപ്പിൽ തോൽപ്പിക്കുമെന്ന് പറഞ്ഞ് ശക്തമായ പ്രതിഷേധം അറിയിച്ചത് പിറ്റേദിവസത്തെ പത്രങ്ങളിൽ വായിച്ചപ്പോൾ അല്പം അവിവേകമായിപ്പോയോ എന്ന് സംശയിച്ചു. എന്നാൽ സഭയോട് കൂറും വിശ്വസ്തതയുമുള്ള ആ മേഖലയിലെ ഓർത്തഡോക്സ് സഭാംഗങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് പരാജയം മനസ്സിലാക്കി പി. പി. ജോർജ് തെരഞ്ഞെടുപ്പിൽ നിന്ന് മാറിനിൽക്കയും പകരം ആ പ്രദേശം ഉൾപ്പെടുന്ന മണ്ണുത്തി പഞ്ചായത്ത് പ്രസിഡന്റ് ലീലാമ്മ തോമസ്സിനെ സ്ഥാനാർത്ഥിയാക്കി യു.ഡി.എഫ്. മത്സരിപ്പിച്ചെങ്കിലും ഒരിക്കൽ പോലും ഓർത്തഡോക്സ് സഭാംഗങ്ങൾ മത്സരിച്ചിട്ടില്ലാത്ത സ്ഥലത്ത് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിച്ച സഭാംഗം രാജാജി മാത്യു തോമസ് വിജയിച്ചത് സഭാംഗങ്ങളുടെ പൂർണ്ണ പിന്തുണയിലാണ്.

ഈ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനെതിരെ ഓർത്തഡോക്സ് വിശ്വാസികളുടെ പ്രതിഷേധം എല്ലാ മേഖലകളിലും ശക്തമായിരുന്നു എന്നതിന്റെ ഒരു വ്യക്തമായ ചിത്രമാണ് ഇതിൽ നിന്നും ലഭിക്കുന്നത്.

കഴിഞ്ഞ അഞ്ചു വർഷത്തെ യു.ഡി.എഫ്. ഭരണകാലത്ത് ഒരിക്കൽ പോലും സഭയ്ക്ക് നീതി ലഭിച്ചിരുന്നില്ലായെന്നത് ഒരു വസ്തുതയാണ്. പ. ബാവാതിരുമേനിയും തിരുമേനിമാരും നിരന്തരം അപമാനിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തു. സഭാ നേതാക്കൾക്ക് ഗവൺമെന്റ് തലത്തിൽ തികഞ്ഞ അവഗണന മാത്രം ലഭിച്ചു. സഭാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിവേദനങ്ങളുമായി സമീപിക്കുന്ന ഓർത്തഡോക്സ് വിഭാഗത്തിന് ധിക്കാരപരവും നീതി നിഷേധിക്കപ്പെടുന്നതുമായ സമീപനങ്ങൾ നിരന്തരം ഭരണനേതൃത്വത്തിൽ നിന്നും പാർട്ടി നേതൃത്വത്തിൽ നിന്നും ഉണ്ടായത് വളരെയധികം ഖേദകരമാണ്.

എന്നാൽ ഇതേസമയം മറുഭാഗത്തിനു എല്ലാ സഹായങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭിച്ചു. ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വ്യക്തമായ കോടതിവിധികൾ ഉള്ള ദേവാലയങ്ങളിൽ പോലും യാക്കോബായ വിഭാഗത്തിന് തവണകൾ അനുവദിച്ചും, ഓർത്തഡോക്സ് വിഭാഗത്തിന് തവണകൾ അനുവദിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ മറുഭാഗത്തോടൊപ്പം നിന്ന് അത് മുടക്കിയും, ഓർത്തഡോക്സ് വിഭാഗക്കാരായ വൈദികരും വിശ്വാസികളും നിരന്തരം ആക്രമിക്കപ്പെടുന്നത് തടയാതെ ആക്രമികൾക്ക് സംരക്ഷണം നല്കുകയും മറ്റും ചെയ്തപ്പോൾ സഭാവിശ്വാസികളുടെ മനസ്സിൽ പ്രതിഷേധം ആളിക്കത്തിയത് സ്വാഭാവികമാണ്. വ്യക്തമായ കോടതിനിരോധന ഉത്തരവുകൾ നിലനിൽക്കുന്ന ദേവാലയങ്ങളിൽ പോലും പോലീസ് അകമ്പടിയോടെ ശ്രേഷ്ട കാതോലിക്കായും മെത്രാപ്പോലീത്താമാരും പ്രവേശിക്കുന്ന നിരന്തര സംഭവങ്ങൾ നിയമവാഴ്ചയോടുള്ള ഭരണ നേതൃത്വത്തിന്റെ വെല്ലുവിളികളായിരുന്നു. പരമോന്നത നീതിപീഠമടക്കമുള്ള കോടതികളിൽ നിന്നും കാലാകാലങ്ങളിൽ ലഭിച്ചിട്ടുള്ള ഉത്തരവുകൾക്ക് അത് എഴുതിയ പേപ്പറിന്റെ വില പോലും കല്പിക്കാത്ത ഗവൺമെന്റ് സമീപനം ജുഡീഷ്യറിയോടു തന്നെയുള്ള വെല്ലുവിളിയായി. മലങ്കര വർഗ്ഗീസ് അതിദാരുണമായി കൊല്ലപ്പെട്ട സംഭവത്തിൽ യഥാർത്ഥ പ്രതികളെ കണ്ടെത്തി നിയമനടപടികൾക്ക് വിധേയമാക്കുന്നതിന് പകരം അന്വേഷണം പരമാവധി വൈകിക്കയും യഥാർത്ഥ പ്രതികളെ സംരക്ഷിക്കുകയും ചെയ്തത് സഭാംഗങ്ങളിൽ പ്രതിഷേധം വളർത്തി. എന്തിന് ഏറ്റ വും ഒടുവിൽ നീതി തേടി സി.ബി.ഐ. അന്വേഷണത്തിന്റെ ഉത്തരവ് ലഭിക്കുവാൻ ബഹു. ഹൈക്കോടതിയെ സമീപിച്ച റ്റി. എം. വർഗ്ഗീസിന്റെ ഭാര്യയുടെ അപേക്ഷയിൽ പോലും കരുണ തോന്നാതെ തെറ്റായ സത്യവാങ്മൂലം നൽകി പ്രതികളെ സഹായിക്കുന്ന സമീപനമാണ് ഗവൺമെന്റിന്റെയും കോൺഗ്രസ് നേതൃത്വത്തിന്റേയും ഭാഗത്തുനിന്നുണ്ടായത്.

പ്രായാധിക്യം മൂലം ക്ഷീണിതനായിരുന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായെ കൊച്ചി-മൂന്നാർ ദേശീയ പാതയിൽ വരിക്കോലിയിൽ ഒരു വിഭാഗം അക്രമികൾ തടഞ്ഞ് അപായപ്പെടുത്താൻ ശ്രമിച്ചപ്പോൾ പോലീസ് തികച്ചും നിഷ്ക്രിയരായിരുന്നു.

വ്യക്തമായ കോടതിവിധിയും പതിറ്റാണ്ടുകളുടെ കൈവശാവകാശവും നിലവിലുള്ള ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ യാക്കാബായസഭയിലെ ന്യൂനപക്ഷ വിഭാഗത്തിന്റെ തെറ്റായ നീക്കങ്ങൾക്ക് പലപ്പോഴും സഹായകരമായത് കോൺഗ്രസ്സ് നേതൃത്വത്തിൽ നിന്നു ലഭിച്ച അനർഹമായ സഹായങ്ങളാണ്. മുഖ്യമ ന്ത്രി ഒപ്പിട്ട വ്യവസ്ഥകൾ പോലും പിന്നീട് അവർ തന്നെ ലംഘിച്ചു.

തൃശൂർ ഭദ്രാസനത്തിലെ പത്തോളം ദേവാലയങ്ങളിൽ എതിർവിഭാഗം കയ്യേറ്റം നടത്തിയപ്പോൾ ഗവൺമെന്റിന്റേയും കോൺഗ്രസ്സിന്റേയും നേതൃത്വങ്ങൾ എടുത്ത നിലപാടുകൾ നീതിയ്ക്കോ ന്യായത്തിനോ ഒരിക്കലും ചേരുന്നതായിരുന്നില്ല. ഭദ്രാസനാധിപൻ യൂഹാനോൻ മിലിത്തോസ് തിരുമേനിയുടേയും ഒരു പറ്റം വൈദികരുടേയും സഭയോടു കൂറുള്ള ഒരു പറ്റം വിശ്വാസസമൂഹത്തിന്റേയും ധൈര്യപൂർവ്വമായ പ്രാർത്ഥനയോടു കൂടിയുള്ള ചെറുത്തുനിൽപ്പാണ് ഗവൺമെന്റ് നീക്കങ്ങൾ പൂർണ്ണമായും വിജയിക്കാതെ പോയതിന്റെ കാരണം.

തർക്കമുള്ള പള്ളികളിൽ കോടതിവിധി നടപ്പാക്കണമെന്നും പൂട്ടിയിട്ടിരിക്കുന്ന പള്ളികൾ തുറന്ന് തരണമെന്നും ആവശ്യപ്പെട്ട് കണ്ടനാട് ഭദ്രാസനാധിപന്മാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. തോമസ്സ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനായജ്ഞത്തിന്റെ ആദ്യഘട്ടത്തിൽ തികഞ്ഞ മൗനമവലംബിക്കുകയും ജനങ്ങളുടെ പ്രതിഷേധം ശക്തമായപ്പോൾ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് തീരുമാനങ്ങൾ എടുത്ത് പ്രാർത്ഥനായജ്ഞം അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ ഒരിക്കൽപ്പോലും തീരുമാനങ്ങൾ നടപ്പിൽവരുത്താൻ അവർ സഹകരിച്ചില്ല. ഇന്ന് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആ മന്ത്രിസഭാ ഉപസമിതിയിലെ ഒറ്റ അംഗം പോലും വിജയിച്ചില്ല എന്ന വസ്തുത തികഞ്ഞ നീതിനിഷേധത്തിന്റെ പരിണിതഫലമാണ്.

വടക്കൻ പ്രദേശങ്ങളിലെ ഓർത്തഡോക്സ് സഭയുടെ ശക്തനായ വക്താവായിരുന്ന ബഹു. ജോസഫ് വെണ്ടറപ്പള്ളി അച്ചന്റെ ശവസംസ്ക്കാരദിവസം ഇന്നും വിശ്വാസികൾ ദുഃഖത്തോടെയാണ് ഓർക്കുന്നത്. ശ്രേഷ്ട കാതോലിക്കായുടെ നേതൃത്വത്തിൽ കോതമംഗലത്തു നിന്നും വന്ന ഒരു പറ്റം ജനങ്ങളുടെ സംസ്ക്കാരശൂന്യവും ക്രിസ്തീയ വിരുദ്ധവുമായ പ്രവർത്തികൾക്ക് വേദിയൊരുക്കിയതും മൃതശരീരം ആറു മണിക്കൂറോളം ഇടവക പള്ളിയായ വടവുകോട് മർത്തമറിയംപള്ളിയുടെ മുന്നിലുള്ള സഭാവക സ്കൂളിൽ വച്ച് താമസിപ്പിച്ചതും യാക്കോബായപക്ഷത്തിന് അനുകൂലമായ ഒരു ഗവൺമെന്റിന്റെ കിരാതമായ പോലീസ് നയത്തിന്റെ ഭാഗമായിരുന്നു.

ഭാരതത്തിന്റെ ചരിത്രത്തിൽ ആദ്യമായി രാഷ്ട്രപതി സ്ഥാനത്തേയ്ക്ക് സഭാംഗമായ ആദരണീയനായ പി.സി. അലക്സാണ്ടറുടെ പേര് പൊതുസമ്മതമായി നിർദ്ദേശിക്കപ്പെട്ടപ്പോൾ അതിനെ അട്ടിമറിച്ചത് കേരളത്തിലെ സമുന്നതനായ ഒരു കോൺഗ്രസ്സ് നേതാവിന്റെ നേതൃത്വത്തിലായിരുന്നു. കുറച്ചുകാലം കഴിഞ്ഞ് സഭയുടെ ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട ഒരു ചടങ്ങിൽ ആ നേതാവിനെ വേദിയിലിരുത്തി ആവശ്യത്തിലധികം സ്തുതിഗീതങ്ങൾ ചൊരിഞ്ഞ സഭാ സെക്രട്ടറിയുടെ നിലപാട് വേദിയിലും പുറത്തും ഇരുന്നവരെ ഒരു പോലെ അത്ഭുതപ്പെടുത്തി.

കോൺഗ്രസ് സമിതികളിൽ പോലും സഭാംഗങ്ങളെ ഒഴിച്ചുനിറുത്തി. ഡി.സി.സി. പ്രസിഡന്റുമാർ, കെ. പി.സി.സി. ഭാരവാഹികൾ, പാർലമെന്റ് സ്ഥാനാർത്ഥികൾ, രാജ്യസഭാ സ്ഥാനാർത്ഥികൾ, കോർപ്പറേഷനുകൾ, പ്ലാനിംഗ് ബോർഡ് എന്നിവയിലെല്ലാം സഭാംഗങ്ങളെ പൂർണ്ണമായും ഒഴിവാക്കി. ഏറ്റവും ഒടുവിൽ നിയമസഭയിലേയ്ക്ക് 77 സീറ്റിൽ മത്സരിച്ച കോൺഗ്രസ്സിന് അതിൽ ഒരു സീറ്റെങ്കിലും സഭാംഗത്തിന് കൊടുക്കുവാൻ ഉമ്മൻചാണ്ടിയുടേയും രമേശ് ചെന്നിത്തലയുടേയും നേതൃത്വത്തിലുള്ള കോൺഗ്രസ്സിന് കഴിഞ്ഞില്ലായെന്നത് സഭയോടുള്ള അവഗണനയുടെ ആഴം വ്യക്തമാക്കുന്നു. സഭയുടെ കാര്യമായ പിന്തുണ പലപ്പോഴും ലഭിച്ചിട്ടില്ലാത്ത സി.പി.എം., സി.പി.ഐ., ഡി.ഐ.സി., കേരളാ കോൺഗ്രസ്സുകാർ ഒക്കെ സഭാംഗങ്ങൾക്ക് സീറ്റുകൾ നല്കി അത്യാവശ്യം പരിഗണന നല്കിയപ്പോൾ അമ്പതിലേറേ നിയമസഭാ മണ്ഡലങ്ങളിൽ സഭാംഗങ്ങളുടെ ലക്ഷക്കണക്കിന് വോട്ടുകൾ വാങ്ങി സ്ഥിരമായി വിജയിക്കുന്ന കോൺഗ്രസ്സ് നേതാക്കൾ പൂർണ്ണമായും സഭയെ ഒഴിവാക്കി. മറിച്ച് ആറോ ഏഴോ മണ്ഡലങ്ങളിൽ മാത്രം ഒതുങ്ങുന്ന യാക്കോബായ വിഭാഗത്തിന് പ്രത്യേക പാക്കേജ് തന്നെ പ്രഖ്യാപിക്കുവാൻ താല്പര്യം കാട്ടി.

യു.ഡി.എഫ്. അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം ഏറ്റുവാങ്ങിയതിന്റെ ഒരു പ്രധാന കാരണം ഈ പശ്ചാത്തലത്തിലാണ് മനസിലാക്കേണ്ടത്. സഭാപ്രശ്നം അതീവരൂക്ഷമായിരുന്ന തൃശൂർ, എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ യുഡി.എഫ്. ഏറെക്കുറെ പൂർണ്ണമായും തറപറ്റി. എന്നാൽ ഏറ്റവും അധികം ശ്രദ്ധേയമായ തെരഞ്ഞെടുപ്പ് ഫലങ്ങൾ എറണാകുളം ജില്ലയിലായിരുന്നു. ഓർത്തഡോക്സ് സഭാംഗങ്ങളുടെ പ്രതിഷേധ കൊടുങ്കാറ്റിൽ യാക്കോബായ വിഭാഗത്തിന്റേയും കോൺഗ്രസ്സിന്റേയും കോട്ടകൾ എന്ന് അവകാശപ്പെട്ടിരുന്ന മേഖലകൾ ഓരോന്നായി തകർന്നടിഞ്ഞു. യാക്കോബായസഭയും കോൺഗ്രസ്സും തമ്മിൽ കുത്തകപാട്ട വ്യവസ്ഥ നിലനിന്നിരുന്ന മണ്ഡലങ്ങൾ എല്ലാം സഭാംഗങ്ങളുടെ പ്രതിഷേധ കൊടുങ്കാറ്റിൽ തറപറ്റി.

കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ്, കൊച്ചി, അങ്കമാലി വെസ്റ്റ്, അങ്കമാലി ഈസ്റ്റ് എന്നീ ഭദ്രാസനങ്ങളിലെ വൈദികരും, വിശ്വാസികളും ഭദ്രാസന നേതൃത്വങ്ങളും പ്രകടിപ്പിച്ച ഐക്യവും ആവേശവും ശ്രദ്ധേയമായി. പിറവത്തും കുന്നത്തുനാട്ടിലും മൂവാറ്റുപുഴയിലും കോതമംഗലത്തും ഓർത്തഡോക്സ് സഭയെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്ന വൻമരങ്ങൾ കടപുഴകി. യാക്കോബായസഭയുടെ കമാൻഡർമാർ ഓർത്തഡോക്സുകാരായ സിവിലിയൻമാരുടെ മുമ്പിൽ മുട്ടു മടക്കി.

കഴിഞ്ഞ കാൽനൂറ്റാണ്ടു കാലമായി പിറവത്തും കോതമംഗലത്തും തുടർച്ചയായി മാറിമാറി വിജയിച്ചിരുന്ന ടി.എം. ജേക്കബിനെ ഓർത്തഡോക്സ് സഭാംഗവും കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വടകര സെന്റ് ജോൺസ് സുറിയാനിപള്ളി ഇടവകാംഗവും നിലവിൽ ജില്ലാ പഞ്ചായത്ത് അംഗവുമായ എം. ജെ. ജേക്കബ് പരാജയപ്പെടുത്തിയത് യാക്കോബായനേതൃത്വത്തെ പോലും ഞെട്ടിച്ച സംഭവമാണ്. ഓർത്തഡോക്സ് സഭയെ ഏറ്റവും അധികം ദ്രോഹിച്ചിരുന്ന ഒരു രാഷ്ട്രീയ നേതാവായിരുന്നു റ്റി.എം. ജേക്കബ് എന്നത് പലർക്കും അറിയാവുന്ന വസ്തുതയാണ്. യാക്കോബായ സഭയുടെ പ്രതിനിധിയായി എല്ലാ യു.ഡി.എഫ്. മന്ത്രിസഭകളിലും അംഗമാകുകയും, മന്ത്രിസഭായോഗങ്ങളിൽ ഓർത്തഡോക്സ് സഭയ്ക്കെതിരെ കടുത്ത നിലപാടുകൾ എടുക്കുകയും, മറ്റു മന്ത്രിമാരെ സ്വാധീനിച്ച് സഭയുടെ ന്യായമായ അവകാശങ്ങൾക്ക് പോലും എതിരു നിൽക്കുകയും ചെയ്ത അദ്ദേഹത്തിന്റെ പരാജയം അർഹിക്കുന്നത് തന്നെയാണ്.

കാലംചെയ്ത ജോസഫ് മാർ പക്കോമിയോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ് എന്നീ തിരുമേനിമാരും ഇപ്പോഴത്തെ മാത്യൂസ് മാർ സേവേറിയോസ്, സഖറിയ മാർ അന്തോണിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ് എന്നിവരും അദ്ദേഹത്തിന്റെ രാഷ്ട്രീയ കുതന്ത്രങ്ങൾക്കു മുന്നിൽ ദുഃഖിക്കേണ്ടി വന്നിട്ടുള്ളവരാണ്. ദീർഘകാലമായി ആലുവാ നെടുമ്പാശേരി മാർ അത്താനാസിയോസ് ഹൈസ്കൂൾ മാനേജരായിരുന്ന കാലം ചെയ്ത ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയെ മാനേജർ സ്ഥാനത്തുനിന്നു മാറ്റി പകരം തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ അവരോധിക്കുവാൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അദ്ദേഹത്തിന് ഒരു നിമിഷം മതിയായിരുന്നു. എന്നാൽ ഹൈക്കോടതി യഥാസമയം ഇടപെട്ടതുകൊണ്ട് അദ്ദേഹത്തിന്റെ അനീതിയും സ്വജനപക്ഷപാതവും നടപ്പിൽവരുത്തുവാൻ കഴിഞ്ഞില്ലാ എന്നത് സമീപകാല ചരിത്രമാണ്. അദ്ദേഹം സ്വകാര്യ സംഭാഷണങ്ങളിൽ പറയുന്നതുപോലെ എന്റെ വീട്ടിൽ കള്ളൻ കയറുവാൻ അനുവദിക്കുകയില്ല എന്നതായിരുന്നു സഭാപ്രശ്നങ്ങളിൽ ഓർത്തഡോക്സ് സഭയോടുള്ള അദ്ദേഹത്തിന്റെ സമീപനം. ഏറ്റവും ഒടുവിൽ തൃക്കുന്നത്ത് സെമിനാരിയിൽ അദ്ദേഹം നടത്തിയ രാഷ്ട്രീയനാടകം അദ്ദേഹത്തിന്റെ പതനം ഉറപ്പുവരുത്തി. കയ്യേറ്റശ്രമം നടത്തിയ ശ്രേഷ്ടകാതോലിക്കായെ ഡി.ഐ.സി. ലീഡർ കെ. കരുണാകരൻ സന്ദർശിച്ച് പ്രശ്നം രാഷ്ട്രീയവൽക്കരിക്കുകയും യാക്കോബായസഭയിലെ ന്യൂനപക്ഷത്തിന്റെ വികാരം ആളിക്കത്തിക്കുകയും അതിന്റെ മറവിൽ നടത്തിയ കാറു കത്തിക്കലും പോലീസ് ലാത്തിച്ചാർജുമൊക്കെ നാറിയ അദ്ധ്യായങ്ങളാണ്. ആലുവായിലെ പരിശുദ്ധ പിതാക്കന്മാരുടെ പെരുനാൾ പോലും സമാധാനമായി നടത്താൻ സമ്മതിക്കാത്തവർക്ക് കൂട്ടുനിൽക്കുന്ന അദ്ദേഹത്തിന്റെ പ്രവർത്തികൾ ആത്മീയമായും ലൗകീകമായും പ്രശംസ അർഹിക്കുന്നില്ല. ഏറ്റവും ഒടുവിൽ പാമ്പാക്കുട ചെറിയപള്ളിയിലെ യുവജനപ്രസ്ഥാനം അംഗങ്ങൾക്കെതിരെ വ്യാജ കേസ് കൊടുത്തും അദ്ദേഹം മുന്നേറിയപ്പോൾ മറുഭാഗത്ത് സഭാംഗങ്ങൾ ശക്തമായ നിലപാട് എടുക്കുകയായിരുന്നു. ഇരുപതോളം പള്ളികളും എണ്ണായിരത്തോളം ഭവനങ്ങളും മുപ്പതിനായിരത്തിലേറെ ഓർത്തഡോക്സ് വോട്ടർമാരുമുള്ള പിറവത്ത് ടി.എം.ജേക്കബ് തോൽവി വിലയ്ക്ക് വാങ്ങുകയായിരുന്നു.

കുന്നത്തുനാട്ടിൽ യാക്കോബായസഭയുടെ മുന്നണിപോരാളിയും യു.ഡി.എഫ്. കൺവീനറുമായിരുന്ന കമാണ്ടർ പി.പി. തങ്കച്ചന്റെ പതനം ഉറപ്പുവരുത്തിയത് ഓർത്തഡോക്സ് സഭാംഗങ്ങളെ തന്നെ ഞെട്ടിച്ചു. കഴിഞ്ഞ ഭരണകാലത്ത് സഭയ്ക്ക് അനുഭവിക്കേണ്ടി വന്ന പല നീതിനിഷേധങ്ങൾക്കും അവഗണനകൾക്കും ഒക്കെ പിന്നിൽ അദ്ദേഹത്തിന്റെ കറുത്ത കരങ്ങൾ ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. ഓർത്തഡോക്സ് സഭാംഗവും കൊച്ചി ഭദ്രാസനത്തിന്റെ വൈപ്പിൻകരയിലെ അയ്യമ്പള്ളി സെന്റ് ജോൺസ് ഇടവകാംഗവും ജില്ലാ സഹകരണബാങ്ക് പ്രസിഡന്റുമായ എം.എം.മോനായി തെരഞ്ഞെടുക്കപ്പെട്ടത് സഭയ്ക്ക് അങ്ങേയറ്റം അഭിമാനകരമാണ്. യാക്കോബായസഭയുടെ ശക്തികേന്ദ്രവും പുത്തൻകുരിശിലെ സഭാകേന്ദ്രവും ഒക്കെ ഉൾക്കൊള്ളുന്ന കുന്നത്തുനാട്ടിലെ വിജയം അത്ഭുതകരമാണ്. പതിനെട്ടോളം ദേവാലയങ്ങളും ഏഴായിരത്തോളം ഭവനങ്ങളും മുപ്പതിനായിരത്തോളം ഓർത്തഡോക്സ് വോട്ടർമാരുമുള്ള കുന്നത്തുനാട് നിയോജകമണ്ഡലം യാക്കോബായ സഭയുടെയല്ല മറിച്ച് ഓർത്തഡോക്സ് സഭയുടെ ശക്തികേന്ദ്രമാണെന്ന് ഇപ്പോൾ പലർക്കും ബോധ്യമായിക്കാണും. പെരുമ്പാവൂരിൽ രണ്ടു പ്രാവശ്യം സഭാംഗങ്ങളുടെ രോഷത്തിൽ പരാജയം നേരിട്ട പി. പി. തങ്കച്ചൻ സുരക്ഷിത മണ്ഡലമായ കുന്നത്തുനാട്ടിലെ തോല്വിയിലൂടെ ഹാട്രിക് പൂർത്തിയാക്കി.

മൂവാറ്റുപുഴയിൽ ഓർത്തഡോക്സ് സഭാംഗവും സി.പി.ഐ. ജില്ലാ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് മെംബറുമായ ബാബുപോൾ നേടിയ വിജയം ശ്രദ്ധേയമായി. അങ്കമാലി വെസ്റ്റ് ഭദ്രാസനത്തിലെ കുന്നക്കുരുടി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ അദ്ദേഹത്തിന് കണ്ടനാട് ഭദ്രാസനത്തിലെ വിശ്വാസികളുടെ നിർലോഭമായ പിന്തുണ ലഭിച്ചുവെന്നത് അദ്ദേഹത്തിന്റെ ഭൂരിപക്ഷം വ്യക്തമാക്കുന്നു.

കോൺഗ്രസ് നേതൃത്വം ഓർത്തഡോക്സ് സഭയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് യാക്കോബായ സഭയ്ക്ക് പ്രത്യേക പാക്കേജിലൂടെ മൂന്നു സ്ഥാനാർത്ഥികളെ നിശ്ചയിച്ചത് വിജയം ഉറപ്പാക്കുന്ന

(ശേഷം 8-ാം പേജിൽ)

## ഓഫ് സൈഡ് - ഓഫ് സൈഡ്

### മോഷണവിദഗ്ധന്റെ പുതിയ മോഹം

സാഹിത്യമോഷണത്തിന് കായങ്കുളം കൊച്ചുണ്ണി അവാർഡ് നേടിയ ഒരു മഹാനുണ്ട്. സാക്ഷാൽ പരുമല തിരുമേനിയുടെ രചന വരെ മോഷ്ടിച്ച് സ്വന്തം പേരിലാക്കിയ മഹാൻ. സഭയുടെ ചിലവിലാണ് ടിയാന്റെ ലീലാവിലാസങ്ങൾ. ആരെങ്കിലും തിരുവായ്ക്കെതിരു പറഞ്ഞാൽ ജോലി ചെയ്യുന്ന പത്രസ്ഥാപനത്തിന്റെ പേരു പറഞ്ഞ് വിരട്ടും.

സമീപകാലത്ത് ടിയാൻ കളം മാറി ചവിട്ടി. ചാനലിലേയ്ക്കു തിരിഞ്ഞു. ഇന്റർവ്യൂ ചെയ്യുക മാത്രമല്ല സദയം ഇന്റർവ്യൂവിനു ഇരുന്നുകൊടുക്കുകയും ചെയ്തു. അതും പതിവുപോലെ സഭയുടെ ചിലവിൽ, സഭയ്ക്ക് ഒരു സുവിശേഷ ചാനൽ അനുവദിച്ച സമയത്ത്.

ടിയാന്റെ പത്രമുതലാളി സമീപകാലത്താരംഭിച്ച ചാനലിൽ കയറിപ്പറ്റാനുള്ള പരീക്ഷണ പറക്കലാണെന്നാണ് പലരും സംശയിച്ചത്. പിന്നീടല്ലേ കെണി പിടികിട്ടിയത്. ഓർത്തഡോക്സ് സഭ ഒരു ചാനലു തുടങ്ങാൻ പോണെന്ന് ആരോ ഇന്റർനെറ്റിൽ തട്ടിവിട്ടു. അതു തുടങ്ങുമ്പം അതിൽ ഡയറക്ടറായി കേറിപ്പറ്റാനാണത്രെ ഈ വേഷം കെട്ടിയത്. എങ്ങാനും മുൻകാല പരിചയം ചോദിച്ചെങ്കിലോ എന്നു വിചാരിച്ച്.

# കേസ് വിദഗ്ധൻ എന്ന യോഗ്യത കാതോലിക്കാ സ്ഥാനത്തേയ്ക്കാവശ്യമോ?

**ക്യാപ്റ്റൻ കോശി മത്തായി** (വൈസ് പ്രസിഡണ്ട്, അൽമായവേദി)

പ്രാർത്ഥനാജീവിതമുള്ള, ഭരണപാടവമുള്ള, സഭാസ്നേഹിയായ, ജനങ്ങളോടു കരുണയും, കരുതലുമുള്ള വേദശാസ്ത്രപരമായും, പാരമ്പര്യങ്ങളെ സംബന്ധിച്ചും പാണ്ഡിത്യമുള്ള വ്യക്തിയെയാണ് കാതോലിക്കോസ് – മലങ്കര മെത്രാപ്പോലീത്താ സ്ഥാനിയിൽ ജനങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ ഇപ്പോൾ ഒരു വിഭാഗമാളുകൾ പറയുന്നത് കേസ് വിദഗ്ധനും സൂത്രശാലിയുമായ ഒരാൾ വേണം സഭയുടെ തലവനായി വരേണ്ടത് എന്നാണ്. മലങ്കരസഭയെ എന്നും നിലനിർത്തിയിട്ടുള്ളത് സഭാനായകന്മാരായിരുന്ന മഹാതാപസന്മാരുടെ ദൈവാശ്രയം എന്ന കോട്ടയാണ്. വ്യവഹാരപ്രിയന്മാരും സ്ഥാനമോഹികളും വക്രബുദ്ധികളും എതിർപക്ഷത്തുണ്ടായപ്പോൾ അതിനെ മലങ്കരസഭ നേരിട്ടത് പ്രാർത്ഥനാവീരന്മാരും ഭരണനിപുണരും പണ്ഡിതരുമായ നേതാക്കളുടെ ജീവിത വിശുദ്ധിയിലൂടെയാണ്.

കേസു വിദഗ്ദ്ധനും സൂത്രശാലിയുമായ കാതോലിക്കാ – മലങ്കര മെത്രാപ്പോലീത്താ വേണമെന്നു പ്രചരിപ്പിക്കുന്നവർ, ആ സ്ഥാനത്തേയ്ക്ക് യോഗ്യനായി കാണുന്നത് മാർ മക്കാറിയോസിനെയാണ്. അദ്ദേഹം ഇതുവരെ ഏതു കേസ് എപ്പോൾ നടത്തി കഴിവു തെളിയിച്ചിട്ടുണ്ട് എന്ന് പറയുന്നില്ല. 1958 ലെ കേസ് വിജയിപ്പിച്ചതിന്റേയും ദേവലോകം അരമന ദിവസങ്ങൾക്കുള്ളിൽ വാങ്ങിയതിന്റെയും മഹത്വം സ്വന്തമാക്കുവാൻ മാർ മക്കാറിയോസും, അങ്ങിനെ പ്രചരിപ്പിക്കുവാൻ അനുയായികളും കൊണ്ടുപിടിച്ച ശ്രമം നടത്തുന്നു. അതിന്റെ വസ്തുതകൾ പരിശോധിക്കാം. 1958 ലെ കേസു സംബന്ധിച്ച് ചെറുതും വലുതുമായ പങ്കു വഹിച്ച പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അവരെല്ലാം സാക്ഷിക്കുന്നത് കേസ് നടത്തിപ്പിന് പ്രധാന പങ്കു വഹിച്ചവർ അഡ്വ. എം. ഏബ്രഹാം, അഡ്വ. കെ. ചെറിയാൻ, ഇ. ജെ. ജോസഫ് എറികാട്ട്, കുര്യൻ ഏബ്രഹാം ഉപ്പൂട്ടിൽ എന്നീ അൽമായക്കാരും മണലിൽ യാക്കാബച്ചൻ, കെ. ഫിലിപ്പോസ് കത്തനാർ (പിന്നീട് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) എന്നീ വൈദികരും പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ് (പിന്നീട് മാത്യൂസ് പ്രഥമൻ കാതോലിക്കാ) എന്നീ മേൽപ്പട്ടക്കാരുമായിരുന്നു എന്നാണ്. ഫാ. കെ. സി. തോമസ് (ഇന്നത്തെ മാർ മക്കാറിയോസ്) ഡൽഹി പള്ളി വികാരിയായതിനാൽ ഇവിടെനിന്നും ഡൽഹിയിലെത്തുന്നവർക്ക് താമസ സൗകര്യം തുടങ്ങിയവ ക്രമീകരിക്കുന്നതിലപ്പുറം മറ്റൊന്നിലും ഉൾപ്പെട്ടിരുന്നതായി ആർക്കുമറിവില്ല.

ദേവലോകം അരമന 1951 ൽ വാങ്ങിയപ്പോൾ അന്നത്തെ കെ. സി. തോമസ്സ് ശെമ്മാശൻ എന്തെങ്കിലും ചില്ലറ "പൊട്ടും പൊടിയും" ജോലികൾ ചെയ്തിട്ടുണ്ടാവാം. ബുദ്ധികേന്ദ്രങ്ങളും, അദ്ധ്വാനിച്ചവരും കാശു മുടക്കിയതും വേറേ യോഗ്യന്മാരാണ്. കെ. സി. മാമ്മൻമാപ്പിള, എം. സി. മാത്യു മാളിയേക്കൽ, ഇ. ജെ. ജോസഫ് എറികാട്ട്, കെ. ഫിലിപ്പോസ് കത്തനാർ (പിന്നീട് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) എന്നിവരുടെ നേതൃത്വത്തിലാണത് നടന്നത്.

അന്നത്തെ സുപ്രീംകോടതി ബഞ്ചിനെ – ചീഫ്ജസ്റ്റീസ് എസ്. ആർ. ദാസ്, ബി. വി. സിൻഹ, ഭഗവതി, കനേറിയ തുടങ്ങിയ അതിപ്രഗത്ഭരും അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനോ, പ്രസിഡണ്ടായിരുന്ന രാജേന്ദ്രപ്രസാദിനോ പോലും സ്വാധീനിക്കുവാൻ സാധിക്കാത്തവരുമായ ജഡ്ജിമാരെ – ഒരു യുവ പുരോഹിതൻ സ്വാധീനിച്ചു എന്നു പറയുന്നത് ഓർത്തഡോക്സുകാരന്റെ സാമാന്യബുദ്ധിയെപ്പറ്റിയുള്ള തികഞ്ഞ അജ്ഞത കൊണ്ടാണ്.

ദശാബ്ദങ്ങൾ ഭരിച്ച ഭദ്രാസനത്തിന് ഒരു ആസ്ഥാനം പോലും ഉണ്ടാക്കിയിട്ടില്ലാത്തയാൾ മണിക്കൂറുകൾകൊണ്ട് ദേവലോകം ശുദ്ധീകരിച്ച് സഭയെ നേരെയാക്കുമെന്ന് പറയുന്നത് ആരു വിശ്വസിക്കാനാണ്? കേസും മറ്റും ഉടനടി പരിഹരിക്കുമെന്നു പറയുന്ന ഇദ്ദേഹത്തെ ഒരു സമയത്ത് കേസ് നടത്തിപ്പ് ഏൽപ്പിച്ചതാണല്ലോ. എന്നിട്ടെന്തായി? എറണാകുളത്ത് ഒരു ഓഫീസ് തുറന്നു, ഡൽഹിയിലേയ്ക്ക് ഒരു ദിവസത്തെ സന്ദർശനം നടത്തി ഒരു ലക്ഷം രൂപാ പൊടിച്ചു. അത്ര തന്നെ. പിന്നീട് കേൾക്കുന്നത് അദ്ദേഹം അമേരിക്കയിലെത്തി എന്നാണ്. ഇതാണ് തെളിയിക്കപ്പെട്ട പ്രവർത്തന പാരമ്പര്യം.

മെത്രാപ്പോലീത്താമാർക്ക് ട്രാൻസ്ഫർ വേണമെന്നും 75 വയസ്സിൽ റിട്ടയർ ചെയ്യണമെന്നും മാനേജിംഗ് കമ്മറ്റിയിൽ ഘോരഘോരം വാദിച്ച ചിലർ ഇപ്പോൾ 82 വയസ്സായ മെത്രാനെ നിയുക്ത കാതോലിക്കായാക്കുവാൻ ഓടിനടന്നു പ്രവർത്തിക്കുന്നതും പ്രചരിപ്പിക്കുന്നതും കാണുമ്പോൾ സഭാവിശ്വാസികൾ മൂക്കത്ത് വിരൽ വച്ചുപോകുന്നു. ഇത്തരം ഓന്തിനു നിറം മാറുന്നതുപോലെ അഭിപ്രായം മാറുന്നവരെ തിരഞ്ഞെടുത്ത ജനം ചെയ്തുപോയ അബദ്ധത്തെപ്പറ്റി വിലപിക്കുന്നു.

കാതോലിക്കാബാവായുടെ ചുമതലകൾ മേൽപ്പട്ടക്കാരെ വാഴിക്കുക, മൂറാൻ കൂദാശ നടത്തുക, പ. എപ്പിസ്കോപ്പൽ സുന്നഹദോസിനെ നയിക്കുക മുതലായവയാണ്. മറ്റു മാർഗ്ഗങ്ങൾ അടഞ്ഞപ്പോൾ മനസ്സോടെയല്ലെങ്കിലും അവർക്ക് കോടതി വ്യവഹാരങ്ങളിൽ ഇടപെടേണ്ടി വന്നിട്ടുണ്ട്. പക്ഷേ ഒരിക്കലും കേസ് നടത്തിപ്പ് പൗരസ്ത്യ കാതോലിക്കായുടെ പ്രധാന ചുമതലയായിരുന്നില്ല, ആകുകയുമരുത്.

❑

## മാർ മക്കാറിയോസിന്റെ അവകാശവാദങ്ങൾ

സത്യത്തോട് പുലബന്ധം പോലുമില്ലാത്ത തോമസ് മാർ മക്കാറിയോസിന്റെ അവകാശവാദങ്ങൾ ഇന്ന് ആളുകൾക്ക് പറഞ്ഞു ചിരിക്കാനുള്ള വക ആവശ്യത്തിലേറെ നൽകുന്നു. സ്വന്തമായി എടുത്തുപറയത്തക്ക നേട്ടങ്ങളൊന്നുമില്ലാത്തതിനാൽ മറ്റുള്ളവർ കഷ്ടപ്പെട്ട് പ്രവർത്തിച്ച പലതിന്റേയും പിതൃത്വം സ്വയം ഏറ്റെടുക്കുകയാണ്. ചില സാമ്പിളുകൾ.

ദേവലോകം അരമന വാങ്ങിയതിനു പിന്നിൽ കെ. സി. തോമസ് ശെമ്മാശനായിരുന്നപ്പോൾ പ്രവർത്തിച്ചിരുന്നത്രേ. 1958 ലെ കേസിന്റെ വിധി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമാക്കുവാൻ അദ്ദേഹം പിന്നണിയിൽ നിന്ന് പ്രവർത്തിച്ചത്രേ!

ഇതിനെയെല്ലാം കടത്തിവെട്ടുന്ന വമ്പൻ പീസ് കാണണമെങ്കിൽ അൽമാ കോളജിന്റെ വെബ്സൈറ്റ് സന്ദർശിക്കുക. *http://www.alma.edu/about/family/faculty/makarios*

മാർ മക്കാറിയോസ് പഠിപ്പിക്കുന്ന അമേരിക്കയിലുള്ള കോളജാണ് അൽമാ. താമസിക്കുന്നതും അവിടെ തന്നെ.

മൂന്നാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു: *"He is the founder and leader of the U.S.-Canada Diocese of the Malankara Orthodox Church of India, founded by Saint Thomas, an apostle of Christ, in India in 52 A.D. Since the mid-19th century, only Makarios family members have been priests or bishops in the church"*

19–ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ മക്കാറിയോസ് കുടുംബാംഗങ്ങൾ മാത്രമാണ് ഈ സഭയിൽ പട്ടക്കാരോ, മേൽപട്ടക്കാരോ ആയിട്ടിരുന്നിട്ടുള്ളതെന്ന്. നട്ടാൽ കിളുക്കുന്ന നുണ എന്ന് കേട്ടിട്ടുണ്ട്. കണ്ടതിപ്പോഴാണ്.

## പുതുപ്പള്ളി പള്ളിക്ക് ബദൽ പുറംപോക്ക് പള്ളി

ചരിത്രപ്രസിദ്ധമായ പുതുപ്പള്ളി പള്ളിക്ക് ബദലായി, പള്ളി മറയത്തക്കവണ്ണം ഉദ്യോഗസ്ഥ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ബൈപ്പാസ് റോഡിന്റെ പുറംപോക്ക് കൈവശപ്പെടുത്തി നേരത്തെ ഉണ്ടായിരുന്ന ഇഷ്ടികക്കളം ചാപ്പലാക്കി, ചാപ്പൽ പാത്രിയർക്കാ പള്ളിയാക്കി. ഇപ്പോൾ സർവ്വ സാമൂഹ്യനീതിയെയും വെല്ലുവിളിച്ചും പി. ഡബ്ലിയു. ഡി., പഞ്ചായത്ത് നിയമങ്ങളെയും ഗവൺമെന്റിന്റെ അനധികൃത കെട്ടിടനിർമ്മാണ ഉത്തരവിനെയും വരെ കാറ്റിൽപറത്തി തകൃതിയായി "പുറംപോക്ക് പള്ളി" പടുത്തുയർത്തുന്നു. മാധ്യമങ്ങളും രാഷ്ട്രീയക്കാരും ചാനലുകളും കണ്ണു തുറക്കുന്നുമില്ല. ജനുവരിയിൽ പാത്രിയർക്കീസിനെ വരുത്തി രാഷ്ട്രീയ പ്രമുഖർക്കും മാധ്യമ റാണിക്കും വിലസാനും അവസരം ഒരുക്കുന്നു. ഇവിടെ ആദ്യം നിർമ്മിച്ച കെട്ടിടം പൊളിച്ചു പണിയരുതെന്നും, പുറത്തേക്ക് മൈക്ക് ഉപയോഗിക്കരുതെന്നും നിരോധനവും ഉള്ളതാണ്. ഈ അനധികൃത നിർമ്മാണം നടക്കുന്നത് പ്രതിപക്ഷ നേതാവിന്റെ മുന്നിലാണെന്നതും കൗതുകം തന്നെ.

# അച്ചനും കൊച്ചനും (ഭാഗം 8)

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ, ദിദിമോസ് ബാവായ്ക്ക് നിരോധനം കിട്ടി. ബാവാ സ്ഥാനം ഏൽക്കാതിരിക്കാൻ സഹായിക്കണം, പണം മുടക്കാം എന്നു പറഞ്ഞവരും നമ്മളും എത്രനാൾ ശ്രമിച്ചിട്ടാ ഒരു അഡീഷനൽ മുൻസിഫിനെ എങ്കിലും ഒത്തുകിട്ടിയത്. രക്ഷപ്പെട്ടു.

അച്ചൻ: നമ്മുടെ ശ്രേഷ്ഠ ബാവായ്ക്ക് മുൻസിഫ് മുതൽ സുപ്രീംകോടതി വരെ നിരോധനം ഉണ്ടല്ലോ. എന്നിട്ട് എന്തായി? അതുപോലെയിരിക്കും.

കൊച്ചൻ: അല്ല അച്ചാ. നമ്മുടെ ബാവായ്ക്ക് രാഷ്ട്രീയ മാധ്യമ സപ്പോർട്ടും, നമ്മുടെ സഭയിലെ പാവപ്പെട്ടവന്റെ ആത്മാർത്ഥമായ സഹായസഹകരണവും ഉണ്ട്. തന്നെയുമല്ല അല്പസ്വല്പം ഇടംകേടുകാരായ മെത്രാന്മാരെ മറുപക്ഷത്തും എത്തിച്ചു. സഭയുടെ നിയന്ത്രണം ബാവാ തനിയെ നടത്തുന്നു. ദിദിമോസ് ബാവായുടെ ഈ നിരോധനം ഉണ്ടാക്കിയെടുത്തത് നമ്മുടെ പേരിലാണെങ്കിലും അദ്ദേഹത്തോടൊപ്പമുള്ള ചില യൂദാസുകളായ മെത്രാന്മാരും രാഷ്ട്രീയക്കാരും, പത്രക്കാരും ഒക്കെയാ അതിനു പിറകിൽ.

അച്ചൻ: നീ പറഞ്ഞതും ശരിയാ. 19–ാം തീയതിയിലെ മനോരമയിൽ പാമ്പാടി തിരുമേനിയുടെ നാമത്തിലുള്ള സ്ഥാപനങ്ങൾക്ക് ബദലായി പരിശുദ്ധ പെരുമ്പള്ളി തിരുമേനിയുടെ നാമത്തിൽ പാമ്പാടിയിൽ പൂർണ്ണ ശാന്തിയുണ്ടാക്കുവാൻ ഒരു ശാന്തിഭവൻ കൂദാശ നടന്നതിൽ അവരുടെ പാമ്പാടിയിലെ റമ്പാനും ഉണ്ടായിരുന്നു. അതാണു ക്രൈസ്തവം.

കൊച്ചൻ: എന്റെ അച്ചാ, പുതുപ്പള്ളി പള്ളിയുടെ പുതിയ കുരിശടിയ്ക്ക് കല്ലിടുന്നിടത്ത് പോകാതെ പ്രതിപക്ഷനേതാവ് നമ്മുടെ മീനടംപള്ളിയുടെ കല്ലിടീലിൽ പങ്കെടുത്ത പടവും 19–ാം തീയതിയിലെ മനോരമയിലുണ്ട്.

അച്ചൻ: പുതുപ്പള്ളിപ്പള്ളിപടിക്കൽ പുറംപോക്ക് പള്ളി പണിതിട്ടും ഒറ്റ ഓർത്തഡോക്സ്കാരും പ്രതികരിച്ചില്ല. രാഷ്ട്രീയക്കാരും, പത്രക്കാരും, വിവരമുള്ള സമ്പന്നന്മാരായ ഓർത്തഡോക്സുകാരും നമുക്ക് ഒപ്പമാ.

കൊച്ചൻ: അതെന്താ അച്ചാ അങ്ങിനെ?

അച്ചൻ: വ്യക്തികൾ വളർന്ന് പ്രസ്ഥാനങ്ങളായി രൂപാന്തരപ്പെടുമ്പോൾ ഇങ്ങനെയാ. കുയിലിന് മുട്ടയിടാൻ കാക്കക്കൂട് വേണം. മുട്ട വിരിഞ്ഞ് പപ്പും തൂവലും വന്നാലോ?

കൊച്ചൻ: ഓർത്തഡോക്സിലെ ഈ വമ്പന്മാർ നമ്മളെ സഹായിക്കുന്നത് എന്തിനാണ്?

അച്ചൻ: വിഭജിച്ചു ഭരിക്കുക എന്ന തന്ത്രം. ഇരുപക്ഷത്തേയും കൂട്ടത്തിൽ നിർത്തുക. നമുക്കും ഗുണമുണ്ട്. ഞാൻ അച്ചനായി. പത്തിരുപതു പേര് മെത്രാന്മാരായി. ഒന്നിച്ചു നിന്നാൽ നമ്മുടെ ശ്രേഷ്ഠ ബാവായ്ക്ക് സ്ഥാനം ലഭിക്കുമോ? നീ നോക്ക്, ടൗണുകളിലെല്ലാം സിനിമാപോസ്റ്ററിനൊപ്പം വടിയും മുടിയും വച്ച തിരുമേനിമാരുടെ സ്വീകരണ പോസ്റ്റർ. ഓർമ്മപ്പെരുനാളിന്റേത് വേറെ. പണ്ടാണെങ്കിൽ തിരുമേനിമാരെ ഈ പേക്കോലം കെട്ടാൻ കിട്ടുമോ?

കൊച്ചൻ: എന്നാ പിന്നെ എന്തിനാ ദിദിമോസ് ബാവായ്ക്ക് നിരോധനം വാങ്ങിയത്?

അച്ചൻ: പണ്ട് കെ. സി. മാമ്മൻമാപ്പിള, സി. എം. സ്റ്റീഫൻ, ഇ. ജോൺ ജേക്കബ് തുടങ്ങിയവരും അതിനു മുമ്പുള്ളവരും തോൾമുണ്ട് അരയിൽ കെട്ടി കാതോലിക്കാബാവായുടെ മുന്നിൽ ഓഛാനിച്ചുനിന്നു. പക്ഷേ മാത്യൂസ് ദ്വിതീയൻ ബാവാ ഇക്കാലത്തെ പ്രമുഖന്മാരുടെ മുമ്പിൽ ഭവ്യത കാട്ടി. "തൊള്ളി കല്പന കൊടുത്തു. അവർ തള്ളിക്കേറി. തള്ളിയിട്ടു." ഭരണം അവരുടെ നിയന്ത്രണത്തിലായി. അപ്രതീക്ഷിതമായി ദിദിമോസ് ബാവാ അധികാരത്തിലെത്തി. അദ്ദേഹം അവന്മാരുടെ മേൽ ചില നിയന്ത്രണത്തിന് ശ്രമിച്ചു. നിരോധനവും മേടിച്ചു. അത്ര മാത്രം.

കൊച്ചൻ: ഇത് അഹങ്കാരവും വഞ്ചനയുമല്ലേ അച്ചാ.

അച്ചൻ: അവർക്ക് സഭയല്ല പ്രശ്നം. അവരവരുടെ പ്രവർത്തനമേഖലയും, ഔന്നത്യവും നിലനിൽപ്പുമാണ്.

കൊച്ചൻ: പണ്ട് വിദേശ പാത്രിക്കീസന്മാർ കാതോലിക്കാബാവായ്ക്കോ സഭയ്ക്കോ ആണ് സമ്മാനങ്ങളും മറ്റും തരിക. പക്ഷേ പി. സി. എബ്രഹാമിന് റഷ്യൻ പാത്രിയർക്കീസ് സമ്മാനം നല്കിയ പടം മനോരമയിൽ കണ്ടില്ലേ?

അച്ചൻ: നമ്മുടെ പാത്രിക്കീസു ബാവാ യൂസഫലിയെവരെ കമാണ്ടറാക്കിയില്ലേ? റഷ്യയിലെ മീറ്റിങ്ങിന് പോയ ഒരച്ചൻ കൊണ്ടുവന്ന ഒരു വലിയ ലോക്കറ്റ്, നമ്മുടെ പുലിക്കോട്ടിൽ തിരുമേനിയുടെ പെരുനാൾ ദിവസം, റഷ്യയിലെ ഒരു തിരുമേനി പണ്ട് അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചതിന്റെ സ്മരണയ്ക്ക് കൊടുത്തുവിട്ടതാണെന്നും പറഞ്ഞ് മിലിത്തിയോസ് മെത്രാച്ചൻ അവറാച്ചായന് നല്കിയിരുന്നു.

കൊച്ചൻ: എന്റെ അച്ചോ, ആ ലോക്കറ്റു തന്നെ ബാവായുടെ വശം കൊടുത്ത് ശതാഭിഷിക്തനായ അവറാച്ചായൻ റഷ്യൻ പാത്രിക്കീസ് ബാവായുടെ ഉപഹാരമായി വാങ്ങി മനോരമയിൽ പടം കൊടുത്തതാ. അവരുടെ പത്രമല്ലേ. ഈ ഓർത്തഡോക്സ്കാരുടെ സ്ഥാനികളെല്ലാം മാധ്യമപ്രിയരാ. പടം ടി. വി. യിൽ വരുമ്പോൾ ഭാര്യമാരെ വിളിച്ച് "ചക്കരേ! നോക്ക് കൈരളിയിൽ ഇപ്പോൾ ഞാനുണ്ട്" എന്നും മറ്റും മൊബൈൽ സന്ദേശം കൊടുക്കും.

അച്ചൻ: അതാ ഞാൻ പറഞ്ഞത്, ഇവരെ പൊക്കിയാൽ മതി സഭയെ പങ്കുവെയ്ക്കണമെങ്കിൽ പങ്ക്, മുഴുവൻ വേണമെങ്കിൽ അങ്ങിനെ. മറ്റു ചിലർക്ക്, അവരുടെ കച്ചവടവും രാഷ്ട്രീയവും മാത്രം.

കൊച്ചൻ: ഈ ലോക്കറ്റ്, ബാവാ വടിയും മുടിയും വച്ച് കൊടുക്കണം എന്നു പറയാനും ക്ഷണിക്കാനും ചെന്നപ്പോൾ ദേവലോകത്ത് അത്മായവേദിക്കാർ ബാവായുടെ മഹാപൗരോഹിത്യ ജൂബിലിക്കാശംസ അർപ്പിക്കുകയായിരുന്നു. അവറാച്ചനിച്ചായനും ആ യോഗത്തിൽ സംബന്ധിച്ചു എന്ന് പിറ്റേന്ന് മനോരമയിൽ ഒഴികെയുള്ള എല്ലാ പത്രത്തിലും വായിച്ചു.

അച്ചൻ: അവറാച്ചായൻ മുപ്പത് വർഷത്തിലധികമായി ഈ സഭയെ മാത്രം 'സേവിച്ചു' കഴിയുന്ന ആളാ. സഭാപരമായി അദ്ദേഹം ബാവായേക്കാൾ മുന്നിലാണ്.

കൊച്ചൻ: എന്താ അച്ചാ അതിനു കാരണം.

അച്ചൻ: 1992 ൽ തെരഞ്ഞെടുത്ത ബാവായുടെ തിരഞ്ഞെടുപ്പ് സാധുവല്ല. പക്ഷേ അതിനു മുമ്പ് തിരഞ്ഞെടുത്ത അവറാച്ചായന്റേത് സാധുവും.

കൊച്ചൻ: ചുമ്മാതിരി അച്ചാ. അങ്ങിനെ എങ്കിൽ മാത്യൂസ് ദ്വിതീയൻ ബാവാ മലങ്കര മെത്രാനാണെന്ന് പറഞ്ഞപ്പം അവറാച്ചായൻ എന്തുകൊണ്ട് വട്ടിപ്പണപ്പലിശ വാങ്ങിയില്ല. അപ്പം അവിടേയും എന്തോ സ്പെല്ലിങ്ങ് തെറ്റിയിട്ടുണ്ട്. അതല്ലെങ്കിൽ അത്മായ പ്രമുഖർക്ക് വേറെ നിയമം ഉണ്ടായിരിക്കും.

അച്ചൻ: എന്തായാലും സുപ്രീംകോടതിയിലെ കേസ്സ് നീട്ടി വച്ചാൽ മതിയായിരുന്നു.

കൊച്ചൻ: അതു സാധിക്കും. നിശ്ചയം.

❑

## സ്വയം ചിന്തിക്കുക

**റോയി മാത്യൂസ് ചിറമേൽ (അസോസിയേഷൻ അംഗം, ചങ്ങനാശേരി)**

ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ ബാവായാകുവാൻ മാർ മക്കാറിയോസ് തിരുമേനിയ്ക്ക് അർഹതയുണ്ടോയെന്ന് തിരുമേനി സ്വയം ചിന്തിക്കണം. നമ്മുടെ കാലം ചെയ്ത ബാവായും ഇപ്പോൾ സ്ഥാനത്തിരിക്കുന്ന ബാവായും ജീവിച്ച ജീവിതശൈലിയിലാണോ മക്കാറിയോസ് തിരുമേനി ജീവിക്കുന്നത്. നമ്മുടെ പരുമലതിരുമേനി മുതലുള്ള പിതാക്കന്മാരിൽ ആരെങ്കിലും സ്ഥിരമായി ഹോട്ടൽ ജീവിതം നയിക്കുന്നവർ ആയിരുന്നോ? എന്നാൽ മക്കാറിയോസ് തിരുമേനി സ്ഥിരമായി ഹോട്ടലുകളിൽ താമസിക്കുന്ന മോഡേൺ രീതിയിൽ ജീവിക്കുന്ന ആളാണ്. ഇങ്ങനെയുള്ള ഒരാളെ പരിശുദ്ധനായി കാണുവാൻ സാധിക്കുമോ? ഇതിനെക്കുറിച്ച് സഭാവിശ്വാസികളും വൈദികരും മനസ്സിലാക്കിയാൽ കൊള്ളാം.

അടുത്തപ്രാവശ്യം ആരാണു കാതോലിക്കായാകേണ്ടത് എന്നുള്ളത് ദൈവഹിതമാണ്. അങ്ങനെയെങ്കിൽ ഇത് ഒരു നറുക്കെടുപ്പിലൂടെ ആക്കുന്നതായിരിക്കും നല്ലത്. കത്തോലിക്കാസഭയിൽ എങ്ങനെ മാർപ്പാപ്പായെ തെരഞ്ഞെടുക്കുന്നുവോ അതുപോലെ തന്നെ വേണം ഓർത്തഡോക്സ് സഭയിൽ ബാവായെ തിരഞ്ഞെടുക്കുവാൻ.

കുറിപ്പ്: *ലേഖകന് ഒരു നോട്ടപ്പിശക് പറ്റിയിട്ടുണ്ട്. റോമൻ കത്തോലിക്കാസഭ മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്നത് നറുക്കെടുപ്പിലൂടെയല്ല. കർദിനാൾമാരുടെ കോൺക്ലേവ് രഹസ്യ ബാലറ്റിലൂടെയാണ്. –പത്രാധിപർ*

# മലങ്കരസഭയിലെ മെത്രാപ്പോലീത്താമാർ

**എം. കുര്യൻ തോമസ്**

സമീപകാലത്ത് മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റവും റിട്ടയർമെന്റും സംബന്ധിച്ച വാദപ്രതിവാദങ്ങളിൽ വിട്ടുപോയ ഒരു സുപ്രധാന വസ്തുതയാണ് മലങ്കരസഭയിലെ മെത്രാപ്പോലീത്താമാരുടെ വൈദീക ശ്രേണിയിലെ സ്ഥാനം. അതീവ ഗൗരവമുള്ള ഈ താത്വിക പ്രശ്നത്തെക്കുറിച്ച് യാതൊരു പരാമർശനവും വർഷങ്ങൾ നീണ്ട ചർച്ചകളിലൊന്നും ഉയർന്നു വന്നില്ല.

പൗരസ്ത്യസഭകളുടെ സഭാശാസ്ത്രമനുസരിച്ച് മേല്പട്ടസ്ഥാനത്തിനു മൂന്നു പദവികളുണ്ട്. അവ യഥാക്രമം കാതോലിക്കാ (പാത്രിയർക്കീസ്), മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ എന്നിവയാണ്. നൽവരം ഒന്നാണെങ്കിലും ഇവയിൽ ഏറ്റവും താഴ്ന്നപടിയിലുള്ള എപ്പിസ്കോപ്പാമാർക്ക് സ്വതന്ത്രമായ യാതൊരു അധികാരവുമില്ല. മെത്രാപ്പോലീത്തായുടെ വ്യക്തമായ നിർദ്ദേശമനുസരിച്ച് മാത്രം പ്രവർത്തിക്കേണ്ട വ്യക്തിയാണ് എപ്പിസ്കോപ്പായെന്ന് ഹൂദായ കാനോനും വ്യക്തമാക്കുന്നുണ്ട്.

ഒന്നിലധികം എപ്പിസ്കോപ്പാമാരുടെ മേലധികാരിയായ മെത്രാപ്പോലീത്തായുടെ അധികാരത്തെപ്പറ്റിയുള്ള കാനോൻ നിയമം വിഭിന്നമാണ്. തങ്ങളുടെ ഭരണാതിർത്തിക്കുള്ളിൽ ഏതാണ്ട് പൂർണ്ണ സ്വതന്ത്രാധികാരം ഹൂദായകാനോൻ മെത്രാപ്പോലീത്താമാർക്ക് നൽകുന്നുണ്ട്. ഇവയിൽ പ്രാദേശിക സുന്നഹദോസുകൾ വിളിച്ചുകൂട്ടുവാനും, അദ്ധ്യക്ഷത വഹിക്കുവാനും, പ്രാദേശിക നിയമങ്ങൾ നിർമ്മിക്കാനും, എപ്പിസ്കോപ്പാമാരെ വാഴിക്കുവാനും, നിയമിക്കുവാനും, സ്ഥലം മാറ്റുവാനുമുള്ള അധികാരം ഉൾപ്പെടുന്നു. തങ്ങളുടെ ഇടവകയ്ക്കു വേണ്ടി വി. മൂറോൻ കൂദാശ ചെയ്യുവാനും മെത്രാപ്പോലീത്തായെ കാനോൻ അധികാരപ്പെടുത്തുന്നു. ഈ അധികാരങ്ങൾ ഒന്നും ഏകപക്ഷീയമല്ല. പൗരസ്ത്യ പാരമ്പര്യപ്രകാരം സുന്നഹദോസിൽ കൂടിയാണ് നിർവഹിക്കേണ്ടതെന്നു മാത്രം.

മലങ്കരസഭയുടെ പാരമ്പര്യപ്രകാരം 19-ാം നൂറ്റാണ്ടു വരെ ഒരു മെത്രാൻ മാത്രമാണുണ്ടായിരുന്നത്. എല്ലാ എപ്പിസ്കോപ്പൽ അധികാരവും മലങ്കര മെത്രാപ്പോലീത്തായിൽ കേന്ദ്രീകരിച്ചിരുന്നു. മലങ്കര പള്ളിയോഗമായിരുന്നു അദ്ദേഹത്തിന്റെ സുന്നഹദോസ്. 1877 ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ഏകപക്ഷീയമായി മലങ്കരസഭയെ ഏഴ് ഇടവകകളായി തിരിക്കുകയും, മലങ്കര മെത്രാപ്പോലീത്തായെ കൂടാതെ ആറ് മെത്രാന്മാരെ കൂടി വാഴിക്കുകയും അവർക്ക് ഇടവക തിരിച്ച് സ്ഥാത്തിക്കോൻ കൊടുക്കുകയും ചെയ്തു.

മലങ്കര മെത്രാപ്പോലീത്തായുടെയും മലങ്കര പള്ളിയോഗത്തിന്റെയും അധികാരങ്ങളെ ഇല്ലായ്മ ചെയ്ത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം മലങ്കരയിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പാത്രിയർക്കീസ് ഈ നടപടിക്കു തുനിഞ്ഞത്. തങ്ങളുടെ ഇടവകയിൽ പൂർണ്ണ അധികാരത്തോടെ ഭരണം നടത്തുവാൻ മെത്രാപ്പോലീത്താമാരായാണ് ഇവരെ വാഴിച്ചത്. സ്ഥാത്തിക്കോനിൽ ഓരോരുത്തരുടെയും ഇടവക വ്യക്തമായി വേർതിരിച്ചു കാണിക്കുകയും ചെയ്തു. ഒരു പ്രാദേശിക എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടാകാതിരിക്കാനുള്ള കരുതൽ നടപടിയായിരുന്നു ഇത്. ഇതേ ഉദ്ദേശ്യത്തോടു കൂടി *ഒരുവൻ മറ്റൊരുവന്റെ ഇടവകയിൽ കടക്കരുതെന്ന്* രേഖാമൂലവും മലങ്കര മെത്രാപ്പോലീത്തായെ അനുസരിക്കരുതെന്ന് വാക്കാലും പാത്രിയർക്കീസ് കർശന നിർദ്ദേശം നൽകി.

എന്നാൽ ഈ വിഭജിച്ചുഭരിക്കൽ നയം ഫലവത്തായില്ല. പാത്രിയർക്കീസ് ഇന്ത്യ വിട്ടു ദിവസങ്ങൾക്കുള്ളിൽ ആറു നവമെത്രാന്മാരെയും തന്റെ മേലധികാരം അംഗീകരിക്കുന്ന നിലയിലെത്തിക്കുന്നതിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ വിജയിച്ചു. ഒറ്റപ്പെട്ട ചില മുറുമുറുപ്പുകൾ ഉണ്ടായെങ്കിലും മലങ്കരമെത്രാൻ എന്ന നിലയിലുള്ള തന്റെ മേലധികാരം നടത്തുന്നതിൽ നിന്നും അവയ്ക്ക് മാർ ദീവന്നാസ്യോസിനെ തടയാൻ സാധിച്ചില്ല.

പക്ഷേ, ഇടവകമെത്രാന്മാരുടെ നിയമനം കൊണ്ടുണ്ടായ നിയമപ്രശ്നം ഈ കീഴടങ്ങൽ കൊണ്ട് അവസാനിച്ചില്ല. ഈ നിയമനങ്ങൾകൊണ്ട് മലങ്കര മെത്രാപ്പോലീത്തായ്ക്ക് പൊതുവിലുള്ള ഭരണാധികാരം നഷ്ടമായി എന്ന് അന്നു നടന്നുകൊണ്ടിരുന്ന കേസിൽ നവീകരണക്കാർ വാദിച്ചു. പാത്രിയർക്കീസിന്റെ കല്പന യഥാർത്ഥത്തിൽ ഈ വാദം ശരിവയ്ക്കുന്നു എങ്കിലും മലങ്കര അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിലുള്ള തിരഞ്ഞെടുപ്പിന്റെയും തന്റെ സ്ഥാത്തിക്കോന്റെയും പിൻബലത്തിൽ മാർ ദീവന്നാസ്യോസ് *മലങ്കര മെത്രാന്റെ മേൽസ്ഥാനവും പൊതുവിനടുത്ത അധികാരവും* നിലനിൽക്കുന്നതായി വാദിച്ചു.

ഈ കേസിൽ പ. പരുമല തിരുമേനി തങ്ങളുടെമേൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് മേലധികാരമുണ്ടെന്നു മൊഴി കൊടുത്തു. ഈ കേസിൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് മേലധികാരം നഷ്ടപ്പെട്ടിട്ടില്ലെന്നു സ്ഥാപിക്കാനായെങ്കിലും ഈ വാദത്തിനാസ്പദമായ നിയമപ്രശ്നം - മലങ്കരയിലെ മെത്രാപ്പോലീത്താമാരുടെ സ്ഥാനം - നിലനിന്നു.

പ. പരുമല തിരുമേനിയുടെ ടി. സാക്ഷിമൊഴിയിൽ ഇതിനു വിശദീകരണം നൽകാൻ ശ്രമിച്ചിട്ടുണ്ട്. ശ്രദ്ധേയമായ നാലു വസ്തുതകളാണ് അദ്ദേഹം എടുത്തു പറയുന്നത്.

1. എല്ലാ ഭദ്രാസനവും മലങ്കര മെത്രാന്റെ കീഴിലാണ്.

2. താൻ ഒരു മെത്രാപ്പോലീത്തായാണ്. എപ്പിസ്കോപ്പായല്ല.

3. ആത്മീയമായി താനും മലങ്കര മെത്രാപ്പോലീത്തായും തുല്യരാണ്.

4.മെത്രാപ്പോലീത്താ എന്ന നിലയിൽ പ്രവർത്തിക്കുന്നതിൽ നിന്നും ഭാഗികമായോ പൂർണമായോ വിലക്കാൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് അവകാശമുണ്ട്.

ഈ മൊഴിയെ വിശകലനം ചെയ്യുമ്പോൾ മെത്രാപ്പോലീത്തായുടെ സ്ഥാനം ആത്മീയം - ലൗകീകം എന്നിങ്ങനെ രണ്ടായി വേർതിരിക്കുന്നതിന്റെ പരോക്ഷ സൂചനകൾ കാണാം. ആത്മീയമായി ഇടവക മെത്രാപ്പോലീത്തായും മലങ്കര മെത്രാപ്പോലീത്തായും തുല്യരാണെന്നു പറയുമ്പോൾത്തന്നെ ലൗകീകമായ മേലധികാരം മലങ്കര മെത്രാപ്പോലീത്തായ്ക്കുണ്ടെന്നു സമ്മതിക്കുന്നു. അതിനാൽ പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനനുസരിച്ചും ഹൂദായകാനോൻ വിഭാവനം ചെയ്യുന്ന അധികാരാവകാശങ്ങളനുസരിച്ചും ഉള്ള മെത്രാപ്പോലീത്താമാരല്ല നവാഭിഷിക്തരായ ആറു പേരും എന്നതാണ് ഈ മൊഴിയുടെ പ്രത്യക്ഷ സൂചന. സൂക്ഷ്മമായ വിശകലനത്തിൽ, ഹൂദായ കാനോൻ എപ്പിസ്കോപ്പാമാർക്കു നൽകിയ അവകാശാധികാരങ്ങൾ മാത്രമാണ് ഈ മൊഴിയനുസരിച്ച് മലങ്കരയിലെ ഇടവക മെത്രാപ്പോലീത്താമാർക്ക് യോജിക്കുക.

മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ വ്യക്തിപ്രഭാവം കൊണ്ടും, 1889-ലെ റോയൽകോടതി വിധി മൂലമുണ്ടായ അനുകൂലസാഹചര്യംകൊണ്ടും ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണങ്ങളിലേക്കു കടക്കാതെ ഭരണം നടത്തുവാൻ സാധിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമി പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമനെ 1912-ൽ നിയമവിരുദ്ധമായി മുടക്കിയതിനെ തുടർന്നുണ്ടായ വ്യവഹാര പരമ്പരകളിൽ ഈ വിഷയത്തിൽ കൂടുതൽ വിശദീകരണം നൽകേണ്ടിവന്നു.

കാനോൻ വിദഗ്ദനായ പ. മാർ ദീവന്നാസ്യോസ് ആറാമൻ ഈ പ്രശ്നത്തിന് കാനോനികമായ ഒരു വിശദീകരണമാണ് നൽകിയത്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം, കാനോനിൽ വിവക്ഷിച്ചിരിക്കുന്ന അധികാരങ്ങൾ ഉള്ള മെത്രാപ്പോലീത്താമാരെ കൂടാതെ *മെത്രാപ്പോലീത്താ* എന്ന ബഹുമാന നാമത്തോടുകൂടിയ എപ്പിസ്കോപ്പാമാരുമുണ്ട്. മലങ്കരയിലെ മെത്രാപ്പോലീത്താമാർ *മെത്രാപ്പോലീത്താ* എന്ന സ്ഥാനനാമമുള്ള എപ്പിസ്കോപ്പാമാർ മാത്രമാണ് (1104 ചിങ്ങം 27 ലെ മൊഴി).

ഇത്തരമൊരവസ്ഥക്ക് ഹൂദായ കാനോനിൽ വ്യക്തമായ ഒരു ഉദാഹരണമുണ്ട്. അന്ത്യോഖ്യൻ സഭയുടെ യേറുശലേം പാത്രിയർക്കീസ് ഭരണപരമായി കൈസറിയായിലെ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു എപ്പിസ്കോപ്പാ മാത്രമാണ്. സ്ഥാനനാമം പാത്രിയർക്കീസ് എന്നാണെങ്കിലും അന്തോഖ്യൻ സഭയിൽ മൂന്നാം സ്ഥാനമുണ്ടെന്നല്ലാതെ പാത്രിയർക്കീസിനടുത്ത സവിശേഷാധികാരമൊന്നും യെറുശലേം പാത്രിയർക്കീസിനു നൽകിയിട്ടില്ല.

*ഏക മെത്രാൻ* എന്ന നിലയിൽ നിന്നും *ബഹു മെത്രാന്മാർ* എന്ന നിലയിലേക്കു മാറുകയും, സ്വന്തമായ ഒരു കാതോലിക്കേറ്റ് സ്ഥാപിക്കുകയും ചെയ്ത് മലങ്കരസഭയ്ക്ക് ഒരു എപ്പിസ്കോപ്പൽ അധികാരശ്രേണി രൂപപ്പെടുത്തുവാൻ മാർ ദീവന്നാസ്യോസ് ആറാമൻ ശ്രമിച്ചു. മലങ്കരമെത്രാൻ സ്ഥാനം കൂടി കാതോലിക്കായിൽ ലയിക്കണമെന്നാഗ്രഹിച്ച അദ്ദേഹം കാതോലിക്കായിൽ കേന്ദ്രീകരിച്ച ഒരു മേല്പട്ടശ്രേണിക്കു രൂപംകൊടുത്തു. അദ്ദേഹം തയാറാക്കി 1932-ൽ പ്രസിദ്ധീകരിച്ച നക്കൽ ഭരണഘടന ഒരു ത്രിതല മേല്പട്ട ശ്രേണിയാണ് മലങ്കരയ്ക്ക് വിഭാവനം ചെയ്തത്.

ടി. ഭരണഘടനയനുസരിച്ച് മലങ്കര സഭയെ മൂന്നു മഹാ ഇടവകകളായി തിരിച്ചു. ഇവയിൽ രണ്ടെണ്ണത്തിന്റെ (അങ്കമാലി, നിരണം) അദ്ധ്യക്ഷന്മാർ മെത്രാപ്പോലീത്താമാരും കോട്ടയത്തിന്റെ അദ്ധ്യക്ഷൻ പൗരസ്ത്യ കാതോലിക്കായുമായിരിക്കും. ഓരോ മഹായിടവകയും നാല് ഇടവകകളായി തിരിക്കുകയും അവയുടെ ഭരണാധികാരികൾ എപ്പിസ്കോപ്പാമാരായിരിക്കുകയും ചെയ്യും. മഹായിടവക മെത്രാപ്പോലീത്താമാർക്ക് പ്രാദേശിക സുന്നഹദോസ് വിളിച്ചുകൂട്ടാനും, എപ്പിസ്കോപ്പാമാരെ വാഴിക്കാനും, വി. മൂറോൻ കൂദാശ ചെയ്യുവാനുള്ള അവകാശങ്ങൾ ഈ ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ, അതത് മഹായിടവകയിൽ വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ ഇവയെപ്പറ്റി തീരുമാനമെടുക്കാൻ പ്രാദേശിക സുന്നഹദോസിന് അധികാരമുണ്ട്. മലങ്കര മെത്രപ്പോലീത്താ എന്ന സ്ഥാനം നിലനിൽക്കുന്നിടത്തോളം മലങ്കരസഭയിൽ അധികാരമുള്ള മറ്റു മെത്രാപ്പോലീത്താമാർ ഉണ്ടാവുകയില്ലെന്ന് ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഭരണഘടന നടപ്പായിരുന്നെങ്കിൽ കാതോലിക്കായെ കൂടാതെ രണ്ടു മെത്രാപ്പോലീത്താമാർ ഹൂദായ കാനോൻ വിവക്ഷിക്കുന്ന സ്ഥാനങ്ങളോടു കൂടി മലങ്കരസഭയിൽ ഉണ്ടാകുമായിരുന്നു.

എന്നാൽ ഈ ഭരണസംവിധാനം മലങ്കരസഭ അംഗീകരിച്ചില്ല. പകരം കാതോലിക്കായിൽ കേന്ദ്രീകൃതമായ മറ്റൊരു സംവിധാനത്തിനാണ് 1934-ൽ പാസാക്കിയ ഭരണഘടന രൂപംകൊടുത്തത്. നിലവിലുള്ള സംവിധാനം പൂർവീകമായ രീതിയിൽ മലങ്കര മെത്രാനിൽ കേന്ദ്രീകൃതമാണ്. കാതോലിക്കാ തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി വഹിക്കണമെന്ന് വ്യവസ്ഥ ചെയ്താണ് 1934-ൽ ഭരണം കാതോലിക്കായിൽ കേന്ദ്രീകരിച്ചത്.

നിലവിലുള്ള ഭരണഘടനപ്രകാരം മലങ്കരയിലെ മെത്രാപ്പോലീത്താമാർക്കും എപ്പിസ്കോപ്പാമാർക്കും ഭരണപരമായി വ്യത്യാസമൊന്നുമില്ല. മലങ്കര മെത്രാപ്പോലീത്താ ചുമതലപ്പെടുത്തുന്നതനുസരിച്ചുമാത്രം ഭദ്രാസന ഇടവകകളെ ഭരിക്കുവാനുള്ള അധികാരമാണ് അവർക്കുള്ളത്. പ്രാദേശിക സുന്നഹദോസ് വിളിച്ചുകൂട്ടുവാനോ മേല്പട്ടസ്ഥാനം കൊടുക്കുവാനോ വി. മൂറോൻ കൂദാശ ചെയ്യുവാനോ അവരെ അധികാരപ്പെടുത്തിയിട്ടില്ല. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ ഈ കാര്യത്തിൽ സ്വന്തമായി തീരുമാനമെടുക്കുവാനും അധികാരമില്ല. ഇടവകഭരണംപോലും മലങ്കര മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലാണ്. ചുരുക്കത്തിൽ, ഇന്നും മലങ്കരയിൽ ഹൂദായ കാനോൻ പ്രകാരമുള്ള ഏക മെത്രാപ്പോലീത്താ, മലങ്കര മെത്രാപ്പോലീത്താ മാത്രമാണ്. കൊല്ലവർഷം 1104-ൽ പ. മാർ ദീവന്നാസ്യോസ് ആറാമൻ വ്യാഖ്യാനിച്ചതുപോലെ *മെത്രാപ്പോലീത്താ എന്ന സ്ഥാനനാമമുള്ള എപ്പിസ്കോപ്പാമാർ* മാത്രമാണ് ഇന്ന് മലങ്കരയിലുള്ള മറ്റു മെത്രാപ്പോലീത്താമാർ.

ഭരണഘടനപ്രകാരം മലങ്കരയിലെ മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നത് സഭയ്ക്കു വേണ്ടിയാണ്. അവരെ വാഴിക്കുന്നതും സഭയ്ക്കു വേണ്ടിയാണ്. നിശ്ചിത വ്യവസ്ഥകളനുസരിച്ച് കാതോലിക്കാ/മലങ്കര മെത്രാപ്പോലീത്താ കല്പന നൽകുമ്പോഴാണ് അവർക്ക് ഇടവക ഭരണം ലഭ്യമാകുന്നത്. അതും സ്വതന്ത്രമല്ലാത്ത - മേൽനോട്ടത്തിനു വിധേയമായ - ഭരണാധികാരം മാത്രം. അതിനാൽ മലങ്കരയിലെ മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റത്തിനു കാനോൻ നിയമപ്രകാരമുള്ള തടസ്സമൊന്നുമില്ല. സഭാഭരണഘടനയിൽ മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റം നിരോധിക്കുന്ന വ്യവസ്ഥകളൊന്നുമില്ല.

മലങ്കരയിലെ മെത്രാപ്പോലീത്താമാർക്ക് സ്ഥലംമാറ്റത്തിനെതിരായി കാനോൻ പ്രകാരമുള്ള മെത്രാപ്പോലീത്താമാരുടെ അധികാരങ്ങൾ (അങ്ങനെയൊന്നുണ്ടെങ്കിൽ) അവകാശപ്പെട്ടുകൂടാ. കാരണം അവർ എപ്പിസ്കോപ്പാമാർ മാത്രമാണ്. എപ്പിസ്കോപ്പാമാരുടെ സ്ഥലംമാറ്റം ഹൂദായ കാനോനു വിരുദ്ധവുമല്ല. ❑

## സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കുകയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹിപ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.

മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.

കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോകയും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.

ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.


## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

**കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 0481 –2432507**
**സാബു വടകര (വൈസ് പ്രസിഡന്റ്) ഫോൺ: 0481 – 2543742, 94474 56969**
**ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 0481 – 2543742, 93876 10283**
**തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 0481 – 2517406, 3957546, 98475 63188**
**കുര്യൻ പി. കുര്യൻ (ട്രഷറർ) ഫോൺ: 93876 05735**
**ജയിംസ് പാമ്പാടി (സെക്രട്ടറി) ഫോൺ: 99471 46865**
**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (സെക്രട്ടറി) ഫോൺ: 0481 – 2463138**
**ബാബു വെട്ടുവേലിൽ (സെക്രട്ടറി) ഫോൺ: 0481 – 2457776**

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDI**

**(Reg. No. K - 713/2005)**

**Post Box No. 652, Kottayam 686 001**

**E-mail: almayavedi@yahoo.co.in**

**Web: www.malankaraorthodoxalmayavedi.org**

**To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to: http://in.groups.yahoo.com/group/MORM/**

# ഒരു വടക്കൻ വീരഗാഥ...

(അഞ്ചാം പേജിൽ നിന്നും)

തിന് വേണ്ടിയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ജില്ലാ നേതൃത്വം ഓർത്തഡോക്സ് സഭയുടെ യഥാർത്ഥ ശക്തി മനസ്സിലാക്കി സഭാംഗങ്ങളെ തന്നെ മത്സരിപ്പിച്ചപ്പോൾ യഥാർത്ഥ ചിത്രം ബോധ്യപ്പെടുകയും അതിലൂടെ സാമൂഹ്യനീതി ഉറപ്പുവരുത്തുകയും ചെയ്തു.

പെരുമ്പാവൂരിൽ രണ്ടാം തവണ വിജയിച്ച സാജു പോൾ യാക്കോബായ സഭാംഗമാണെങ്കിലും സഭയിൽ ഐക്യവും സമാധാനവും ആഗ്രഹിക്കുന്ന വ്യക്തിയും ഓർത്തഡോക്സ് സഭയുടെ അഭ്യുദയകാംക്ഷിയുമാണ്. ദീർഘകാലം ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയംഗമായിരുന്ന പി. ഐ. പൗലോസിന്റെ മകനായ അദ്ദേഹത്തെ ആദ്യ തവണ നിയമസഭയിലെത്തിച്ചത് പതിനായിരം ഓർത്തഡോക്സ് സഭാംഗങ്ങളുടെ വ്യക്തമായ പിന്തുണയായിരുന്നു. ഈ തെരഞ്ഞെടുപ്പിലും സഭാംഗങ്ങളുടെ യു.ഡി.എഫ്. വിരുദ്ധവികാരം അദ്ദേഹത്തിന്റെ വിജയത്തിൽ സാരമായ പങ്കു വഹിച്ചു.

കോതമംഗലത്തെ കേരളാകോൺഗ്രസ്സ് (ജെ) സ്ഥാനാർത്ഥിയും സഭായോജിപ്പ് അനുകൂലിയുമായ റ്റി.യു. കുരുവിളയുടെ വിജയത്തിലും ഓർത്തഡോക്സ് സഭാംഗങ്ങളുടെ നിലപാട് ശ്രദ്ധേയമായി. യാക്കോബായ സഭാനേതൃത്വത്തിന്റെ താല്പര്യപ്രകാരം പലപ്പോഴും ഗ്രൂപ്പ് മാറുകയും സഭാനേതൃത്വത്തിന്റെ പിന്തുണ ഈ തെരഞ്ഞെടുപ്പിൽ ലഭിച്ചിട്ടും യാക്കോബായ സഭയുടെ ശക്തികേന്ദ്രമായ കോതമംഗലത്ത് യു.ഡി. എഫ്. സ്ഥാനാർത്ഥി വി. ജെ. പൗലോസ് പരാജയപ്പെട്ടത് പോത്താനിക്കാട് ഉൾപ്പെടെയുള്ള ഓർത്തഡോക്സ് മേഖലകളിലെ സഭാംഗങ്ങളുടെ നിലപാടു മൂലമാണ്. ആലുവാ സംഭവത്തിൽ ഓർത്തഡോക്സ് നിലപാടിനെതിരെ നിയമസഭയിൽ സബ്മിഷനിലൂടെ പ്രശ്നം അവതരിപ്പിച്ച് യാക്കോബായ സഭാംഗങ്ങളുടെ പിന്തുണ ഉറപ്പാക്കിയപ്പോൾ അത് സീറ്റ് നിലനിർത്താൻ പര്യാപ്തമായില്ല.

കോടതിവിധി നടപ്പാക്കാതെയും സഭയെ അവഗണിച്ചും കണ്യാട്ടുനിരപ്പ്, കാഞ്ഞിരമറ്റം, വടവുകോട്, പിറമാടം, കോലഞ്ചേരി, കടമറ്റം, ഓണക്കൂർ, വരിക്കോലി, കുറിഞ്ഞി, ഊരമന, പുതൃക്ക, മാമലശ്ശേരി, പിറവം, ആട്ടിൻകുന്ന്, വടകര, ഇടയാർ, മുളന്തുരുത്തി, മുളക്കുളം, കണ്ടനാട്, കാരിയേലി, ആലുവാ, പെരുമ്പാവൂർ, പീച്ചാനിക്കാട്, കുന്നയ്ക്കാൽ, കൂത്താട്ടുകുളം, പാങ്ങോട്, ആറൂർ തുടങ്ങി എറണാകുളം ജില്ലയിലെ മുപ്പതോളം ഓർത്തഡോക്സ് ദേവാലയങ്ങളിൽ ഗവൺമെന്റും യാക്കോബായ നേതൃത്വവും ഒരുമിച്ച് ഓർത്തഡോക്സ് സഭയ്ക്കെതിരെ നടത്തിയ നീതിനിഷേധവും, കയ്യേറ്റങ്ങളും, ആക്രമങ്ങളും എല്ലാം യു.ഡി.എഫിന്റെ പരാജയം ഉറപ്പുവരുത്തിയെങ്കിലും സഹായകമായി.

സഭാപ്രശ്നങ്ങളെ തുടർന്ന് രക്തസാക്ഷികളായ കടമറ്റത്തെ ഓനാൻകുഞ്ഞിനെയും, പെരുമ്പാവൂരിലെ കുര്യാക്കോസിനെയും, സഭയുടെ നെടുംതൂണായിരുന്ന റ്റി. എം. വർഗീസിനേയും നമ്മുടെ സഭാപ്രമാണിമാർ മറന്നു കാണും. എന്നാൽ സഭയെ നട്ടവനും നനച്ചവനുമായ വലിയവനായ ദൈവം അവരെ മറന്നിട്ടില്ലായെന്നത് സഭാംഗങ്ങളായ മൂന്നു ജനപ്രതിനിധികളിൽക്കൂടി പ്രതീകാത്മകമായി നമ്മെ മനസ്സിലാക്കുന്നു.

വടക്കൻ ഭദ്രാസനങ്ങളിൽ നമ്മുടെ വൈദികരും ജനങ്ങളും അക്രമികളുടെ പീഡനങ്ങൾക്ക് ഇരയാകുമ്പോൾ ഒരു വാക്ക് പ്രതികരിക്കാതെ സ്വന്തം നേട്ടങ്ങൾ മാത്രം മനസ്സിൽ കൊണ്ടു നടക്കുന്ന കുരുടന്മാരായ വഴികാട്ടികൾക്ക് ഇതൊന്നും മനസ്സിലാവുകയില്ല. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് മണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിച്ച തൃശൂർ ഭദ്രാസനാംഗമായ സി.പി.ഐ. യിലെ ജോസ് ബേബിയുടെ വിജയം സഭയ്ക്ക് അഭിമാനകരമായി.

എന്നാൽ ശക്തമെന്ന് നമ്മൾ വിശേഷിപ്പിക്കുന്ന കോട്ടയം മുതൽ തിരുവനന്തപുരം വരെയുള്ള തെക്കൻ മേഖലയിൽ വേണ്ടത്ര സഭാംഗങ്ങളെ വിജയിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞില്ലായെന്നത് വ്യക്തമാണ്.

യാക്കോബായ സഭാംഗങ്ങളുടെ പൂർണ്ണമായ എതിർപ്പും ഒരു ഭാഗം കത്തോലിക്കാ വോട്ടുകളുടെ നഷ്ടവും സംഭവിച്ചിട്ടും സഭാംഗമായ മുഖ്യമന്ത്രിയുടെ പുതുപ്പള്ളിയിലെ വിജയം ഭൂരിപക്ഷം വർദ്ധിച്ചതു മൂലം ശ്രദ്ധേയമായി. അദ്ദേഹത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ സഭാനേതൃത്വത്തിൽ നിന്നും സഭാംഗങ്ങളിൽ നിന്നും പിന്തുണ ലഭിച്ചു. 35000 ലേറെ ഓർത്തഡോക്സ് വോട്ടുകൾ ഒന്നായി അദ്ദേഹത്തിന് ലഭിച്ചത് മൂലം അദ്ദേഹത്തിന്റെ ഭൂരിപക്ഷം വർദ്ധിച്ചു.

കല്ലൂപ്പാറയിൽ മുൻ മാനേജിംഗ് കമ്മറ്റി അംഗവും കൂടിയായ ജോസഫ് എം. പുതുശേരിയുടെ വിജയം ശ്രദ്ധേയമായി. സഭയോട് കൂറും വീറുമുള്ള അദ്ദേഹം നിയമസഭയിൽ പോലും പരസ്യമായി സഭയ്ക്ക് അനുകൂലമായ നിലപാടുകൾ എടുത്തിട്ടുണ്ട് എന്നത് അദ്ദേഹത്തിന്റെ സഭയോടുള്ള ആത്മാർത്ഥത വ്യക്തമാക്കുന്നു.

തെക്കൻ മേഖലയിൽ ശക്തമായ ജനപിന്തുണ നമുക്കുണ്ടായിട്ടും വേണ്ടത്ര പരിഗണന ലഭിയ്ക്കാതെ പോകുന്നതിൽ നമ്മുടെ സഭാനേതൃത്വത്തിനും, ഭദ്രാസനനേതൃത്വങ്ങൾക്കും പങ്കുണ്ട്. പലരേയും ജാതിമതചിന്തകൾക്ക് അതീതമായി സഹായിക്കാൻ നമ്മൾ ശക്തമായ നിലപാടുകൾ എടുക്കുമ്പോൾ സഭയ്ക്ക് അവകാശപ്പെട്ടതുപോലും ചോദിച്ച് വാങ്ങുവാൻ നമുക്ക് കഴിയുന്നില്ല എന്നത് ഖേദകരമാണ്. അടുത്ത തെരഞ്ഞെടുപ്പിൽ എങ്കിലും ഈ നിലപാടിന് ഒരു മാറ്റം വരുവാൻ നാം ശ്രദ്ധിക്കണം.

തെക്കൻ ജില്ലകളിലെ പല നിയോജകമണ്ഡലങ്ങളും യു.ഡി.എഫിന് നഷ്ടപ്പെട്ടതിന്റെ കാരണങ്ങളിലൊന്ന് സഭാംഗങ്ങളുടെ വിരുദ്ധവികാരമാണ്. കാലംചെയ്ത പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി ഭരണത്തിലിരുന്ന അവസാന നാലു വർഷവും തിരുമേനിയ്ക്ക് അവഗണനയും നീതി നിഷേധങ്ങളും മാത്രമാണ് ലഭിച്ചത്. പല യോഗങ്ങളിലും തിരുമേനി വളരെ വേദനയോടെ ഇത് പ്രസ്താവിക്കുമായിരുന്നു. ആ പരിശുദ്ധ പിതാവിന്റെ കബറടക്കത്തിന് സംസ്ഥാന ബഹുമതി നല്കിയതുകൊണ്ട് മാത്രം അദ്ദേഹം അനുഭവിച്ച ക്ലേശങ്ങൾക്ക് പരിഹാരമാകുന്നില്ല. ആ അവഗണന സഭാംഗങ്ങൾ ക്ഷമിച്ചില്ലായെന്നത് അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന മേഖലയായിരുന്ന കൊല്ലം ജില്ലയിലെ തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു. ഒരൊറ്റ കോൺഗ്രസ്സ് സ്ഥാനാർത്ഥിയും കൊല്ലം ജില്ലയിൽ വിജയിച്ചില്ലാ എന്നത് ഇതിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

ഈ തെരഞ്ഞെടുപ്പിൽ വടക്കൻ ഭദ്രാസനങ്ങളിൽ പ്രകടമായ ഐക്യവും ആവേശവും സഭാ ഐക്യത്തിലേയ്ക്ക് വഴിതെളിക്കട്ടെ എന്ന് നമുക്ക് ആശിക്കാം. ഐക്യത്തിലൂടെ കൂടുതൽ നേട്ടങ്ങൾ നമുക്ക് നേടിയെടുക്കുവാൻ നിശ്ചയമായും സാധിക്കും.

ഈ തെരഞ്ഞെടുപ്പ് ഫലങ്ങൾ സഭയിലും ഒരു നവോത്ഥാനത്തിന് വഴി തെളിക്കട്ടെ എന്ന് ആശിക്കുന്നു. സ്വസ്നേഹികളും സ്വാർത്ഥമതികളും സഭയോടും ദൈവത്തോടും യാതൊരു കൂറുമില്ലാത്ത ഒരു ന്യൂനപക്ഷം നമ്മുടെ അധികാരശ്രേണികൾ ഒക്കെ കയ്യടക്കി വെച്ചിരിക്കുന്നത് പൗരാണികസഭയ്ക്ക് നല്ലതല്ല.

അമേരിക്കയിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തി കോടികൾക്ക് ആരോപണവിധേയനായ വൈദികശ്രേഷ്ഠൻ രണ്ട് പാർശ്വവർത്തികളോടൊപ്പം പ. കാതോലിക്കാബാവായ്ക്കും ട്രസ്റ്റികൾക്കും സുന്നഹദോസ് സെക്രട്ടറിയ്ക്കുമെതിരെ എറണാകുളം ജില്ലാ കോടതിയെ സമീപിച്ചിരിക്കുന്നത് നീതി തേടാനോ നീതികേട് കാണിക്കുവാനോ എന്ന് സ്വയം ചിന്തിക്കട്ടെ.

സഭയുടെ പൊതുനേട്ടത്തിനു വേണ്ടി പ്രവർത്തിക്കാതെ സ്വയം സ്ഥാനങ്ങൾ നേടിയെടുക്കാൻ ഈ തെരഞ്ഞെടുപ്പിൽ പോലും ശ്രമിച്ച് എ.കെ.ജി. സെന്ററിൽ നിന്നും ഒരാഴ്ചയോളം ഫോൺ കാത്തുനിന്ന സഭാസെക്രട്ടറിയും, ഒരിക്കൽപോലും സഭയുടെ പ്രശ്നങ്ങൾക്കും നീതി നിഷേധങ്ങൾക്കുമെതിരേ വായ് തുറക്കാതെ തികഞ്ഞ സ്ഥാനമോഹിയായ സഭാ ട്രസ്റ്റിയും അപ്പോസ്തോലികവും പൗരാണികവുമായ മലങ്കരസഭയുടെ അമരക്കാരായി തുടരുന്നത് ഉചിതമാണോയെന്ന് സ്വയം വിലയിരുത്തട്ടെ.

സഭാ വിരുദ്ധന്മാരുമായി ചേർന്ന് ട്രസ്റ്റുകളുണ്ടാക്കി പ്രൊഫഷണൽ കോളജുകൾ ആരംഭിച്ച് അതിൽ നിന്നും ലഭിക്കുന്ന കോഴമുതൽ വീതം വെയ്ക്കുമ്പോൾ ലഭിയ്ക്കുന്ന സന്തോഷം കൊണ്ട് മാതൃസഭയെ ഒറ്റിക്കൊടുക്കുന്ന മുൻ മാനേജിംഗ് കമ്മറ്റി അംഗം മലങ്കരസഭാനൗകയെ കൊച്ചിയുടെ തീരത്ത് കോട്ടാൻ ശ്രമിച്ചാൽ വഞ്ചി തിരുനക്കര തന്നെ കിടക്കും എന്ന് അല്പകാലം കൊണ്ട് മനസ്സിലാക്കും.

പരിശുദ്ധരും നിർമ്മലമാനസരുമായ പിതാക്കന്മാർ അഹോരാത്രം കഷ്ടപ്പെട്ട് സ്വരൂപിച്ച സഭയ്ക്ക് മാത്രം അവകാശപ്പെട്ട സ്വത്തുക്കൾ പൂർവ്വികസ്വത്ത് പോലെ കയ്യിൽ വെച്ച് അനർഹമായി അനുഭവിക്കുന്ന വൈദികരും ഉന്നതസ്ഥാനീയരും ഭവനത്തിൽ ഒളിപ്പിച്ചിരിക്കുന്നത് അഗ്നിപർവ്വതമാണെന്നു മനസ്സിലാക്കാൻ വലിയ വേദശാസ്ത്ര പരിജ്ഞാനത്തിന്റെ പിൻബലം ആവശ്യമില്ല. അവർ തങ്ങളുടെ പാപഭാരം ഒഴിവാക്കി തങ്ങളെത്തന്നെ നിർമ്മലമാക്കട്ടെ.

സഭയുടെ വളർച്ചയോ സഭാജനങ്ങളുടെ ക്ഷേമമോ ഒന്നും പ്രശ്നമല്ലാതെ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി മാത്രം സഭയുടെ കമ്മറ്റികളിൽ കയറിക്കൂടുന്ന ചിലർക്ക് മാനേജിംഗ് കമ്മറ്റിയും വർക്കിംഗ് കമ്മറ്റിയുമൊക്കെ 'അങ്കവും കാണാം താളിയും പറിക്കാം. പിന്നെ നല്ല ശാപ്പാടും' എന്ന മട്ടിലാണ്. യോഗങ്ങളിൽ പരമാവധി കലഹം ഉണ്ടാക്കി തീരുമാനങ്ങൾ ഒന്നും എടുപ്പിക്കാതെ അവർ സ്ഥലം വിടും. അവർ തങ്ങളുടെ താവളങ്ങളിലേയ്ക്ക് മടങ്ങട്ടെ.

സുപ്രീംകോടതിയിലും മറ്റും നടക്കുന്ന സഭാകേസുകളിൽ കേസുകളുടെ വാദത്തിന്റെ ദിനങ്ങൾ ദേവലോകത്ത് വന്ന് കൃത്യമായി അറിയിച്ച് ലക്ഷക്കണക്കിന് രൂപാ വാങ്ങി അന്നേദിവസം കോടതിയിൽ ഹാജരാകാത്ത സഭാസ്നേഹികളായ വക്കീലന്മാർക്ക് പാവപ്പെട്ട സഭാജനങ്ങളെ കബളിപ്പിക്കാൻ കഴിയുമെങ്കിലും ദൈവത്തിന്റെ കോടതിയിൽ നിശ്ചയമായും കണക്കു ബോധിപ്പിക്കേണ്ടി വരും എന്ന് ഓർമ്മിപ്പിക്കട്ടെ (ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിലും ഇതാവർത്തിച്ചു).

സഭയുടെ നേതൃത്വത്തിൽ നടക്കുന്ന തെറ്റുകളും കുറവുകളും ചൂണ്ടിക്കാണിക്കുന്ന വൈദികരേയും അത്മായരെയും പ്രസ്ഥാനങ്ങളേയും പ്രസിദ്ധീകരണങ്ങളേയും സഭാവിരുദ്ധരെന്ന് ചിത്രീകരിച്ച് അവർക്ക് നീതി നിഷേധിക്കുന്നവർക്ക് ഈ തെരഞ്ഞെടുപ്പ് ഒരു പാഠമാകട്ടെ.

സുപ്രീംകോടതിവിധിയെ തുടർന്ന് ദൈവഹിതം മനസ്സിലാക്കി പ്രതിസന്ധികളെ വകവെയ്ക്കാതെ സഭായോജിപ്പിന് തയ്യാറായ അഭിവന്ദ്യ തിരുമേനിമാരേയും, വൈദികരേയും, ജനങ്ങളേയും പൂർണ്ണമായി ഉൾക്കൊള്ളാതെ അവർക്കെതിരെ നിരന്തരം വാളോങ്ങുന്ന സഭയിലെ തീർത്തും ന്യൂനപക്ഷമായ ചില അച്ചായന്മാരും കൊച്ചമ്മമാരും അച്ചന്മാരും കഴിഞ്ഞ 35 വർഷത്തെ തിരഞ്ഞെടുപ്പ് ഫലങ്ങൾ സ്വയം വിലയിരുത്തട്ടെ. വടക്കൻ ഭദ്രാസനങ്ങളിൽ സഭയും സഭാജനങ്ങളും സഭാസ്നേഹികളും ഉണ്ടെന്ന് ഇനിയെങ്കിലും അവർ അംഗീകരിക്കുക.

ആരോപണങ്ങൾക്കും സംശയങ്ങൾക്കും വിധേയമായ നമ്മുടെ കോട്ടയം വൈദിക സെമിനാരി ഫാക്കൽറ്റി അംഗങ്ങളുടെ സംയുക്ത പ്രസ്താവന കൊണ്ടു മാത്രം അതിന്റെ സംശയങ്ങൾ ദൂരികരിക്കുന്നില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളെ അവിടെ പഠനത്തിന് അയക്കുവാൻ പോലും മാതാപിതാക്കൾ മടിക്കും. പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ നടത്താതെ പരിശുദ്ധ സുന്നഹദോസും, സഭാനേതൃത്വവും അടിയന്തിര നടപടികൾ സ്വീകരിക്കട്ടെ. അവിടെനിന്നും പഠിച്ചിറങ്ങുന്ന വൈദികരിലൂടെ മാത്രമേ അതിന്റെ നിലവാരം സഭാജനങ്ങൾക്ക് ബോധ്യമാവുകയുള്ളൂ. നിർഭാഗ്യവശാൽ ഇന്ന് അവിടെനിന്നും പഠനം പൂർത്തിയാക്കുന്ന ഒരു ന്യൂനപക്ഷമെങ്കിലും ഇത് ദൈവദത്തമായ ഒരു ദൗത്യത്തേക്കാൾ സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി മാത്രമുള്ള ഒരു സംവിധാനമാക്കി പ്രവർത്തിയ്ക്കുമ്പോൾ സഭാജനങ്ങൾ സഭയോട് അകലുകയും മറ്റു മേഖലയിലേയ്ക്ക് ചേക്കേറുകയും ചെയ്യുന്നത് സ്വാഭാവികം. സഭയുടെ പരമോന്നതസമിതിയായ നുന്നഹദോസ് മൂന്നു ദിവസം ചർച്ച ചെയ്ത് എടുത്ത സഭയ്ക്കും സമൂഹത്തിനും ഗുണകരമായ തീരുമാനങ്ങൾ തങ്ങളുടെ രാഷ്ട്രീയ നേട്ടങ്ങൾക്ക് കോട്ടം വരുത്തുമോ എന്ന ഭയം നിമിത്തം പരസ്യമായി യോഗം സംഘടിപ്പിച്ച് മാതൃസഭയെ പൊതുജനമദ്ധ്യത്തിൽ അവഹേളിക്കുന്നവർക്ക് ലഭിക്കുന്നത് അംഗുലീപരിമിതങ്ങളായ ശ്രോതാക്കളുടെ കയ്യടിയും ചില പത്രത്താളുകളിൽ ലഭിക്കുന്ന അമിത വാർത്താപ്രാധാന്യവുമാണ്.

കഴിഞ്ഞ തിരുവല്ലാ ഉപതെരഞ്ഞെടുപ്പ് സമയത്ത് ദേവലോകത്ത് വന്ന് അന്നത്തെ പ. കാതോലിക്കാബാവായെ സന്ദർശിച്ച് രഹസ്യങ്ങൾ മനസ്സിലാക്കി നേരെ കോതമംഗലം സീനായ് മലയിൽ പോയി ശ്രേഷ്ടകരം മുത്തി വിവരങ്ങൾ കൈമാറി അടിയന്തിര തീരുമാനങ്ങൾ എടുപ്പിച്ച (വി.ജെ. പൗലോസ് എം. എൽ.എ.യെ കരുണാകരപക്ഷത്തു നിന്നു ഔദ്യോഗികപക്ഷത്തേയ്ക്ക് മാറ്റി) ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ ചില രാഷ്ട്രീയ തീരുമാനങ്ങൾ അട്ടിമറിച്ച 'തികഞ്ഞ സഭാസ്നേഹി'യായ മുൻ സഭാ സെക്രട്ടറി മാപ്പർഹിക്കുന്നില്ല. കോതമംഗലത്തേയും തിരുവല്ലായിലേയും തിരഞ്ഞെടുപ്പുഫലം അദ്ദേഹം പലവുരു വിലയിരുത്തട്ടെ. കൂറുമാറിയ കോതമംഗലം എം.എൽ.എ.യും കൂറുകാട്ടിയ തിരുവല്ലായിൽ പരാജയപ്പെട്ടത് വാഗ്ദാനം ലഭിക്കാതെ പോയ ഓർത്തഡോക്സുകാരുടെ വികാര പ്രകടനത്താലാണ്. അധികാരത്തിന്റെ ഇറച്ചികഷ്ണങ്ങൾ പ്രതീക്ഷിച്ച് മാതൃസഭയെ ഒറ്റിക്കൊടുത്ത് വിജയശ്രീലാളിതരാവുന്നവർക്ക് ഇതുവരെ എച്ചിൽകഷണം പോലും കിട്ടിയില്ലായെന്നത് മറ്റൊരു യാഥാർത്ഥ്യം.

ആത്മീയസഭയുടെ പടിഞ്ഞാറേകരയിൽ നിന്നുകൊണ്ടു കിഴക്കേകരയിൽ നിൽക്കുന്ന ദൈവത്തിന്റെ സ്ഥാനപതിയായ പ. ബാവാ തിരുമേനിക്കെതിരെ മുൻ ജീവനക്കാരെക്കൊണ്ട് വ്യാജകേസുകൾ കൊടുക്കുന്നവർ കിഴക്കേകരയിൽ എത്തണമെങ്കിൽ ക്രൂശിലേയ്ക്ക് പലവട്ടം നോക്കേണ്ടി വരും. മലങ്കര ദൈവത്തിന്റെ സഭയാണ്. ദൈവത്തിന്റെ നിശ്ചയപ്രകാരം ഇതു നട്ടു. ഇതിനെ കാലാകാലങ്ങളിൽ നനച്ചതും വളർത്തിയതും വലിയവനായ ദൈവം തന്നെ. ഇനിയും ഇതിനെ മുന്നോട്ടു നയിക്കുവാൻ ദൈവത്തിനു കഴിയും. അകത്തുനിന്നോ പുറത്തുനിന്നോ ഇതിനെ തകർക്കുവാൻ ഒരു ശക്തിക്കും കഴിയുകയില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളും നേതാക്കളും വരും, പോകും. കാലം പിന്നെ അവരെ ഓർക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ മണവാട്ടിയായ സഭയ്ക്ക് ഒരു പോറൽ പോലും വരുത്തുവാൻ മണവാളനായ ദൈവം സമ്മതിക്കുകയില്ല. സഭയെ വഞ്ചിക്കുന്നവർ, കർത്താവായ യേശുവിന്റെ കൂടെയുണ്ടായിരുന്ന ചെറിയ ശിഷ്യസമൂഹത്തിൽ പോലും ഉണ്ടായിരുന്നു. അത് ഇന്നും തുടരുന്നു. പക്ഷേ കാലാകാലങ്ങളിൽ അവർ മാറ്റപ്പെടും. വേദപുസ്തകം സാക്ഷിക്കുന്നതുപോലെ നന്മ ചെയ്യുന്നവൻ കൂടുതൽ നന്മ ചെയ്യട്ടെ. അനീതി പ്രവർത്തിക്കുന്നവർ കൂടുതൽ അനീതി പ്രവർത്തിക്കട്ടെ. കൊയ്ത്തിന്റെ കാലമാകുമ്പോൾ യജമാനനായ ദൈവം കതിരും കളയും വേർതിരിച്ച് ന്യായം വിധിക്കട്ടെ.

"വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ
ഹാലേലൂയ്യാ.
ദോഷികളെ മെതിച്ചീടും നിൻ നാമത്തിൽ
വൈരികളിൽനിന്നും കാത്ത ഞങ്ങളെ നീ
ഹാലേലൂയ്യാ
ശത്രുക്കളെ ലജ്ജിപ്പിച്ചു, ബാറെക്മോർ."

## അൽമായവേദിയുടെ വെബ്സൈറ്റും ന്യൂസ് ബുള്ളറ്റിനും ആരംഭിച്ചു

അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിച്ചു. സൈറ്റിന്റെ വിലാസം: www.malankaraorthodoxalmayavedi.org

'അൽമായവേദി' മാസികയും പുതുതായി ആരംഭിച്ച അൽമായവേദി ന്യൂസ് ബുള്ളറ്റിനും (വെബ് എഡീഷൻ മാത്രം) ഈ സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്ത് വായിക്കാവുന്നതാണ്. അൽമായവേദിയുടെ വെബ് സംബന്ധമായ കാര്യങ്ങളുടെയും മലങ്കര ഓർത്തഡോക്സ് നവോത്ഥാനപ്രസ്ഥാനം എന്ന ഇ മെയിൽ ഗ്രൂപ്പിന്റെയും കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്ന ജോയ്സ് തോട്ടയ്ക്കാടാണ് ന്യൂസ് ബുള്ളറ്റിന്റെ എഡിറ്റർ.

മലങ്കരസഭയെക്കുറിച്ചും സഭാപിതാക്കന്മാരെപ്പറ്റിയുമുള്ള വിവരങ്ങളും, സഭയിലെ പ്രമുഖ എഴുത്തുകാരുടെയും ചരിത്രകാരന്മാരുടെയും രചനകളും സൈറ്റിൽ ലഭ്യമാണ്. മലങ്കരസഭയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സൈറ്റ് വിപുലീകരിക്കാൻ ആഗ്രഹിക്കുന്നു. സഭയിലെ എല്ലാ പള്ളികളുടെയും ഫോട്ടോയും ചരിത്രവും ഉൾക്കൊള്ളിക്കുവാനും, മെത്രാപ്പോലീത്താമാരുടെയും പുരോഹിതരുടെയും ശെമ്മാശന്മാരുടെയും, വിവിധ രംഗങ്ങളിൽ പ്രശസ്തരായ സഭാംഗങ്ങളായ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരുടെയും ജീവചരിത്രകുറിപ്പുകൾ ഉൾക്കൊള്ളിക്കുവാനും പരിശ്രമിക്കുന്നു. വിവരങ്ങൾ ഉൾക്കൊള്ളിക്കുവാൻ ആഗ്രഹിക്കുന്നവർ അത്മായവേദി ജനറൽ സെക്രട്ടറിയുമായോ വെബ് കോ-ഓർഡിനേറ്റർ ജോയ്സ് തോട്ടയ്ക്കാടുമായോ ബന്ധപ്പെടുക. **ഫോൺ (ജോയ്സ് തോട്ടയ്ക്കാട്): 0481 3255054, 99471 20697**

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
Almayavedi: Printed and Published by K. V.Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi, PB No. 652, Kottayam - 686001,
printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil